
# അൽഹഖ്

ഹിജ്റത് 1392 | റ. ആഖർ – റജബ് 1434 | മേടം – ഇടവം 1188

VOL :21
ISSUE: 05

ALHAQ
MAY 2013



ദൈവിക പാശത്തെ മുറുകെ പിടിക്കുക

◆

ആ താരതമ്യം ശരിയല്ല

◆

ബൈഅത്തിന്റെ കടമകൾ നിറവേറ്റുക

◆

പരീക്ഷണങ്ങളിൽ പരിഭ്രമിക്കരുത്

◆

ഖിലാഫത്തിനെ മുറുകെ പിടിക്കുക

◆

ബയ്അത്തിന്റെ അനിവാര്യതയും തത്വവും

◆

പ്രാർഥനാനിരതരാകുക

◆

ഖിലാഫത്ത് വ്യവസ്ഥിതി



## ഈ ഖിലാഫത്ത്
## ഖിയാമത്ത് വരെ നിലനിൽക്കും

**ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

തിരുനബി(സ) ഹ. മസീഹ് മൗഊദ് (അ) നു ശേഷമുള്ള ഖിലാഫത്ത് എന്നെന്നേക്കുമുള്ളതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അത് ഹദീസിൽ നിന്ന് വ്യക്തവുമാണ്.


**ഹ. ഹുദൈഫ(റ) നിവേദനം ചെയ്യുന്നു: നബി(സ) പറഞ്ഞു, അല്ലാഹു ഇച്ഛരിക്കുവോളം നിങ്ങളിൽ നുബുവ്വത്ത് നിലനിൽക്കും.................................... പിന്നെ നുബുവ്വത്തിന്റെ മാർഗത്തിൽ ഖിലാഫത്ത് സ്ഥാപിതമാകും. തുടർന്ന് നബി(സ) മൗനം ദീക്ഷിച്ചു. (മിശ്കാത്ത്)**

ഈ വീണ്ടും സ്ഥാപിതമാകുന്നത് ഹ. മസീഹ് മൗഊദ് (അ) മുഖേനയാണ്. തുടർന്നുള്ള മൗനം വ്യക്തമാക്കുന്നത്, ഹ. മസീഹ് മൗഊദ് (അ) നു ശേഷം ആരംഭിക്കുന്ന ഖിലാഫത്ത് എന്നെന്നും നിലനിൽക്കുമെന്നാണ്. ഇത് അല്ലാഹുവിന്റെ വിധിയാകുന്നു. ഈ ദൈവ വിധിയെ മാറ്റാൻ ഒരു ഫിത്നക്കാരനും വ്യക്തിക്കും ശക്തിയില്ല. ഈ രണ്ടാം ദിവ്യശക്തി അഥവാ ഖിലാഫത്ത് നിലനിൽക്കുക തന്നെ ചെയ്യും

*(ഖുത്ബ 27/05/2005)*

ചരിത്രം

ഇഷ്



# ഒന്നാം ഖലീഫയെ തിരഞ്ഞെടുത്ത അറിയിപ്പ്



**ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വഫാത്തിനെ തുടർന്ന് ഹ. നൂറുദ്ദീൻ സാഹിബ് (റ) ജമാഅത്തിന്റെ ഏകകൺഠമായ അഭിപ്രായത്തിൽ ഖലീഫത്തുൽ മസീഹ് ആയി തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഒരു വിളംബരം ഖാജാ കമാലുദ്ദീൻ സാഹിബ് ബദർ, അൽഹക്കം പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു.**

" ആ മഹാനുഭാവന്റെ (**ഹ. മസീഹ് മൗഊദ്** (അ)ന്റെ) **ഒസ്യത്ത്** (അൽവസിയ്യത്ത് പുസ്തകത്തിൽ രേഖപ്പെടുത്തിയത്) പ്രകാരം സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഖാദിയാനിൽ ഉണ്ടായിരുന്ന ഉത്തരവാദിത്വപ്പെട്ടവരും **ഹ. മസീഹ് മൗഊദ്** (അ)ന്റെ ബന്ധുക്കളും **ഹ.ഉമ്മുൽ മുഅ്മിനീന്റെ** അനുവാദത്തോടു കൂടി ഇവിടെ കൂടിയ എല്ലാവരും (അവരുടെ എണ്ണം 1200ആണ്.) **ഹദ്റത് ഹാജി ഹറമയ്ൻ ശരീഫയ്ൻ**, ജനാബ് **ഹകീമുൽ ഉമ്മത്ത് നൂറുദ്ദീൻ സാഹിബ്** (സല്ലമഹൂ)നെ ഹുദൂർ (അ)ന്റെ പ്രതിനിധിയും ഖലീഫയുമായി സ്വീകരിച്ചിരിക്കുകയും അദ്ദേഹത്തിന്റെ കയ്യിൽ ബയ്അത്ത് ചെയ്യുകയുമുണ്ടായി.

ഈ കത്ത് അറിയിപ്പ് എന്ന നിലയിൽ ജമാഅത്തിലെ അംഗങ്ങൾക്ക് വേണ്ടി എഴുതുകയാണ്. ഇത് വായിച്ചവർ ഉടൻ തന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് വൽ മഹ്ദിയുടെ തിരുസവിധത്തിൽ നേരിട്ടോ എഴുത്ത് മുഖേനയോ ബയ്അത്ത് ചെയ്യേണ്ടതാണ്.

*(ഈ വിളംബരത്തോടൊപ്പം ഖാജാ സാഹിബ് ബയ്അത്ത് വാചകങ്ങളും രേഖപ്പെടുത്തിയിരുന്നു.)*

## അഞ്ചുമന്റെ ഉത്തരവാദിത്വപ്പെട്ടവരിൽ താഴെ പറയുന്നവർ ഉൾപ്പെടുന്നു:


- മൗലാനാ ഹദ്റത്ത് മൗലവി സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ്,
- സാഹിബ് സാദാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്,
- ജനാബ് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ്,
- ശേഖ് റഹ്മത്തുല്ലാഹ് സാഹിബ്,
- മൗലവി മുഹമ്മദ് അലി സാഹിബ്,
- ഡോ. മിർസാ യഅ്ഖൂബ് ബേഗ് സാഹിബ്,
- ഡോ. സയ്യിദ് മുഹമ്മദ് ഹുസൈൻ സാഹിബ്,
- ഖലീഫ റശീദുദ്ദീൻ സാഹിബ്,
- വിനീതൻ (ഖാജാ കമാലുദ്ദീൻ)



മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്




നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ്



ഖലീഫ റശീദുദ്ദീൻ സാഹിബ്



മൗലവി മുഹമ്മദ് അലി സാഹിബ്




ഖാജാ കമാലുദ്ദീൻ സാഹിബ്

തഫ്സീർ

ഹ.ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)



وَاعْتَصِمُوْا بِحَبْلِ اللّٰهِ جَمِيْعًا وَّلَا تَفَرَّقُوْا

വി.ഖു 3:104



# ദൈവിക പാശത്തെ മുറുകെ പിടിക്കുക

അഭിപ്രായ വ്യത്യാസത്തിന്റെ സമയത്ത്, പ്രവാചകന്മാരോടുള്ള സ്നേഹമാണ് അഭിപ്രായ വ്യത്യാസത്തേക്കാളും എഴുന്നുനിൽക്കുക. അതു കാരണം തഖ്‌വ ഉണ്ടാവുകയും അത് ഫിത്നകളിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്യുന്നു. ഹ.അബൂബക്കർ(റ) ന്റെ കൈകളിൽ ഒരുമിച്ച് ചേർത്തതിലും തിരുനബിയോടുള്ള അനുരക്തി പ്രകടമായിരുന്നു. തിരുനബിയുടെ വിയോഗം വളരെ ആഴത്തിലുള്ള വേദനയായിരുന്നു. ഒരു ഭാഗത്ത് ഫിത്‌ന തലപൊക്കുന്നു. ആ സമയത്ത്, ആ നിമിഷങ്ങളിൽ വിശ്വാസിക്ക് അഭിപ്രായ വ്യത്യാസങ്ങളെക്കുറിച്ച് ചിന്തിക്കാൻ പോലും സാദ്ധ്യമല്ല. ഹ.അബൂബക്കർ(റ)ന്റെ ഏകകണ്ഠമായ തിരഞ്ഞെടുപ്പിൽ തിരുനബി(സ) യോടുള്ള സ്നേഹം തന്നെയായിരുന്നു പ്രവർത്തനക്ഷമമായത്. ആ അനുഗ്രഹം തന്നെയാണ് മുസ്ലിംകളെ വീണ്ടും ഫിത്നയിൽ നിന്ന് രക്ഷിച്ചത്. അതേപോലെ തന്നെ ഹ.മസീഹ് മൗഊദ്(അ) ന്റെ വിയോഗത്തിൽ ഉടൻ തന്നെ മുഴുവൻ ജമാഅത്തും ഒരു കൈയിൽ ഒരുമിച്ചു കൂടി. അവിടേയും ഹ. മസീഹ് മൗഊദ് (അ) നോടുള്ള സ്നേഹമായിരുന്നു അതിന് പിന്നിൽ പ്രവർത്തിച്ചത്. ഈ അനുഗ്രഹം തന്നെയാണ് മുസ്‌ലിംകളുടെ സംരക്ഷണത്തിനും മുഅ്മിനീംകളെ ഫിത്നയിൽ നിന്ന് രക്ഷിക്കാനും പ്രയോജനപ്പെട്ടത്......................... ....... ...........

അഹ്മദിയ്യ ജമാഅത്ത് എപ്പോഴും ഒരു കാര്യം മനസ്സിലാക്കേണ്ടത്, ഇവിടെ ശക്തി ചെലുത്തിയിട്ടുള്ള ഐക്യം യഥാർഥത്തിൽ വിശ്വാസത്തിന്റെ ലക്ഷണമാണ്. അത് ദൈവിക പാശവുമായി ഒട്ടിച്ചേർന്ന് നിൽക്കുന്നതിന്റെ ബാഹ്യ അടയാളമാണ്. അല്ലെങ്കിൽ ആർക്കും താൻ അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിച്ചിട്ടുണ്ടെന്നും അതിൽ നിന്ന് അകന്നിട്ടില്ലെന്നും പറയാവുന്നതാണല്ലോ. എല്ലാ ഓരോരുത്തരും തങ്ങളുടെ ഈ വാദത്തിൽ സത്യസന്ധരാണെങ്കിൽ അത്തരം ജമാഅത്തിൽ പിന്നെ ഒരു ഭിന്നതയും ഉണ്ടാകുവാൻ സാദ്ധ്യമേ അല്ല.

ദൈവിക പാശത്തിലുള്ള കൈ ദുർബലമാവുകയും പിടുത്തം അയയുകയും ചെയ്യുമ്പോൾ മനുഷ്യൻ തെന്നിത്തുടങ്ങുന്നു. തുടർന്ന് ഭിന്നതയുടെ മാർഗങ്ങൾ ഉണ്ടായിത്തുടങ്ങുന്നു.

ഞാൻ ഉറച്ച് വിശ്വസിക്കുന്നത് തിരുനബി (സ) നു ശേഷം ഖിലാഫത്തെ റാശിദ തന്നെയായിരുന്നു ഹബ്ലുല്ലാഹ് അഥവാ ദൈവിക പാശം. നിർഭാഗ്യവശാൽ ചില ആളുകൾ ഹബ്ലുല്ലാഹ് നോട് ദൗർബല്യം കാട്ടിത്തുടങ്ങിയപ്പൊഴാണ് എല്ലാ ഫിത്നയും ഉടലെടുത്തത്...................

നിങ്ങൾ ശക്തമായി ഖിലാഫത്തിന്റെ പാശത്തെ മുറുകെപ്പിടിക്കുക. ഒരു കാരണവശാലും ഈ പാശത്തിൽ നിന്ന് അകലരുത്...... ... ................ തിരുനബി(സ)ന്റെ ദാസ്യത്വവും അവിടുത്തെ അനുഗ്രഹവും കാരണം എല്ലാ പ്രശ്നങ്ങളും തീരുന്നതാണ്. അതേ ബന്ധം ഖിലാഫത്തുമായി ഉണ്ടാക്കുക. നുബുവ്വത്ത് പഠിപ്പിക്കുകയും അനുഗ്രഹിച്ചരുളുകയും ചെയ്ത ബന്ധം. ഖിലാഫത്ത് പഠിപ്പിക്കുകയോ നൽകുകയൊ ചെയ്യുന്നില്ല. നുബുവ്വത്തിന്റെ അനുഗ്രഹമാണ് ലഭിക്കുന്നത്. ആ അനുഗ്രഹം തന്നെയാണ് മുഴുവൻ ജമാഅത്തിലും പൊതുവായി കിട്ടുന്നത് .................. .........

ഐക്യത്തോടെ കഴിയണമെങ്കിൽ ഏക ഉമ്മത്തായി മാറണമെങ്കിൽ ഈ നൂറ്റാണ്ടിൽ ലോകത്തെ മുഴുവൻ ഏക ഉമ്മത്താക്കി മാറ്റണമെങ്കിൽ നിങ്ങൾ സഹാബാക്കൾ ആദ്യ ഹബ്ലുല്ലാഹ് യെ മുറുകെപ്പിടിച്ചതു പോലെ ഈ ഹബ്ലുല്ലാഹ് യെ മുറുകെ പ്പിടിക്കുവിൻ. ആദ്യത്തെ ഹബ്ലുല്ലാഹ് അകന്നു പോകുന്നതായിരുന്നു. എന്നാൽ പിന്നീടു വരുന്ന ഹബ്ലുല്ലാഹ്‌യെ ക്കുറിച്ച് പ്രവചന ങ്ങൾ ചെയ്യപ്പെട്ടിട്ടുണ്ട്. ഈ പ്രവചനത്തെ ഹ.മസീഹ് മൗഊദ് (അ) ഖുദ്റത്തെ സാനിയ എന്ന നിലക്കാണ് അവതരിപ്പിച്ചിട്ടുള്ളത് .......

................ ചുരുക്കത്തിൽ ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്, ഞാനാണെങ്കിലും എനിക്ക് ശേഷം മറ്റാര് ഖലീഫ ആയാലും അവരോട് കുടുംബനാഥനോടുള്ള പോലത്തെ ബന്ധം സ്ഥാപിക്കുവിൻ. ഒന്നും തന്റെതല്ല, അദ്ദേഹത്തിന്റേതാണെന്ന് മനസ്സിലാക്കുമ്പോൾ, അദ്ദേഹത്തിന്റെ തീരുമാനങ്ങളേയും ആ ദൃഷ്ടിയിൽ കാണുന്നതാണ്.

അങ്ങിനെയായാൽ പിന്നെ ജമാഅത്തിൽ ഒരു ഭിന്നതയും ഉണ്ടാകുന്നതല്ല.........

ഇത് സംബന്ധിച്ച രണ്ടാമത്തെ ഉപദേശം ഇതാണ്, വ്യക്തിപരമായ അഭിപ്രായ വ്യത്യാസങ്ങളെ ജമാഅത്തിലേക്ക് കൊണ്ടു വരരുത്. ഇത് വളരെ ഭയാനകമായ സ്വഭാവമാണ്.......

നിങ്ങൾക്ക് വേണ്ടി സ്ഥായിയാക്കപ്പെട്ട ഈ ദൈവിക പാശമായ ഖിലാഫത്തിനോടുള്ള കൂറിന്റെ പ്രതിജ്ഞ പുതുക്കിക്കൊണ്ടിരിക്കുക. ഹ. മസീഹ് മൗഊദ് (അ) പറയുന്നു; അല്ലാഹു എന്നോട് വാഗ്ദാനം ചെയ്തിരിക്കുന്നു, ഖിയാമത്ത് വരെ ഈ പാശം ഉണ്ടായിരിക്കുന്നതാണ്.

(ഖുത്ബ 26/05/1989)

സമ്പാ: എ.അത്വിയ

## അൽ ഇമാമു ജുന്നത്തുൻ യുഖാത്തിലു മിൻ വറാ ഇഹീ

(ഹദീസ്)

**ഇമാം പരിചയാണ്. അതിനു പിന്നിൽ നിന്നാണ് അടരാടേണ്ടത്.**

# ഹ. അബൂബക്കർ(റ)ന്റെ ഉത്തരവാദിത്വബോധം

ഹ. അബൂബക്കർ (റ) പറയുന്നു: ജനങ്ങളേ! ഞാനൊരിക്കലും അമീർ ആകാൻ ആഗ്രഹിച്ചിട്ടില്ല. അമീർ ആകാൻ ഒരിക്കലും അല്ലാഹുവിനോട് ദു:ആ ചെയ്തിട്ടുമില്ല.

അമീർ ആയതിൽ എനിക്ക് യാതൊരു സന്തോഷവുമില്ല. മറിച്ച് ഇത് എനിക്കൊരു ഭാരമാണ്, അത് വഹിക്കാനുള്ള ശക്തി എനിക്കില്ല.

അല്ലാഹുവിന്റെ സഹായമില്ലാതെ ഈ ഭാരം വഹിക്കാൻ സാധ്യവുമല്ല. ഏതായിരുന്നാലും ഞാൻ നിങ്ങളുടെ അമീർ ആക്കപ്പെട്ടിരിക്കുകയാണ്. ഞാൻ നിങ്ങളെക്കാളും ഉത്തമനൊന്നുമല്ല. ഞാൻ ശരിയായ രീതിയിൽ പ്രവർത്തിക്കുമ്പോൾ നിങ്ങൾ എന്നെ സഹായിക്കുക. ഞാൻ തെറ്റായി എന്തെങ്കിലും ചെയ്താൽ എന്നോട് പറയുക. സത്യം പറയുന്നതും വിശ്വസ്തതയാണ്. കളവു പറയുന്നതാകട്ടെ വിശ്വാസ വഞ്ചനയുമാണ്. ഏതുവരെ ഞാൻ ഒരാൾക്ക് അയാളുടെ അവകാശം നേടിക്കൊടുക്കുന്നില്ലയോ അതുവരെ നിങ്ങളിലെ ആ ദുർബലനാണ് എന്റെ വീക്ഷണത്തിൽ ബലവാൻ. ഏതുവരെ ഒരാളിൽ നിന്ന് മറ്റൊരാളുടെ അവകാശം ഞാൻ വാങ്ങിക്കൊടുക്കുന്നില്ലയോ അതുവരെ ആ ബലവാൻ എന്റെ വീക്ഷണത്തിൽ ദുർബലനാണ്.

*(അവ: ഹ. അബൂബക്കർ(റ) By മിർസാ ഗുലാം അഹ്മദ് എം.എ)*

# ഹ. അലി(റ) ന്റെ അവസാന ഉപദേശം

അല്ലാഹുവിനെ ഭയപ്പെടാൻ ഞാൻ നിങ്ങളോട് വസിയ്യത്ത് ചെയ്യുകയാണ്. ഭൗതികതയുടെ പിന്നാലെ അലയരുത്. ഭൗതികത നമുക്ക് കിട്ടിയില്ലെങ്കിലും ശരി. നിങ്ങളിൽ നിന്ന് എന്തെങ്കിലും തിരിച്ചെടുത്താൽ അതിൽ വ്യസനിക്കരുത്. എപ്പോഴും സത്യം പറയുക. അനാഥരോട് കരുണ കാണിക്കുക. ബുദ്ധിമുട്ടിലകപ്പെട്ടവരെ സഹായിക്കുക. ആഖിറത്തിലേക്കുള്ള തയ്യാറെടുപ്പിൽ നിരതരാവുക. മർദ്ദകന്റെ ശത്രുവും മർദ്ദിതന്റെ സഹായിയുമാവുക.

അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ എല്ലാ കൽപ്പനകളും പ്രാവർത്തികമാക്കുക. ദീനീകാര്യത്തിൽ ആരുടെയും ആക്ഷേപത്തിൽ പരിഭ്രമിക്കരുത്. അല്ലാഹുവിനെ ഭയപ്പെടുക. നമസ്കാരങ്ങൾ സമയത്ത് അനുഷ്ഠിക്കുക. സക്കാത്ത് അതിന്റെ ശരിയായ സ്ഥലത്തു തന്നെ ചിലവഴിക്കുക.

ശരിയായ രീതിയിൽ വുളു അനുഷ്ഠിക്കുക. കാരണം വുളു കൂടാതെ നമസ്കാരം ശരിയാകുന്നതല്ല. എപ്പോഴും തെറ്റുകൾക്ക് പൊറുക്കലിനെ തേടേണ്ടതാണ്. കോപം അടക്കുക. ചാർച്ചക്കാരോട് നല്ല നിലയിൽ വർത്തിക്കുക. പാമരന്മാരുടെ തെറ്റുകൾ ക്ഷമിക്കുക. ദീനീവിജ്ഞാനം ആർജിച്ചുകൊണ്ടിരിക്കുക. എല്ലാ കാര്യത്തിലും സ്ഥൈര്യം കാണിക്കുക. വിശുദ്ധഖുർആനെ അനുധാവനം ചെയ്യുക. അയൽക്കാരോട് നല്ല നിലയിൽ പെരുമാറുക. നന്മയെക്കുറിച്ച് ഉപദേശിച്ചു കൊണ്ടിരിക്കുക. തിന്മയെ എപ്പോഴും തടയുക. സ്വയവും തിന്മയിൽ നിന്ന് അകന്നിരിക്കുക.

*(അവ: ഹ. അലി (റ) By ബി.എ.റഫീഖ് & എം.മുജീബ് അസ്ഗർ)*

# ഹ.ഉമർ(റ)ന്റെ ദൈവഭയം

ഒരിക്കൽ ഹ.ഉമർ(റ) കിടക്കുകയായിരുന്നു. നല്ല പോലെ പരിഭ്രമിക്കുന്നുണ്ടായിരുന്നു. ഒരാൾ ചോദിച്ചു, അമീറുൽ മുഅ്മിനീൻ, അങ്ങേക്ക് അസുഖം വല്ലതുമുണ്ടോ? ഹ. ഉമർ(റ) പറഞ്ഞു: എനിക്ക് അസുഖമായിരുന്നെങ്കിൽ എത്ര നന്നായേനെ, പക്ഷേ എനിക്കുള്ള ഭയം, ഞാൻ എന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ അലംഭാവം കാണിച്ചിട്ടുണ്ടോ എന്നതിനെക്കുറിച്ചാണ്. അല്ലാഹുവിന്റെ കണക്കെടുപ്പിനെക്കുറിച്ചാണ് ഞാൻ പേടിക്കുന്നത്. ഉമറേ! നിന്റെ ഭരണ സമയത്ത് എത്രയോ പേർ പട്ടിണി കിടക്കുമ്പോൾ നിന്റെ വയർ നിറഞ്ഞിരുന്നില്ലേ, എത്രയോ ആൾക്ക് ഉടുക്കാൻ വസ്ത്രമില്ലാതിരുന്നപ്പോൾ നീ വസ്ത്രവിഭൂഷിതനായിരുന്നില്ലേ? തുടങ്ങി അല്ലാഹുവിന്റെ കണക്കെടുപ്പിനെ ക്കുറിച്ചാണ് ഞാൻ പേടിക്കുന്നത്. അവൻ എന്നോട് ഇറാഖിൽ കൊല്ലപ്പെട്ട ആടിനെക്കുറിച്ചും ചോദിക്കാനിടയുണ്ട്. മിസ്റിലുണ്ടായ അക്രമത്തെക്കുറിച്ചും ചോദിച്ചേക്കാം. ഞാൻ നരകത്തിന്റെ തീയ്യിനേയും ഭയപ്പെടുന്നു. എനിക്കാണെങ്കിൽ ഈ ലോകത്തുള്ള പ്രയാസങ്ങൾ തന്നെ സഹിക്കാൻ കഴിയുന്നില്ല. എന്നിരിക്കെ ആഖിറത്തിലേത് എങ്ങിനെ സഹിക്കാൻ കഴിയും?

*(അവ: ഹ. ഉമർ (റ) by മിർസാ ഫരീദ് അഹ്മദ്)*

# ഹ.ഉസ്മാൻ(റ)ന്റെ ആദ്യത്തെ പ്രഭാഷണം

ജനങ്ങളേ! അല്ലാഹുവിനെ ഭയപ്പെടുവിൻ. സമ്പത്തിന്റേയും സന്തതികളുടേയും ഫിത്നകളിൽ അകപ്പെടുന്നതിൽ നിന്ന് സ്വയം സുരക്ഷിതരാവുക. അല്ലാഹു പറഞ്ഞപോലെ ഭൗതികലോകവും അതിന്റെ സമ്പത്തും സൗകര്യങ്ങളും കളിതമാശയും ഭംഗിയും പരസ്പരം മേന്മ നടിക്കലും മാത്രമാണ്.

ഓർക്കുക, സമ്പത്തിന്റേയും സന്തതികളുടേയും ആധിക്യം തരിശു ഭൂമിയിൽ പെയ്യുന്ന മഴ പോലെയാണ്. അത് മുഖേന പച്ചളിപ്പ് ഉണ്ടാകുന്നു. അതിൽ അവിശ്വാസികൾ സന്തോഷിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്നു. പിന്നെ ഒരു ശക്തമായ കാറ്റ് വരുമ്പോൾ ആ തോട്ടങ്ങളെ നശിപ്പിക്കുകയും അതിന്റെ പൊറ്റിയെ കാറ്റത്ത് പറത്തുകയും ചെയ്യുന്നു.


ആഖിറത്തിൽ അല്ലാഹുവിന്റെ ശക്തമായ ശിക്ഷയും രക്ഷയും അനുഗ്രഹവുമുണ്ട്. ഭൗതിക ജീവിതമാകട്ടെ, വെറും മിഥ്യാഭിമാനം മാത്രമാണ്. ഈ ലോകത്ത് ഉത്തമനായ മനുഷ്യൻ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നവനും അവനിൽ ശരണം പ്രാപിക്കുന്നവനും അല്ലാഹുവിനേയും അവന്റെ ഗ്രന്ഥത്തേയും മുറുകെപ്പിടിക്കുന്നവനുമാണ്.

ജനങ്ങളേ! നിങ്ങൾക്ക് മാർഗദർശനം നൽകാനുള്ള പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ് എന്നിൽ അർപ്പിതമായിരിക്കുന്നത്. ഈ ജോലിയിൽ ഞാൻ അല്ലാഹുവിന്റെ സഹായം മാത്രമാണ് കാംക്ഷിക്കുന്നത്. നന്മക്കുള്ള സൗഭാഗ്യവും അല്ലാഹുവിൽ നിന്നാണ് ലഭിക്കുന്നത്. ഞാൻ അവനോടു തന്നെ അതിനുള്ള തൗഫീഖ് അർഥിക്കുന്നു. അവനിലാണ് എന്റെ പ്രതീക്ഷകൾ, അവനിലേക്ക് തന്നെയാണ് ഞാൻ മടങ്ങുന്നതും.

*(ഹ.ഉസ്മാൻ(റ) By മഹ്മൂദ് മുജീബ് അസ്ഗർ)*




ഹദ്റത്ത് മിര്‍സാ ബശീറുദ്ദീന്‍ മഹ്മൂദ് അഹ്മദ് (റ)



# മാ കാനത്ത് നുബുവ്വത്തുന്‍ ഖത്തു ഇല്ലാ തബിഅത്ത്ഹാ ഖിലാഫ:

അല്ലാഹു പറയുന്നത് ഖിലാഫത്തില്‍ നിങ്ങളുടെ വിശ്വാസം നിലനില്‍ക്കുകയും ഖിലാഫത്ത് നില നിര്‍ത്തുന്നതിന് നിങ്ങളുടെ പരിശ്രമം തുടരുകയും ചെയ്യുന്നിടത്തോളം എന്റെ വാഗ്ദാനം നിങ്ങളില്‍ (അതായത് വിശ്വാസികളുടെ, നിങ്ങളുടെ ജമാഅത്തില്‍) ഞാന്‍ ഖലീഫയെ ഉണ്ടാക്കുന്നതാണ്.

ഇതേക്കുറിച്ച് നബി (സ) ഉം വ്യക്തമാക്കിയിട്ടുണ്ട്.

നബി(സ) പറയുന്നു ; *മാ കാനത്ത് നുബുവ്വത്തുന്‍ ഖത്തു ഇല്ലാ തബിഅത്ത്ഹാ ഖിലാഫ: ( ജാമി ഉ സ്വഗീര്‍ ലിസ്യൂയൂത്തി)* അതായത് എല്ലാ നുബുവ്വത്തിനു ശേഷവും ഖിലാഫത്ത് ഉണ്ടായിട്ടുണ്ട്. എനിക്ക് ശേഷവും ഖിലാഫത്ത് ഉണ്ടാകും. അതിനു ശേഷം അക്രമ, മര്‍ദ്ദക ഭരണകൂടങ്ങള്‍ വരും. അതായത് അന്യസമുദായങ്ങള്‍ വന്ന് മുസ്‌ലീംകളെ ഭരിക്കും. അവര്‍ മുസ്‌ലീംകളില്‍ നിന്ന് ഭരണം പിടിച്ചെടുക്കും. അതിനു ശേഷം പറഞ്ഞു, തുടര്‍ന്ന് നുബുവ്വത്തിന്റെ മാര്‍ഗ്ഗത്തില്‍ ഖിലാഫത്ത് ഉണ്ടാകുന്നതാണ്. അതായത് നബിമാര്‍ക്ക് ശേഷമുണ്ടാകുന്ന ഖിലാഫത്ത് വീണ്ടും ഉണ്ടാകുന്നതാണ്.

(മിശ്കാത്ത്)

നബിമാര്‍ക്ക് ശേഷമുള്ള ഖിലാഫത്തിനെ കുറിച്ച് വിശുദ്ധ ഖുര്‍ആനില്‍ രണ്ടു സ്ഥലത്ത് പറഞ്ഞിട്ടുണ്ട്. അല്ലാഹു ഹദ്റത്ത് മൂസാ(അ) നു ശേഷം ബനീ ഇസ്രാഈലില്‍ ചിലരെ മൂസാ നബിയെ അനുദാവനം ചെയ്യുന്ന നബിമാരാക്കുകയുണ്ടായി. മറ്റു ചിലര്‍ക്ക് രാജാധികാരവും നല്‍കി. അങ്ങിനെയാണ് ബനീ ഇസ്രാഈലില്‍ ഖിലാഫത്തുണ്ടായത്. നബിയും രാജാവും ആക്കുന്നത് അല്ലാഹുവിന്റെ പ്രവര്‍ത്തിയാണ്. നമ്മുടെ കഴിവില്‍ പെട്ടതല്ല.

ഖിലാഫത്തിന്റെ മൂന്നാമത്തെ രൂപം അല്ലാഹു ജനങ്ങളെ കൊണ്ട് ജോലിയെടുപ്പിക്കുന്നു എന്നതാണ്. അത് നമ്മുടെ പരിധിയില്‍ വരുന്നതുമാണ്. ക്രിസ്ത്യാനികള്‍ അതിനുവേണ്ടി തിരഞ്ഞെടുപ്പ് നടത്താറുണ്ട്. തങ്ങളില്‍ നിന്നുള്ള ഒരാളെ മതത്തിന്റെ വലിയ നേതാവാക്കുന്നു. അതിനുള്ള പേര്‍ പോപ്പ് എന്നാണ് വച്ചിരിക്കുന്നത്. പോപ്പും പോപ്പിന്റെ അനുയായികളും വ്യതിചലിച്ചിരിക്കേ എന്തുകൊണ്ട് ഇവിടെ സദൃശ്യപ്പെടുത്തി എന്നു ആശങ്കപ്പെടേണ്ടതില്ല. അല്ലാഹു വിശുദ്ധഖുര്‍ആനില്‍ വ്യക്തമായും പറയുന്നു,

كَمَا اسْتَخْلَفَ الَّذِينَ مِن قَبْلِهِمْ (24:56)

മുമ്പുള്ളവരെ ഖലീഫമാരാക്കിയതു പോലെ നിങ്ങളിലും ഞാന്‍ ഖലീഫമാരെ ഉണ്ടാക്കുന്നതാണ്. അതായത് മൂസ(അ) ശൃംഖലയില്‍ ഞാന്‍ ഖിലാഫത്ത് ഉണ്ടാക്കിയിരുന്നു. അതു പോലെ നിങ്ങളിലും മൂസവി ശൃംഖലയുമായി സാദൃശ്യമുള്ള ഭാഗം അതായത് ഖിലാഫത്ത് ഉണ്ടാക്കുന്നതാണ്. മുഹമ്മദ് റസൂലുല്ലാഹ്(സ) ന്റെ ഭരണം നേരിട്ടായിരിക്കും. പിന്നെ മസീഹ് മൗഊദ്(അ) ന്റെ കാലം വരുമ്പോള്‍ അത് ഈസ (അ) ന്റെ ഖിലാഫത്ത് ശൃംഖല പോലെ നിങ്ങള്‍ക്കുള്ളില്‍ ഞാന്‍ അത് നടപ്പില്‍ വരുത്തുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, മൂസവീ ശൃംഖലയില്‍ മസീഹ് വന്നിരുന്നു. മുഹമ്മദീ ശൃംഖലയിലും മസീഹ് വന്നു. പക്ഷെ മുഹമ്മദീ ശൃംഖലയിലെ മസീഹ് ആദ്യത്തെ മസീഹിനേക്കാള്‍ ശ്രേഷ്ഠനാണ്. അതുകൊണ്ട് തന്നെ അവര്‍ ചെയ്ത തെറ്റുകള്‍ അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ മുഹമ്മദീ മസീഹ് ചെയ്യുന്നതല്ല. അവര്‍ അല്ലാഹുവിനെ മറന്നു. മാത്രമല്ല ഒരു ദുര്‍ബലനായ മനുഷ്യനെ ദൈവപുത്രനാക്കി പൂജിക്കാനും തുടങ്ങി. എന്നാല്‍ മുഹമ്മദീ മസീഹ് തന്റെ ജമാഅത്തിന് ശിര്‍ക്കിനെതിരെ ശക്തമായ അദ്ധ്യാപനങ്ങളാണ് നല്‍കിയിരിക്കുന്നത്. മാത്രമല്ല വിശുദ്ധഖുര്‍ആനും പറയുന്നു, നിങ്ങള്‍ ഖിലാഫത്ത് ആഗ്രഹിക്കുന്നുവെങ്കില്‍ ഒരിക്കലും ശിര്‍ക്ക് ചെയ്യരുത്. എന്റെ സ്വച്ഛമായ ഇബാദത്തില്‍ എപ്പോഴും നിലകൊള്ളേണ്ടതാണ്.

അതാണ് يَعْبُدُونَنِي لَا يُشْرِكُونَ بِي شَيْئًا എന്നതില്‍ സൂചിപ്പിച്ചിട്ടുള്ളത്. ചുരുക്കത്തില്‍ ജമാഅത്ത് ഇതില്‍ നിലനില്‍ക്കുവോളം ആ അനുഗ്രഹവും ലഭിക്കുന്നവരായിരിക്കും. ഇതിലുള്ള മറ്റൊരു സംഗതി വിശുദ്ധഖുര്‍ആന്‍ ശിര്‍ക്കിനെതിരെ നല്‍കിയിട്ടുള്ള അദ്ധ്യാപനത്തിന്റെ ആയിരത്തിലൊരംശം പോലും ഇഞ്ചീലില്‍ കാണാന്‍ കഴിയുകയില്ല. അതേപോലെ തന്നെ ശിര്‍ക്കിനെതിരെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്‍കിയ അദ്ധ്യാപനം ഹദ്റത്ത് ഈസ(അ) ന്റെ ഇന്നത്തെ അദ്ധ്യാപനങ്ങളില്‍ കാണുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നുണ്ടായ ഇല്‍ഹാമുകളിലും ഈ അദ്ധ്യാപനം കാണാം. ഒരു ഇല്‍ഹാം ഇപ്രകാരമാണ്. *ഖുദു ത്തൗഹീദ യാ അബ്നാ അല്‍ ഫാരിസ്*(തദ്കിറ) അല്ലയോ മസീഹ് മൗഊദ്, അദ്ദേഹത്തിന്റെ മക്കളേ! തൗഹീദിനെ എപ്പോഴും നിലനിര്‍ത്തുക.

തൗഹീദിനെ സംബന്ധിച്ച് അല്ലാഹു ഈ ജമാഅത്തില്‍ ശക്തി ചെലുത്തിയത് കാണുമ്പോഴും ഖുര്‍ആനിക അദ്ധ്യാപനങ്ങളില്‍ പരിചിന്തനം നടത്തുമ്പോഴും ദൃഢമായും മനസ്സിലാകുന്നത് അല്ലാഹു തന്റെ അനുഗ്രഹത്താല്‍ സമ്പൂര്‍ണ്ണ തൗഹീദ് അഹ്മദികളില്‍ നിലനിര്‍ത്തുമെന്നാണ്. തല്‍ഫലമായി ഖിലാഫത്തും അവര്‍ക്കുള്ളില്‍ നിലനില്‍ക്കുന്നതാണ്. ആ ഖിലാഫത്താകട്ടെ ഇസ്‌ലാമിന്റെ സേവകരുമായിരിക്കും. ഈസാ മസീഹിന്റെ ഖിലാഫത്തിനെ പോലെ അവര്‍ സ്വയം തങ്ങളുടെ മതത്തെ തകര്‍ക്കുന്നവരായിരിക്കില്ല.

വിശുദ്ധഖുര്‍ആന്‍ പറയുന്നത് ഖലീഫമാര്‍ ഉണ്ടാകുമെന്നാണ്. നബി(സ) പറയുന്നു, എനിക്ക് ശേഷം ഖലീഫമാര്‍ ഉണ്ടാകും. തുടര്‍ന്ന് സ്വേച്ഛാധിപതികള്‍ വരും. പിന്നെ മര്‍ദ്ദക ഭരണകൂടങ്ങള്‍ ആയിരിക്കും. അതിനുശേഷം നുബുവ്വത്തിന്റെ മാര്‍ഗ്ഗത്തില്‍ ഖിലാഫത്ത് ഉണ്ടാകുന്നതാണ്.

(മിശ്കാത്ത്)

വിശുദ്ധഖുര്‍ആന്റെയും തിരുനബി(സ)ന്റെ സുന്നത്തിന്റേയും വെളിച്ചത്തില്‍ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്‍ വസിയത്തില്‍ പറയുന്നു ; പ്രിയപ്പെട്ടവരെ , അല്ലാഹുവിന്റെ വളരെ പണ്ടേയുള്ള നടപടിക്രമം രണ്ട് ഖുദ്റത്തുകള്‍ വെളിപ്പെടുത്തുക എന്നുള്ളതാണ്. അങ്ങിനെ എതിരാളികളുടെ രണ്ട് തെറ്റായ സന്തോഷങ്ങളെ നിര്‍വീര്യമാക്കി കാണിക്കുന്നു, ആയതിനാല്‍ ഇപ്പോള്‍ അവന്‍ തന്റെ ഈ പുരാതനസുന്നത്തിനെ ഒഴിവാക്കുക സാധ്യമല്ല. ആയതിനാല്‍ ഞാന്‍ നിങ്ങളോട് പറഞ്ഞ ഈ കാര്യത്തില്‍ നിങ്ങള്‍ ദു:ഖിതരാകരുത്. നിങ്ങളുടെ ഹൃദയം പരിഭ്രമിക്കുകയുമരുത്. കാരണം രണ്ടാം ഖുദ്റത്ത് കാണേണ്ടതും നിങ്ങള്‍ക്ക് അനിവാര്യമാണ്. അതിന്റെ ആഗമനം നിങ്ങള്‍ക്ക് ഗുണകരമാണ്. എന്തുകൊണ്ടെന്നാല്‍ അത് എന്നെന്നും നിലനില്‍ക്കുന്നതാണ്. അതിന്റെ ശൃംഖല ഖിയാമത്ത് വരേയും മുറിക്കപ്പെടുന്നതല്ല. (അല്‍ വസിയത്ത്)

അതായത് നിങ്ങള്‍ ശരിയായ പാതയില്‍ ചരിക്കുകയാണെങ്കില്‍ അല്ലാഹു എന്നോട് വാഗ്ദാനം ചെയ്തത് രണ്ടാം ഖുദ്റത്ത് അതായത് ഖിലാഫത്ത് നിങ്ങള്‍ക്കുള്ളില്‍ വരികയും അത് ഖിയാമത്ത് വരേയും മുറിയന്നതല്ല എന്നുമാണ്.

**(ഖിലാഫത്തെ ഹഖ ഇസ്‌ലാമിയ)**

*സമ്പാ : അബൂസ്വബാഹ്.*

**അൽഹഖ്**
വാർത്താപത്രിക
2013 മെയ്
പുസ്തകം 21 ലക്കം 5


## യുഗനാദം
ഹദ്റത് അഹ്മദ്(അ)



# ഖിലാഫത്ത് അജയ്യ ദുർഗം

ഹ.ഹുദൈഫ (റ), നബി തിരുമേനി(സ) നോട് ഫിത്നകളേയും ഫസാദുകളേയും കുറിച്ച് അന്വേഷിക്കുകയായിരുന്നു. നബി(സ) പറഞ്ഞു: അത് സമുദ്രത്തിലെ തിരമാലകൾ കണക്കെ ശക്തമായിരിക്കും.

പിന്നീട് ഒരിക്കൽ ഇതേക്കുറിച്ച് ഹ.ഉമർ(റ) മായി സംസാരിച്ചുകൊണ്ടിരിക്കേ ഹുദൈഫ(റ) പറഞ്ഞു; നബി (സ) ഈ ഫിത്നകളുടെ മാർഗത്തിൽ ഒരു കവാടം അടഞ്ഞു കിടക്കുന്നതായി പറഞ്ഞിട്ടുണ്ടായിരുന്നു. ഹ.ഉമർ (റ) ചോദിച്ചു; ഫിത്നകൾക്ക് മുമ്പേ ആ വാതിൽ തുറക്കപ്പെടുമോ അതോ തകർക്കപ്പെടുമോ? ഹുദൈഫ (റ) പറഞ്ഞു: തകർക്കപ്പെടുമെന്നാണ് നബി(സ) പറഞ്ഞത്. അതു കേട്ടപ്പോൾ അസ്വസ്തനായിക്കൊണ്ട് ഹ.ഉമർ (റ) പറഞ്ഞു: അത് തകർക്കപ്പെടുമെങ്കിൽ പിന്നെ ഒരിക്കലും അടയുന്നതല്ല. (ബുഖാരി)

ഈ  ശക്തമായ കവാടം ഖിലാഫത്തെ റാശിദ ആയിരുന്നുവെന്ന് ഹ. ഉമർ (റ) മനസ്സിലാക്കിയിരുന്നു.

ഹ. ഉമർ(റ) ന്റെ ശഹാദത്ത് ആ വാതിലിൽ വീണ ആദ്യത്തെ വിള്ളലായിരുന്നു. ഹ. അലി(റ) ന്റെ ശഹാദത്തോടുകൂടി ആ കവാടം പൊളിക്കപ്പെട്ടു.

തുടർന്ന് ഖിലാഫത്ത് പരുക്കൻ സ്വേച്ഛാധിപത്യ ഭരണങ്ങൾക്ക് വഴി മാറുകയും സുശക്തവും പ്രബലവുമായ ഇസ്ലാമിക സാമ്രാജ്യം അനേകമനേകം നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെടുകയുമുണ്ടായി. അവർക്ക് ശക്തിയും പ്രതാപവും വിനഷ്ടമായി. അവരിൽ പലരും തങ്ങളുടെ നിലനിൽപ്പിനു വേണ്ടി ചിലപ്പോൾ അമേരിക്കയുടെ മറ്റ് ചിലപ്പോൾ ബ്രിട്ടന്റെ മുന്നിൽ ഓച്ഛാനിച്ചു നിൽക്കുന്നു. സകലരും ഭിക്ഷാപാത്രവുമായി യാചിച്ച് നിൽക്കുകയാണ്. ചിലർക്ക് ചിന്താസ്വാതന്ത്ര്യം പോലും അടിയറവ് പറയേണ്ടി വന്നിരിക്കുന്നു. അന്യരുടെ അടിമത്തം അഭിമാനമായി അവർ സ്വീകരിച്ചിരിക്കുകയാണ്. ചിലർ ഭൂമുഖത്തു നിന്ന് പാടെ നിഷ്കാസിതരാക്കപ്പെട്ടു.സ്വാതന്ത്ര്യത്തിന്റേയും അടിമത്തത്തിന്റേയും പ്രശ്നത്തിനു തന്നെ പ്രസക്തി നഷ്ടമായിരിക്കുന്നു.

ഒരു കാലത്ത് യൂറോപ്യൻ നാടുകൾക്ക് ഇസ്ലാമിക സംസ്കാരം പഠിപ്പിച്ചവർ, പടിയിറക്കപ്പെടുകയും മസ്ജിദുകളും മഖ്ബറകളും മനോഹര സൗധങ്ങളും രോദന ചരിത്രം നിശബ്ദമായി പ്രകടിപ്പിക്കുകയും ചെയ്യുന്നു. അതേ സ്പെയ്നിനെ കുറിച്ചാണ് പറയുന്നത്. അവിടെ പിന്നെ ബാങ്കു കൊടുക്കാനും നമസ്കരിക്കാനും എന്തിന് മുസ്ലിമെന്ന് പറയാൻ പോലും ആരും അവശേഷിച്ചില്ല.

ആത്മീയ മൂല്യശോഷണം ഇതിലും ദയനീയമായിരുന്നു. അന്ധവിശ്വാസങ്ങൾ ഈമാനായും അനാചാരങ്ങൾ സൽക്കർമങ്ങളായും മുസ്ലിംകൾ സ്വീകരിച്ചു തുടങ്ങി. സമുദായത്തിന് വെളിച്ചം പകരേണ്ട ഉലമാക്കൾ തമസ്സിന്റെ പ്രണേതാക്കളായിമാറി.

അങ്ങിനെ ഉമ്മത്ത് എല്ലാ നിലക്കും അധഃപ്തിച്ചപ്പോഴാണ് അല്ലാഹു വാഗ്ദത്ത മഹ്ദീ മസീഹിനെ നിയോഗിച്ചുകൊണ്ട് ജീവൽ ജലം നൽകിയത്. അങ്ങിനെ ജീവസത്ത തിരിച്ചു കിട്ടിയ ഉമ്മത്തിന് അല്ലാഹു വീണ്ടും ഖിലാഫത്തുൻ അലാമിൻഹാജി ന്നുബുവ്വ മുഖേന നവചൈതന്യം പ്രധാനം ചെയ്തിരിക്കുന്നു.

ഇന്ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്  202 രാഷ്ട്രങ്ങളിലെ സജീവ സാന്നിദ്ധ്യമാണ്. അന്താരാഷ്ട്രാ സമൂഹവുമായി സംവദിക്കുന്ന ഏക ആഗോള ഇസ്ലാമിക പ്രസ്ഥാനം അഹ്മദിയ്യാ ജമാ അത്തും നേതൃത്വം അഹ്മദിയ്യാ ഖിലാഫത്തുമാണ്.

ഈ അനുഗ്രഹ ലബ്ധിയിൽ അല്ലാഹുവിനോട് നന്ദി പ്രകടിപ്പിച്ചു കൊണ്ട് ഖിലാഫത്തിന്റെ പ്രാധാന്യവും മഹത്വവും ഓർക്കാനും തലമുറകളെ ഓർമിപ്പിക്കാനുമാണ് മെയ് 27 ന് ഖിലാഫത്ത് ദിനം ആചരിക്കുന്നത്.

## ഖലീഫ

ഖലീഫ എന്നതിന്റെ അർഥം പ്രതിനിധി എന്നാണ്. അതായത് ദീനിനെ പുനരുദ്ധരിക്കുന്ന ആൾ. നബിമാരുടെ കാലശേഷം പരക്കുന്ന അന്ധകാരത്തെ ഇല്ലാതാക്കുന്നതിനു വേണ്ടി അവരുടെ സ്ഥാനത്ത് വരുന്ന ആൾക്ക് ഖലീഫ എന്ന് പറയുന്നു.

(മൽഫൂസാത്ത് ഭാഗം:4)

## അല്ലാഹു നിയമിക്കുന്നു

റസൂലോ ശേഖ്മാരോ (ആത്മീയ ഗുരുക്കൾ) മരിക്കുമ്പോൾ ലോകത്ത് ഒരു ഭൂകമ്പം തന്നെയുണ്ടാകുന്നു. അത് ഭയാനകമായ സമയമായിരിക്കും. എന്നാൽ അല്ലാഹു ഏതെങ്കിലും ഖലീഫ മുഖേന അതിനെ ഇല്ലാതാക്കുന്നു. ഒരർഥത്തിൽ തുടർന്ന് ആ ഖലീഫ മുഖേന ഇസ്ലാമിന്റെ പ്രവർത്തനങ്ങൾ ആദ്യം മുതൽ തന്നെ തുടങ്ങുന്നു.

(മൽഫൂസാത്ത് ഭാഗം 10)

## എനിക്കു ശേഷവും ഖിലാഫത്ത്

തിരുനബി (സ) എന്തുകൊണ്ട് തനിക്കുശേഷം ഖലീഫയെ പ്രഖ്യാപിച്ചില്ല? അതിലും ഒരു രഹസ്യമുണ്ട്. അല്ലാഹു സ്വയം ഖലീഫയെ നിശ്ചയിക്കുമെന്ന് നബി(സ) ന് നല്ലപോലെ അറിയാമായിരുന്നു.  കാരണം അത് അല്ലാഹുവിന്റെ പ്രവർത്തിയാണ്. അവന്റെ തിരഞ്ഞെടുപ്പിൽ ഒരു  ന്യൂനതയും ഇല്ല. അല്ലാഹു ഹ.അബൂബക്കർ(റ) നെ ഈ കർത്തവ്യത്തിനു വേണ്ടി ഖലീഫ ആക്കുകയുണ്ടായി................ഒരു ഇൽഹാമിൽ അല്ലാഹു എന്റെ പേര് ശേഖ് എന്ന് വെച്ചിരിക്കുന്നു. അൻതശൈഖുൽ മസീഹുല്ലദീ ലാ യുളാഉ വക്തുഹൂ

(മൽഫൂസാത് ഭാഗം 10)

## എന്റെ കുടുംബത്തിൽ ഖിലാഫത്ത്

അനുഗ്രഹ വർഷത്തിന്റെ രണ്ടാമത്തെ മാർഗം മുർസലീംകളും നബിമാരും ഇമാമുമാരും ഖലീഫമാരും നിയോഗിക്കപ്പെടുന്നുവെന്നതാണ്. അവരെ പിൻപറ്റിക്കൊണ്ടും മാർഗദർശനങ്ങളും മുഖേന ജനങ്ങൾ സത്യപാതയിൽ വരികയും അവരുടെ മാതൃക സ്വായത്തമാക്കി മോക്ഷം പ്രാപിക്കുകയും ചെയ്യുന്നതാണ്.

ആയതിനാൽ അല്ലാഹു ഈ വിനീതന്റെ സന്തതികൾ മുഖേനയും ഈ രണ്ട് ഭാഗങ്ങളും വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നു. (സബ്സ് ഇശ്തിഹാർ)

ദഅ്വത്തെ ഇലല്ലാഹ്



സഗീർ എച്ച് എസ്

# വഹ്‌യിനെ കുറിച്ചുള്ള ചർച്ച

ഹ.മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ്

ഒരു ദിവസം രാത്രി ഒരു സുഹൃത്ത് ഞങ്ങളെ ഭക്ഷണത്തിന് ക്ഷണിച്ചിരുന്നു. അവരുടെ രണ്ട് മൂന്ന് ശേഖുമാരും ഉണ്ടായിരുന്നു. രാത്രി 12 മണി വരെ സംസാരം തുടർന്നു. അവരിൽ ഒരാൾ പറഞ്ഞു, പ്രവാചകന്മാർക്കല്ലാതെ മറ്റാർക്കും വഹ്‌യ് ഉണ്ടാകുന്നതല്ല.

ഞാൻ വിശുദ്ധഖുർആനിലെ

وَاِذْ اَوْحَيْتُ اِلَى الْحَوَارِيّٖنَ (5;112)

(ഞാൻ ഹവാരീംകൾക്ക് വഹ്‌യ് നൽകി),

وَاَوْحَيْنَآ اِلٰٓى اُمِّ مُوْسٰٓى (28:8)

(നാം മൂസായുടെ മാതാവിന് വഹ്‌യ് നൽകി) തുടങ്ങിയ ആയത്തുകൾ കേൾപ്പിച്ചു.

അപ്പോൾ അവർ പറഞ്ഞു: അല്ലാഹു പറയുന്നു;

فَلَا يُظْهِرُ عَلٰى غَيْبِهٖٓ اَحَدًا ۙ اِلَّا مَنِ ارْتَضٰى مِنْ رَّسُوْلٍ


(72:27,28)

അദൃശ്യകാര്യങ്ങളടങ്ങിയ വഹ്‌യ് പ്രവാചകന്മാർക്കല്ലാതെ മറ്റാർക്കും ലഭിക്കുന്നതല്ല.

ഞാൻ പറഞ്ഞു; നിങ്ങൾ പറയുന്നത് ശരിയല്ല. ഹ.മൂസാ(അ) ന്റെ മാതാവിന് ഉണ്ടായ വഹ്‌യ് പരോക്ഷ സംഗതികൾ അടങ്ങിയവ ആയിരുന്നു. അതിൽ വ്യക്തമായും പറയുന്നു:

اِنَّا رَآدُّوْهُ اِلَيْكِ وَجَاعِلُوْهُ مِنَ الْمُرْسَلِيْنَ (28:8)

(നീ മൂസയെ സമുദ്രത്തിൽ ഒഴുക്കുക. ഞാൻ നിനക്ക് അദ്ദേഹത്തെ തിരിച്ചു തരുന്നതും പ്രവാചകനാക്കുന്നതുമാണ്.)



അവർ പറഞ്ഞു: അത് നബിയ്യ ആയിരിക്കും.

അപ്പോൾ ഞാൻ പറഞ്ഞു: നിങ്ങൾ ബനീ ഇസ്റായീലിലെ സ്ത്രീകളെപ്പോലും നബിയായി അംഗീകരിക്കാൻ തയ്യാറായിരിക്കേ മുസ്‌ലിം ഉമ്മത്തിലെ പുരുഷന്മാർക്ക് ബനീ ഇസ്റായീലിലെ സ്ത്രീകളുടെ സ്ഥാനം പോലും കരസ്ഥമാക്കാൻ കഴി യില്ലേ? എങ്കിൽ പ്പിന്നെ ഇത് നല്ല ഖയറുൽ ഉമ്മത്താണല്ലോ!

ഹ. മസീഹ് മൗഊദ്(അ) ആയിരക്കണക്കിന് പരോക്ഷ സംഗതികൾ അല്ലാഹുവിൽ നിന്നുള്ള അറിയിപ്പ് അനുസരിച്ച് പ്രഖ്യാപിക്കുകയും അത് പൂർത്തിയായത് നാം കാണുകയും ചെയ്തിരിക്കേ ആ മഹാത്മാവിന്റെ നുബുവ്വത്തിൽ എന്തിന് സംശയിക്കണം?

(ഹയാത്തെ ശംസ്)

# ആ താരതമ്യം ശരിയല്ല

ഹ.ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

ഹ.അബൂബക്കർ(റ) മുഹമ്മദ് മുസ്തഫാ (സ) യുടെ സുന്നത്തിൽ ചലിക്കുന്ന ആളായിരുന്നു. പക്ഷേ അദ്ദേഹത്തിന് തന്റെ സ്വതസിദ്ധമായ ശൈലിയായിരുന്നു. ഉമർ (റ) വും മുഹമ്മദ് മുസ്തഫാ(സ) യുടെ സുന്നത്തിൽ തന്നെയാണ് ചലിച്ചിരുന്നത്. പക്ഷേ അദ്ദേഹത്തിന് തന്റേതായ ശൈലി ഉണ്ടായിരുന്നു. ഉസ്മാൻ(റ) വും മുഹമ്മദ് മുസ്തഫാ(സ)യുടെ പ്രേമിയായിരുന്നു. പക്ഷേ അദ്ദേഹത്തിന് തനതായ മറ്റൊരു ശൈലിയായിരുന്നു. അലി(റ) വും മുഹമ്മദ് മുസ്തഫാ (സ) ന്റെ ദാസനായിരുന്നു. പക്ഷേ അദ്ദേഹത്തിന് തന്റേതായ ഒരു ശൈലി ഉണ്ടായിരുന്നു. ............. ...........

كُلٌّ يَّعْمَلُ عَلٰى شَاكِلَتِهٖ

ഈ വ്യതിരിക്തതയെ ശ്രദ്ധിക്കാത്തവർ ചില പ്പോൾ അജ്ഞതയിൽ ഖലീഫമാരെ പരസ്പരം താരതമ്യം ചെയ്യാൻ തുടങ്ങുന്നു........

ഇത്തരം നിരർഥകമായ താൽപര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ ഞാൻ അഹ്മദിയ്യാ ജമാഅത്തിനെ ഉപദേശിക്കുകയാണ്.

(ഖുത്ബാത്തെ ത്വാഹിർ ഭാഗം: 1)




The residence of Hadhrat Mirza Bashir Ahmad[ra]



The residence of Sahibzada Mirza Sharif Ahmad[ra] - Qadian



A well situated in the courtyard of The Promised Messiah[as]



Shah Nasheen - The Promised Messiah[as] would often hold sittings with his companions at this place



Dalaan Hadhrat Amma Jaan[ra]



This room was blessed with the birth of Hadhrat Musleh Mau'ood[ra]

പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ

അസ്ഹാബീ കന്നുജൂമി
ബിഅയ്യിഹും ഇഖ്തദയ്തും ഇഹ്തദയ്തും

എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. (ഹദീസ് മിശ്കാത്ത്)

# ഹദ്റത് സുഹൈബ് (റ) ഇബ്നു സിനാൻ റോമി

**കുടുംബ പശ്ചാത്തലം**

പിതാവ്: സിനാനിബ്നു മാലിക്. മാതാവ്: സൽമ ബിൻത് കഈദ്. പേരിൽ റോമി എന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അദ്ദേഹം അറേബ്യൻ വംശജനാണ്. അദ്ദേഹത്തിന്റെ പിതാവോ പിതൃസഹോദരനോ ഉബ്ല പട്ടണത്തിന്റെ പേർഷ്യൻ ചക്രവർത്തിയുടെ പ്രതിനിധിയായിരുന്ന അധികാരിയായിരുന്നു. അന്നാളുകളിൽ റോമൻ സൈന്യവും പേർഷ്യൻ സൈന്യവും തമ്മിൽ യുദ്ധം നടന്നു കൊണ്ടിരിക്കുന്ന സമയമായിരുന്നു. അങ്ങിനെ ഒരു യുദ്ധത്തിൽ ചെറിയ കുട്ടിയായിരുന്ന സുഹൈബ് റോമൻ സൈന്യത്തിന്റെ കയ്യിൽ പെടുകയും അവർ അദ്ദേഹത്തെ റോമിലേക്ക് കൊണ്ടു പോകുകയും ചെയ്തു. അതിനാൽ പിന്നീട് അദ്ദേഹം വളർന്നത് റോമിലായിരുന്നു. റോമൻ ഭാഷ പഠിക്കുകയും ചെയ്തു.

**മക്കയിലേക്ക്**

പിന്നീട് പക്വതയെത്തിയപ്പോൾ അവിടെ നിന്നും രക്ഷപ്പെട്ട് മക്കയിലെത്തി. അവിടെ അബ്ദുല്ലാഹിബ്നു ജുദ്ആനുമായി കരാറിൽ ഏർപ്പെട്ടു. കച്ചവടം തുടങ്ങുകയും അതിൽ നല്ല പുരോഗതി കൈവരിക്കുകയും ചെയ്തു. ചില രിവായത്തുകളനുസരിച്ച് അദ്ദേഹത്തിന്റെ യഥാർത്ഥ പേര് ഉമൈർ എന്നായിരുന്നു. റോമാക്കാരാണ് അദ്ദേഹത്തിന് സുഹൈബ് എന്ന പേരിട്ടത്. നബി(സ) അദ്ദേഹത്തിന് നൽകിയ സ്ഥാനപ്പേര് അബൂയഹ്യാ എന്നായിരുന്നു.

**ഇസ്ലാം ആശ്ലേഷണം**

അന്നാളുകളിലാണ് തിരുനബി(സ) നുബുവ്വത്ത് വാദം വിളംബരപ്പെടുത്തുന്നത്. അത് അറിയാനിടയായ സുഹൈബ്(റ) നബി(സ) കാണുന്നതിനായി ദാറുൽ അർഖമിലേക്ക് പുറപ്പെട്ടു. അവിടെ എത്തിയപ്പോൾ വാതിൽക്കലിൽ അമ്മാറിബ്നു യാസിർ(റ) നെ കണ്ടു. എന്തിനാണ് വന്നതെന്ന് രണ്ടു പേരും പരസ്പരം ചോദിച്ചു. മുഹമ്മദ് (സ)യുടെ സന്ദേശം കേൾക്കാനാണ് എന്ന് രണ്ടു പേരും പറഞ്ഞപ്പോൾ രണ്ടു പേരും ഒരുമിച്ച് നബി(സ) സവിധത്തിൽ എത്തുകയും സന്ദേശം ശ്രവിച്ച ശേഷം രണ്ടു പേരും ഇസ്ലാം മതം ആശ്ലേഷിച്ചു.

**കഠിനമായ മർദ്ദനം**

അന്നാളുകളിൽ ഇസ്ലാം സ്വീകരിച്ചവരുടെ എണ്ണം ഏകദേശം 30 ഓളമായിരുന്നു. എന്നാൽ വിരലിലെണ്ണാവുന്നവർ മാത്രമാണ് തങ്ങളുടെ അവസ്ഥ വിളംബരപ്പെടുത്തിയത്. അതിൽ സുഹൈബ്(റ) ഉം ഉൾപ്പെടുന്നു. അധികം പേരും ബലഹീനരായിരുന്ന കാരണത്താൽ ശത്രുക്കളുടെ കഠിന എതിർപ്പിനും മർദ്ദനങ്ങൾക്കും വിധേയരായി. അവർക്കുള്ള ആശ്രയം നബി (സ) തിരുമേനിയും അബൂബക്കർ (റ) ഉം മാത്രമായിരുന്നു.

**ഹിജ്റത്തും സാമ്പത്തിക ത്യാഗവും**

അന്നാളുകളിൽ നബി(സ) തിരുമേനിക്ക് മദീനയിലേക്ക് ഹിജ്റത്ത് ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചു. അവരോടൊപ്പം അദ്ദേഹവും ഹിജ്റത് ചെയ്യാൻ തീരുമാനിച്ചു. എന്നാൽ മക്കക്കാർ തടസ്സമായി. മക്കയിൽ വന്നാണ് സമ്പാദ്യം ഉണ്ടാക്കിയത് അതിനാൽ ഈ സമ്പാദ്യത്തെ മക്കയുടെ വെളിയിൽ കൊണ്ടു പോകാൻ അനുവദിക്കുന്നതല്ല എന്ന് പറഞ്ഞു. അപ്പോൾ താൻ തന്റെ സമ്പാദ്യം നൽകുന്നതാണെന്നും തന്നെ പോകാൻ അനുവദിക്കണമെന്നും അദ്ദേഹം പറഞ്ഞു. അങ്ങിനെ അദ്ദേഹം തന്റെ പകുതി സമ്പത്ത് മക്കക്കാരെ ഏൽപ്പിച്ച് കുടുംബ സമേതം മദീനയിലേക്ക് തിരിച്ചു.

**സമ്പത്ത് മുഴുവനായും ത്യജിക്കുന്നു**

എന്നാൽ ചില ഖുറൈശികൾ അദ്ദേഹത്തെ പിന്തുടർന്നു. അപ്പോൾ അദ്ദേഹം തന്റെ അമ്പും വില്ലും എടുത്ത് കൊണ്ട് പറഞ്ഞു, ഞാൻ വിദഗ്ദനായ വില്ലാളിയാണെന്ന് നിങ്ങൾക്കറിയാം. എന്റെ ആവനാഴിയിലെ അവസാന ശരവും കഴിയുന്നത് വരെ നിങ്ങൾക്ക് എന്നെ സമീപിക്കാൻ കഴിയില്ല. അതിനു ശേഷം എന്റെ വാളുമായി നിങ്ങൾക്ക് പോരാടേണ്ടി വരും. അല്ലെങ്കിൽ എന്നെ പോകാൻ അനുവദിക്കുക. ഞാൻ എന്റെ ശേഷിക്കുന്ന സമ്പത്തും നിങ്ങൾക്ക് നൽകാം. അങ്ങിനെ അദ്ദേഹം തന്റെ ശേഷിക്കുന്ന സമ്പത്തും നൽകി മദീനയിലേക്ക് യാത്രയായി. അദ്ദേഹത്തിന്റെ ഈ നടപടിൽ സംതൃപ്തനായ അല്ലാഹു ഖുർആൻ വാക്യം ഇറക്കി, അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി സ്വന്തം ശരീരത്തെ വിൽക്കുന്ന ചിലർ ജനങ്ങളിലുണ്ട്. (2.208)

**നബി (സ)യുടെ സഹവാസം**

മദീനയിലെത്തിയപ്പോൾ യാത്രാക്ലേശത്താൽ തളർച്ചയും കഠിന വിശപ്പും ഉണ്ടായിരുന്നു. അന്നേരം നബി (സ) ഹദ്റത് അബൂബക്കർ (റ) ഹദ്റത് ഉമർ (റ) എന്നിവരോടൊപ്പം കാരക്ക കഴിച്ചു കൊണ്ടിരിക്കുയായിരുന്നു. അത് കഴിക്കുവാനായി നബി(സ) അദ്ദേഹത്തെ ക്ഷണിച്ചു. വളരെ ഉൽസാഹത്തോടെ അദ്ദേഹം കാരക്ക തിന്നാൻ തുടങ്ങി. അന്നേരം അദ്ദേഹത്തിന്റെ ഒരു കണ്ണിന് ദീനം ബാധിച്ചിരുന്നു. നബി (സ) പറഞ്ഞു, ഒരു കണ്ണിന് ദീനമായിട്ടും ഇത്രയും കാരക്ക തിന്നുകയാണോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം തമാശ രൂപേണ പറഞ്ഞു, ഞാൻ മറ്റേ കണ്ണു കൊണ്ടാണ് കഴിക്കുന്നത്.

**യുദ്ധങ്ങളിൽ പങ്കാളിത്തം**

മദീനയിൽ അദ്ദേഹം ഹദ്റത് സഅദ് (റ) ഇബ്നു ഖൈസ്മയുടെ അടുത്താണ് തങ്ങിയത്. നബി(സ) അദ്ദേഹത്തെ ഹാരിസ് ഇബ്നു അസ്സിമയുടെ സഹോദരനാക്കി. അതിനു ശേഷം നടന്ന എല്ലാ യുദ്ധങ്ങളിലും അദ്ദേഹം നബി(സ) യോടൊപ്പം പങ്കാളിയായിരുന്നു. അദ്ദേഹം സ്വയം പറയുന്നു, നബി (സ) ചെയ്ത എല്ലാ ഉടമ്പടികളിലും ഞാൻ സന്നിഹിതനായിരുന്നു. എല്ലാ ബയ്അത്തിന്റെ അവസരത്തിലും ഞാൻ സന്നിഹിതനായിരുന്നു. എല്ലാ യുദ്ധങ്ങളിലും ഞാൻ പങ്കാളിയായിട്ടുണ്ട്. നബി(സ)യുടെ ഇടതും വലതും യുദ്ധം ചെയ്തിരുന്നു. സന്ദർഭത്തിനനുസരിച്ച് മുന്നിലും പിന്നിലും നിന്ന് പോരാടിയിട്ടുണ്ട്. നബി(സ)യുടെ വഫാത്ത് വരെ തിരുമേനിയെ ശത്രുക്കളുടെയും എന്റെയും ഇടയിലാകാൻ ഞാൻ അനുവദിച്ചിട്ടില്ല.

**നബി (സ)യുടെ വാൽസല്യം**

ഒരിക്കൽ നബി (സ) പറഞ്ഞു, സമൂഹങ്ങളുടെ അടിസ്ഥാനത്തിൽ മുൻ കടന്നു പോയവർ 4 പേരാണ്. അറബികളിൽ മുൻകടന്നവൻ ഞാനാകുന്നു. സുഹൈബ് റോമാക്കാരിൽ മുൻകടന്നവനാണ്. സൽമാൻ ഫാരിസ് പേർഷ്യക്കാരിൽ മുൻ കടന്നവനും ബിലാൽ ഹബ്ശക്കാരിൽ മുൻ കടന്നവനുമാണ്. പറഞ്ഞു, അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർ മാതാവ് മകനെ സ്നേഹിക്കുന്നതു പോലെ സുഹൈബിനെ സ്നേഹിക്കേണ്ടതാണ്.

**രിവായത്തുകൾ**

സുഹൈബ്(റ) ഹദീസുകൾ രിവായത്ത് ചെയ്യുന്നതിൽ വളരെ സൂക്ഷ്മത പാലിച്ചിരുന്നു. ഒരിക്കൽ പറഞ്ഞു, അല്ലാഹുവാണെ സത്യം, ഞാൻ ഹദീസുകൾ രിവായത്ത് ചെയ്യുമ്പോൾ റസൂൽ തിരുമേനി (സ) പറഞ്ഞു എന്ന് പറഞ്ഞ് കൊണ്ട് പറയുന്ന് യഥാർത്ഥത്തിൽ നബി (സ) പറഞ്ഞത് തന്നെയായിരിക്കും. എന്നാൽ ഞാൻ പങ്കെടുത്തിട്ടുള്ള യുദ്ധങ്ങളെ സംബന്ധിച്ച് പറയുമ്പോൾ അതിൽ എന്റെ അഭിപ്രായവും പറയുന്നു.

**ഹദ്റത് ഉമർ (റ) ന്റെ ആദരവ്**

മരണത്തോടടുത്തപ്പോൾ ഹദ്റത് ഉമർ (റ) പറഞ്ഞത് എന്റെ ജനാസ നമസ്കരിപ്പിക്കുന്നത് സുഹൈബ്(റ) ആയിരിക്കും. കൂടാതെ അടുത്ത ഖലീഫയെ തിരഞ്ഞെടുക്കുന്നത് വരെ സുഹൈബായിരിക്കും നമസ്കാരത്തിന് നേതൃത്വം നൽകുക. അങ്ങിനെ തന്നെയാണ് സംഭവിച്ചതും.

**വഫാത്ത്**

ഹിജ്രി 38 -ാം വർഷം ശവ്വാൽ മാസത്തിലാണ് അദ്ദേഹം വഫാത്തായത്. അപ്പോൾ അദ്ദേഹത്തിന് എഴുപതോ എഴുപത്തി രണ്ടോ വയസ്സുണ്ടായിരുന്നു. ജന്നത്തുൽ ബഖീഇൽ മറയടക്കപ്പെട്ടു.

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

വനിതാരംഗം

അബൂ തബസ്സും

# ലജ്ജ
## അഹ്മദി സ്ത്രീയുടെ ഏറ്റവും വലിയ ആയുധം

ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

സ്ത്രീകളെ ഏറ്റവും അധികം സംരക്ഷിക്കുന്നത് ലജ്ജയാണെന്ന് നിങ്ങൾക്കറിയാം. അതിനാൽ സ്ത്രീകളുടെ ഏറ്റവും വലുതും കഠിനവുമായ ശത്രു ലജ്ജയില്ലായ്മയാകുന്നു. പർദയ്ക്ക് (മറയ്ക്ക്) ഒരു പ്രത്യക്ഷ രൂപവും ഉണ്ട്. എന്നാൽ ഈ പ്രത്യക്ഷ മറയോടൊപ്പം തന്നെ ലജ്ജയുടെ മറയും ഇല്ലെങ്കിൽ പ്രത്യക്ഷ മറയ്ക്ക് യാതൊരു മൂല്യവും ഇല്ല തന്നെ. നേരെ മറിച്ച്, അഥവാ പ്രത്യക്ഷമായതില്ലെങ്കിൽ തന്നെയും – അതായത് പ്രതീക്ഷിക്കുന്ന അത്ര കഠിനമായ നിലയിൽ– ലജ്ജയുടെ മറയുണ്ടെങ്കിൽ അത്തരത്തിലുള്ള സ്ത്രീകൾ കൂടുതൽ സുരക്ഷിതരായിരിക്കും. ഞങ്ങൾ ലജ്ജയാകുന്ന പർദയിൽ കൂടുതൽ നിഷ്കർഷതയുള്ളവരാണ് അതിനാൽ പ്രത്യക്ഷ പർദയുടെ ആവശ്യമില്ല എന്ന് ചില സ്ത്രീകൾ കാരണമായി ബോധിപ്പിക്കാറുണ്ട്. ഇത് കള്ളവും വിഢിത്തവുമാണ്.

യഥാർത്ഥത്തിൽ ലജ്ജയാകുന്ന പർദ പ്രത്യക്ഷ പർദയില്ലാതെ ദീർഘകാലം നിലനിൽക്കില്ല. അത്തരം അവസ്ഥയിൽ കേവലം ലജ്ജയാകുന്ന പർദ ഒരു തലമുറയിൽ നിലനിൽക്കുമെന്ന് വന്നേക്കാം. എന്നാൽ പതുക്കെ പതുക്കെ അതില്ലാതാകുകയും പിന്നീടത് പരിപൂർണ്ണ ലജ്ജയില്ലായ്മയിലേക്ക് പരിവർത്തിക്കുകയും ചെയ്യുന്നു. അത്തരത്തിലുണ്ടാകുന്ന ലജ്ജയില്ലായ്മ മുൻപത്തേക്കാളുപരി ഭയാനകമായിത്തീരുന്നു. അതിനാൽ പ്രത്യക്ഷ പർദയിലും ലജ്ജയാകുന്ന പർദയിലും പരസ്പരം മേന്മയുടെ ചോദ്യം തന്നെ ഉദിക്കുന്നില്ല. രണ്ടിനെയും ഒരേ വേഗതയിൽ മുന്നോട്ട് കൊണ്ടു പോകേണ്ടതാകുന്നു. സമാനമായ സുദൃഢ കാലടികളോടൊപ്പം അവയെ തങ്ങളുടെ ജീവിതയാത്രയിൽ സഹയാത്രികരാക്കേണ്ടത് അനിവാര്യമാകുന്നു. എന്നിരുന്നാലും സ്ത്രീകളുടെ യഥാർത്ഥ സംരക്ഷണം ലജ്ജയാണ് നിർവഹിക്കുന്നത് എന്നത് ലജ്ജയുടെ ഒരു സവിശേഷത തന്നെയാകുന്നു. അതോടൊപ്പം തന്നെ ലജ്ജയെ സംരക്ഷിച്ചു നിർത്തുന്ന പ്രത്യക്ഷ മാധ്യമങ്ങളെയും അവഗണിക്കാവതല്ല. ലജ്ജയുടെയും ലജ്ജയെ സംരക്ഷിക്കുന്ന മാധ്യമങ്ങളുടെയും പ്രാധാന്യം അവരവരുടെ സ്ഥാനത്ത് അംഗീകൃതമാണ്.

പ്രത്യക്ഷമായ നിലയിൽ ഒരു സ്ത്രീ പർദ ധരിക്കുകയും എന്നാൽ ലജ്ജയുടെ ന്യൂനതയാൽ അവൾ സമൂഹത്തിന് വിപത്തായി മാറുകയും ചെയ്യുക എന്നതിനുള്ള സാധ്യത വിരളമാണ്. പൊതുവിൽ പ്രത്യക്ഷ പർദ ലജ്ജയെ സംരക്ഷിക്കുന്നു.

പൂർവദേശങ്ങളുടെ പെരുമാറ്റങ്ങളിൽ പർദയാണ് ലജ്ജയെ സംരക്ഷിക്കുന്നതിൽ ഏറ്റവും കൂടുതലായി പങ്ക് വഹിച്ചത്. അതിനാൽ സ്വന്തം ലജ്ജയെ സംരക്ഷിക്കുക. എങ്ങിനെയൊക്കെ സാധ്യമാണോ അങ്ങിനെ സംരക്ഷിക്കുക. കാരണം ലജ്ജ സ്വയം നിങ്ങളെ സംരക്ഷിക്കുന്നതാണ്.

ഇന്ത്യയിലെ ഒരു പ്രശസ്ത കവി അക്ബർ അലഹബാദി തന്റെ ഒരു കവിതയിൽ പർദയെ പരാമർശിച്ചു കൊണ്ട് ഇപ്രകാരം പറയുന്നു, 'നമ്മുടെ സ്ത്രീകളുടെ പവിത്രതയെയും ചാരിത്രത്തെയും സംരക്ഷിച്ചു നിർത്തിയിരുന്ന വാൾ അതായത് രാഷ്ട്രീയ ശക്തി അതിപ്പോൾ ശേഷിക്കുന്നില്ല. അതിനാൽ മുളവാരി കൊണ്ടുള്ള ഈ തീപ്പെട്ടികോലുകൾ നമ്മുടെ സ്ത്രീകളുടെ പവിത്രതയെയും ചാരിത്രത്തെയും എന്നുവരെ സംരക്ഷിക്കും'. ഇത് ശക്തമായ വരികളാണ്. കവിത എന്ന നിലയിൽ ഉന്നതവുമാണ്. എന്നാൽ യഥാർത്ഥത്തിൽ സത്യത്തിൽ നിന്ന് ശൂന്യമാകുന്നു. കാരണം യഥാർത്ഥത്തിൽ ചാരിത്രത്തെ സംരക്ഷിക്കുന്നത് വാളുകളല്ല. ചാരിത്രത്തെ സംരക്ഷിക്കുന്നത് ലജ്ജയാണ്. അതിൽ വാളിന് യാതൊരു പ്രാധാന്യവുമില്ല. ഒരു സമൂഹം നിർലജ്ജരാകുന്നതിന് ഒരു മെടുകയാണെങ്കിൽ ലോകത്തുള്ള ഒരു ശക്തിക്കും അവരെ അതിൽ നിന്ന് തടയാനാകില്ല. നേരെ മറിച്ച് ഒരു സമൂഹം ലജ്ജയെ സംരക്ഷിച്ചു കൊണ്ട് നിലനിൽക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ അവരുടെ കയ്യിൽ വാളുണ്ടെങ്കിലും ഇല്ലെങ്കിലും ലജ്ജ അവരെ സംരക്ഷിക്കുന്നു. പറയുന്നു, അൽ ഹയാഉ ഖൈറുൻ കുല്ലുഹു. അതായത് സമ്പൂർണ്ണമായും നന്മകളാൽ നിറഞ്ഞതാണ് മനുഷ്യന്റെ ലജ്ജ എന്ന ഗുണം. അതിൽ നിലവാരത്തിന്റെ ചോദ്യമേ ഉദിക്കുന്നില്ല. കാരണം ലജ്ജ എത്രയുമാകുന്നുവോ അത്രയും ഉത്തമമാണ്. അത് അധികരിച്ചു കൊണ്ടിരിക്കുന്നത് അത്യുത്തമമാണ്. അതുകൊണ്ട് യാതൊരു നഷ്ടവുമില്ല. ഗുണം മാത്രമെ ഉള്ളു.

ഈ വിഷയത്തെ ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നു ....... ലജ്ജ ഒരു അഹ്മദി സ്ത്രീയുടെ ഏറ്റവും വലിയ ആയുധമാണെന്നാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. നിങ്ങളുടെ പരിപാടികൾ തൽസംബന്ധമായി ലജ്ജയെ അളക്കുന്നതിനുള്ള ഉരക്കല്ലോ അടയാളമോ ആയിത്തീരുന്നു. ഒരു തരത്തിലുള്ള തെർമോ മീറ്ററായി മാറുന്നു.

പ്രത്യേകിച്ച് വിവാഹവേളകളെ സംബന്ധിച്ച് ലഭിക്കുന്ന അറിവനുസരിച്ച്, ഇവിടുത്തെ ചുറ്റുപാടിൽ നിന്ന് പ്രഭാവം ഉൾക്കൊണ്ട് പർദയെ പൂർണ്ണമായും പരിഗണിക്കുന്നില്ല എന്നാണ്. സ്ത്രീകളുടെ സദസ്സിലേക്ക് പുരുഷന്മാർ എത്തുന്നു, വീഡിയോ ഫിലിം എടുത്തു കൊണ്ടിരിക്കുന്നു, കവിതാലാപനങ്ങൾ നടക്കുന്നു, സദസ്സുകൾ സംഘടിപ്പിക്കുന്നു. ഇത്തരത്തിലുള്ള അനിസ്ലാമിക അന്തരീക്ഷം സഹിച്ചാൽ ഞങ്ങൾ മറ്റുള്ളവരുടെ ദൃഷ്ടിയിൽ യഥാസ്ഥികരായി ഗണിക്കപ്പെടില്ല എന്നാണ് അവർ ധരിക്കുന്നത്. അല്പം യഥാസ്ഥികരാണെങ്കിലും ഇത്തരത്തിലുള്ള നിർലജ്ജാകരമായ കാര്യങ്ങൾ ചെയ്യാൻ പറ്റാത്തത്ര അധ:പതിച്ചവരല്ല ഞങ്ങൾ എന്നാണ് അവർ മനസ്സിലാക്കുന്നത്. ഇതെല്ലാം അനുവദനീയമാണെന്നവർ കരുതുന്നു. ഇത്തരത്തിലുള്ള ചിന്താധാരയും പ്രവർത്തനരീതിയും ഒരിക്കലും ശരിയല്ല. സാവധാനത്തിൽ നിങ്ങളെ അപകടകരമായ നിലയിലേക്ക് എത്തിക്കുന്ന തരത്തിലുള്ള നടപടികളാണിത്. നിങ്ങളിവിടെ അഹ്മദീ ചുറ്റുപാടിനെ സൃഷ്ടിക്കുക. സാമൂഹിക മൂല്യങ്ങൾ ലജ്ജയെ ആക്രമിക്കുന്ന അവസരങ്ങളിലെല്ലാം തന്നെ നിങ്ങൾ ലജ്ജയുടെ സംരക്ഷണാർത്ഥം നെഞ്ച് വിരിച്ച് നില കൊള്ളുക.

(പ്രഭാഷണം: ലജ്ന ഇമാഉല്ലാഹ് വാർഷിക ഇജ്തിമാഅ്, ജർമനി 08.09.90)

ശതാബ്ദം
1913– മെയ്
എസ്.

ഹുസൂറിന്റെ പദ്യസമാഹരം കലാമെ മഹ്മൂദ് ആദ്യമായി പ്രസിദ്ധപ്പെടുത്തി. 1903 ൽ തയ്യാറാക്കിയതായിരുന്നു ഈ പദ്യസമാഹരം.

പുണ്യാത്മാക്കൾ

# ഹദ്റത് ഹക്കീം ഫസ്‌ലുദ്ദീൻ സാഹിബ് ഭേരവി (റ)



ഹദ്റത് ഹക്കീം ഫസ്‌ലുദ്ദീൻ സാഹിബ് ഭേരവി(റ) ഹദ്റത് ഖലീഫ അവ്വൽ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) ന്റെ ബാല്യകാല സുഹൃത്തും സഹപാഠിയുമായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ അധിക ഗ്രന്ഥങ്ങളുടെയും ടൈറ്റൽ പേജിൽ അദ്ദേഹത്തിന്റെ പരാമർശം ഇങ്ങനെ കാണാവുന്നതാണ്, ' ഹക്കീം ഫസ്‌ലുദ്ദീൻ സാഹിബിന്റെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടത്'.

അദ്ദേഹത്തിന്റെ ജനനം 1832 ലാണ്. 1891 ൽ അദ്ദേഹത്തിന് ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നതിനുള്ള സൗഭാഗ്യം ലഭിച്ചു. ബയ്അത്തിനു ശേഷം അധികം താമസിയാതെ അദ്ദേഹം ഖാദിയാനിൽ സ്ഥിരവാസമുറപ്പിച്ചു. ഹദ്റത് മസീഹ് മൗഊദ് (അ) തന്റെ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണ ചുമതല അദ്ദേഹത്തെയാണ് ഏൽപ്പിച്ചത്.

ഹദ്റത് ഹക്കീം ഫസ്‌ലുദ്ദീൻ സാഹിബ് (റ) വസ്ത്ര വ്യാപാരിയായിരുന്നു. കൂടാതെ ധാരാളം കൃഷിയിടങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു.

നിശാനെ ആസ്മാനി എന്ന ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിനായി ഹദ്റത് മസീഹ് മൗഊദ് (അ) സഹായം അഭ്യർത്ഥിച്ചു കൊണ്ട് കത്തയച്ച ആത്മാർത്ഥ അഹ്മദികളിൽ ഹക്കീം ഫസ്‌ലുദ്ദീൻ സാഹിബും ഉൾപ്പെടുന്നു. പ്രസ്തുത ഗ്രന്ഥത്തിൽ ഹദ്റത് മസീഹ് മൗഊദ് (അ) ഇങ്ങിനെ പരാമർശിക്കുന്നുണ്ട്, 'ഹദ്റത് ഹക്കീം സാഹിബ് (റ) 700 വാല്യങ്ങൾക്കുള്ള തുക നൽകിക്കഴിഞ്ഞു. കൂടാതെ അദ്ദേഹം മുൻപും ഏകദേശം 700 രൂപ സഹായധനമായി നൽകിക്കഴിഞ്ഞിരിക്കുന്നു'.

ഹദ്റത് മസീഹ് മൗഊദ് (അ) പല ആവർത്തി അദ്ദേഹത്തിന്റെ പേര് പരാമർശവിധേയമാക്കിയിട്ടുണ്ട്. പല സന്ദർഭങ്ങളിലും അദ്ദേഹത്തിന്റെ പേര് സാക്ഷിയായും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിടത്ത് ഹദ്റത് മസീഹ് മൗഊദ് (അ) അദ്ദേഹത്തിന്റെ സ്നേഹത്തെ പരാമർശിച്ചു കൊണ്ട് എഴുതുന്നു, 'എന്റെ സഹോദരനായ ഹക്കീം ഫസ്‌ലുദ്ദീൻ സാഹിബ് ഭേരവിക്ക് എന്നോടുള്ള സ്നേഹത്തെ വിവരിക്കാൻ ഞാൻ അശക്തനാണ്. ശരിയായ നിലയിൽ എനിക്കായി നന്മ ആഗ്രഹിക്കുന്ന, ഹൃദയാത്മനാ അനുകമ്പയുള്ള, സത്യാന്വേഷിയായ വ്യക്തിയാണദ്ദേഹം. .......... അദ്ദേഹത്തിന്റെ അഭിലാഷം അല്ലാഹുവിന്റെ അഭിലാഷമായി പരിണമിക്കുന്നു എന്നതിൽ ഞാൻ അൽഭുത പരതന്ത്രനാണ്'.

ഹദ്റത് ഹക്കീം ഫസ്‌ലുദ്ദീൻ സാഹിബിന് സന്താനങ്ങളൊന്നും ഉണ്ടായിരുന്നില്ല. അദ്ദേഹം തന്റെ സ്വത്തുക്കളെല്ലാം തന്നെ സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ പേരിൽ ഉപഹാരമായി സമർപ്പിച്ചിരുന്നു.

1908 ലാണ് അദ്ദേഹം വഫാത്തായത്.

(അവലംബം: അൽഫള്ൽ ഇന്റർനാഷണൽ)

അൻസാർ കോളം

# അൻസാറുല്ലാഹ്‌യുടെ ഉത്തരവാദിത്വം

മജ്‌ലിസ് അൻസാറുല്ലാഹ്‌യുടെ യഥാർത്ഥ സ്ഥാപനോദ്ദേശ്യം, ദീനീ സേവനത്തിന്റെ പരിശുദ്ധവും ആത്മാർത്ഥവുമായ വികാരം നിങ്ങളുടെയുള്ളിൽ നിലനിർത്തുകയും, കുട്ടിക്കാലത്തും യുവത്വത്തിലും നിങ്ങൾ സംരക്ഷിക്കുകയും എല്ലാ വിധത്തിലുള്ള ആപത്തുകളിൽ നിന്നും രക്ഷിക്കുകയും ചെയ്ത അമാനത്തിനെ ഇപ്പോൾ അതിനേക്കാളും ഉത്തമമായ നിലയിൽ മേൽനോട്ടം വഹിക്കുകയും, തങ്ങളുടെ കുട്ടികളെയും യുവാക്കളെയും തങ്ങളോടൊപ്പത്തിനൊപ്പം നയിക്കുന്നതിന്നുമായി ശ്രമിക്കുകയും ചെയ്യുക എന്നതാണ്. അവരുടെ സംഘടനകൾ വെവ്വേറെ ആയിരിക്കാം. എന്നാൽ അത്ഫാലുൽ അഹ്മദിയ്യ അവസാനം നിങ്ങളുടെ തന്നെ മക്കളാണ്. ഖുദ്ദാമും മറ്റൊരു വ്യക്തിത്വമല്ല മറിച്ച്, നിങ്ങളുടെ തന്നെ മക്കളും സഹോദരന്മാരും തന്നെയാണ്. തങ്ങളുടെ സന്താനങ്ങളുടെ ശിക്ഷണം പിതാവിന്റെ ഉത്തരവാദിത്വമാണെന്നതു പോലെ അൻസാറുല്ലായുടെ ചുമതല, തങ്ങളുടെ ജമാഅത്തിലെ കുട്ടികളുടെയും യുവാക്കളുടെയും അവസ്ഥയെ സംബന്ധിച്ചും അവരുടെ സ്വഭാവഗുണങ്ങളെ സംബന്ധിച്ചും അവലോകനം നടത്തികൊണ്ടിരിക്കുക എന്നതാണ്. അഥവാ അവരിൽ എന്തെങ്കിലും ന്യൂനത കാണുകയാണെങ്കിൽ – അല്ലാഹു അങ്ങിനെ ആക്കാതിരിക്കട്ടെ– സൗമ്യതയോടും സ്നേഹത്തോടും കൂടി അതിനെ ദുരീകരിക്കുന്നതിനായി പരിശ്രമിക്കുക. തങ്ങളുടെ പ്രത്യക്ഷ പരിശ്രമത്തോടൊപ്പം തന്നെ ദുആ മുഖേനയും അല്ലാഹുവിന്റെ സഹായത്തേയും പിന്തുണയെയും ആകർഷിക്കുക. ഏറ്റവും കൂടുതലായി തങ്ങളുടെ സൽമാതൃക അവരുടെ മുന്നിൽ സമർപ്പിക്കുക. തൽഫലമായി അവരുടെ പ്രകൃതത്തിന്റെ ഗോപ്യമായ പ്രകാശം തിളക്കമാർന്നതാകുകയും ദീനിന് വേണ്ടി ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ആവേശം അവരുടെ ഉള്ളിൽ അധികരിക്കുകയും ചെയ്യുന്നതാണ്.

അഥവാ ജമാഅത്തിന്റെ ഈ മൂന്ന് വിഭാഗങ്ങളും അവരവരുടെ ഉത്തരവാദിത്വം മനസ്സിലാക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ സാമൂഹിക ജീവിതം എപ്പോഴും നിലനിൽക്കുന്നതാണ്. വ്യക്തികൾക്ക് എന്നെന്നും ജീവിച്ചിരിക്കാൻ സാധിക്കില്ലായിരിക്കാം. എന്നാൽ സമൂഹത്തെ ആത്മീയ മരണത്തിൽ നിന്നും സുരക്ഷിതമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അത് സാധ്യമാണ്. അതിനാൽ അല്ലാഹു നിങ്ങൾക്ക് അനശ്വരമായ ആത്മീയ ജീവിതം നൽകുന്നതിനായി ശ്രമിക്കുക. നിങ്ങൾക്ക് ശേഷം നന്മയിൽ അധിഷ്ഠിതമായ പരിശുദ്ധമായ തലമുറയെ വിട്ടേച്ചു പോകുന്നതിനായി നിങ്ങൾ ശ്രമിക്കുക. തൽഫലമായി നിങ്ങളുടെ മരണസമയം വന്നെത്തുമ്പോൾ നിങ്ങളുടെ കണ്ണുകൾ കുളിർമയുള്ളതായിത്തീരും, നിങ്ങളുടെ നാവുകൾ അല്ലാഹുവിനെ സ്തുതിച്ചു കൊണ്ടിരിക്കുകയായിരിക്കും.

എല്ലാ കാലഘട്ടത്തിലും കാലം മാറുന്നതിനനുസരിച്ച് ദീനീസേവനത്തിന്റെ അവസരങ്ങളും മാറിക്കൊണ്ടിരിക്കുന്നു എന്നത് നിങ്ങൾ മറക്കരുത്. ഇക്കാലഘട്ടത്തിലെ ഏറ്റവും വലിയ പരീക്ഷണം ക്രിസ്തു മതത്തിന്റെ പരീക്ഷണമാണ്. അതിന്റെ നിർജനീകരണത്തിനായിട്ടാണ് അല്ലാഹു ഹദ്റത് മസീഹ് മൗഊദ് (അ) നെ അയച്ചതും, കുരിശുടക്കുക എന്ന ചുമതല അദ്ദേഹത്തെ ഏൽപ്പിച്ചിരിക്കുന്നതും. അതിനാൽ ഇക്കാലഘട്ടത്തിലെ ഏറ്റവും വലിയ നന്മ ഏകനായ അല്ലാഹുവിന്റെ നാമം ഉയർത്തുക എന്നതും നിഷേധത്തിന്റെയും ബഹുദൈവാരാധനയുടെയും വേര് പിഴുതെറിയുക എന്നതുമാണ്. അതിനായി ജമാഅത്തിന് സമ്പത്തും ജീവനും എല്ലാം തന്നെ സമർപ്പിക്കേണ്ടതായി വരുന്നതാണ്.

(ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) യുടെ സന്ദേശം: അൽഫള്ൽ നവംബർ 1963)



## വിജ്ഞാനവേദി

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )**

**വാഗ്ദത്ത മഹ്ദി മസീഹിന് ശേഷം ഒരു പരിഷ്കർത്താവ് ഉണ്ടാകുമോ? ഉണ്ടെങ്കിൽ ആ പരിഷ്കർത്താവും ഖലീഫയും തമ്മിൽ എന്തായിരിക്കും ബന്ധം?**

ഖിലാഫത്തിനെ കുറിച്ച് വി:ഖുർആനിൽ പരാമർശിച്ചിട്ടുണ്ട്. ആയത്തെ ഇസ്തിഖ്ലാഫിൽ റസൂൽ തിരുമേനിയുടെ പിൻതുടർച്ചക്കാർക്ക് ഖിലാഫത്ത് വാഗ്ദാനം ചെയ്തു. റസൂൽ തിരുമേനിയെ അനുസരിക്കുന്നവരിലാണ് ഇത് പൂർത്തിയാവുക.

**ഇത് ഏത് രീതിയിലുള്ള ഖിലാഫത്താണെന്ന് എങ്ങിനെയറിയാം?**

മുമ്പ് ഈസാ (അ) മുസാ (അ) യുടെയും കാലത്ത് നടന്ന ഖിലാഫത്ത് രണ്ട് രീതിയിൽ കാണുന്നു. ഒന്ന് അല്ലാഹു നേരിട്ട് നിയോഗിക്കുന്നതും രണ്ടാമത്തേത് അല്ലാഹുവിന്റെ മാർഗ്ഗദർശനത്തിൽ വിശ്വാസികൾ തെരഞ്ഞെടുക്കുന്നതും ഒന്നാമത്തെ തരത്തിൽ വ്യത്യസ്ഥകാലങ്ങളിൽ പരിഷ്ക്കർത്താക്കളെ അല്ലാഹു ജനങ്ങളെ നേർവഴിയിൽ നിലനിർത്താൻ നിയോഗിച്ചു. രണ്ടാമതായി അല്ലാഹുവിന്റെ  സഹായത്തോടെയുള്ള തെരഞ്ഞെടുപ്പിലൂടെ ഖലീഫയെ നിയോഗിക്കലാണ്. ഒരു പ്രവാചകന്റെ കാലശേഷം ഉടൻ തന്നെ ഖലീഫ നിയമിതനാകുന്നു. ഇസ്ലാമിക ചരിത്രത്തിൽ നാലാം ഖിലാഫത്ത് വരെ ഈ രീതിയാണ് കാണുവാൻ സാധിക്കുക.

ഇവിടെ മുജദ്ദിദിയ്യത്ത് കാണുന്നില്ല. ഒരു പരിഷ്ക്കർത്താവിന്റെ ആവശ്യം അവിടെ വരുന്നില്ല. നാലാം ഖിലാഫത്തിന് ശേഷം ഭിന്നിപ്പ് ആരംഭിക്കുന്നു. അതോടെ ഖിലാഫത്തെ റാശിദ ഉയർത്താപ്പെടുന്നു. കാരണം ഖിലാഫത്തിന് ഐക്യം നിബന്ധനയാണ്. 'എന്നെ മാത്രം ആരാധിക്കുക എനിക്ക് പങ്കുകാരെ ചേർക്കരുത്' എന്ന ഖിലാഫത്തിന്റെ നിബന്ധനയിൽ ഐക്യത്തോടെയുള്ള ഒരു സമുദായമാണ് വിവക്ഷിക്കപ്പെടുന്നത്. ഭിന്നിപ്പ് വന്ന് കഴിഞ്ഞാൽ പിന്നെ ഖിലാഫത്തിന്റെ വാഗ്ദാനത്തിന് അവർക്ക് അർഹത ഇല്ലാതായിത്തീരുന്നു. റസൂൽ തിരുമേനിക്ക് ശേഷം ഇസ്ലാമിക ചരിത്രം ഇതിന് സാക്ഷിയാണ്.

പ്രാരംഭ ഘട്ടത്തിലെ ഇസ്ലാം ഒരു ഖലീഫക്ക് കീഴിൽ ഒറ്റക്കെട്ടായിരുന്നു. ഇതാണ് ഖിലാഫത്തിന്റെ വാഗ്ദാനം. മുജദ്ദിദിയ്യത്തിനെ കുറിച്ച് ഖുർആനിൽ ഇല്ല. ഹദീസിലാണ് കാണുന്നത്. ഖുർആനിലെ ചില പരാമർശങ്ങൾ മുജദ്ദിദിയ്യത്തിനെ കുറിച്ചുള്ള സൂചനകളായി കണക്കാക്കാമെന്ന് മാത്രം. ഏത് വരെ ഖിലാഫത്ത് നില നിൽക്കുമോ ഏത് വരെ ഒരു ഖലീഫക്ക് കീഴിൽ ഇസ്ലാം ഒന്നായി നിൽക്കുന്നുവോ അത് വരെ മുജദ്ദിദിന്റെ ചോദ്യം തന്നെ ഉദിക്കുന്നില്ല. കാരണം മുജദ്ദിദിന്റെ ആഗമനം ഭിന്നിപ്പ് വഴിതെളിക്കുന്നു. ഖിലാഫത്തിന്റെ ഉദ്ദേശ്യം തന്നെ ചോദ്യം ചെയ്യപ്പെടുന്ന സ്ഥിതിയാണ് ഉണ്ടാവുക.

**എന്നെ മാത്രം ആരാധിക്കുക ഒന്നിനെയും പങ്കു ചേർക്കരുത് എന്ന് ഈ അവസ്ഥയിൽ എങ്ങിനെ പറയാൻ സാധിക്കും?**

ഭിന്നതക്ക് കാരണമാകുന്ന പരിഷ്കർത്താവിന്റെ ആശയം തന്നെ അസ്വീകാര്യമാണ്. റസൂൽ തിരുമേനി ഇതിനെ എങ്ങിനെ മനസ്സിലാക്കി എന്ന് പരിശോധിക്കാം. മുജദ്ദിദിയ്യത്ത് തുടർന്നുവരുന്ന ഒരു നേതൃത്വമായിട്ടല്ല തിരുമേനി വരച്ചുകാട്ടിയത്.

"*ഇന്നല്ലാഹ യഅ്ബസു*" എന്നു തുടങ്ങുന്ന ഹദീസിൽ ഓരോ നൂറ്റാണ്ടിന്റെ ആരംഭത്തിലും ഒന്നോ അതിലധികമോ പരിഷ്കർത്താക്കൾ ദീനിനെ പരിഷ്ക്കരിക്കും എന്നാണ് വിശദീകരിച്ചത്. എന്നാൽ അതിന് തുടർച്ചയില്ല. ഇടയിൽ ഇടവേളയുണ്ട്. എന്നാൽ ഖിലാഫത്ത് തുടർച്ചയുള്ളതാണ്. ആദ്യത്തെ ഖിലാഫത്ത് അധികകാലം നീണ്ടു നിൽക്കില്ലെന്ന താക്കീത് നൽകിക്കൊണ്ടാണ് മുജദ്ദിദിയ്യത്തിന്റെ പരാമർശം നൽകിയത്. എന്നാൽ ഇസ്ലാം അതുവരെ നിലനിൽക്കുന്നതിനാൽ ഖിലാഫത്ത് പുനസ്ഥാപിക്കപ്പെടും.

മുജദ്ദിദിയ്യത്തും ഖിലാഫത്തും തയമ്മുവും വുളുവും പോലെയാണ്. അതിനാലാണ് അവസാനം നുബുവ്വത്തിന്റെ മാർഗ്ഗത്തിൽ ഖിലാഫത്ത് ഉണ്ടാവുമെന്ന് പറഞ്ഞത്. അതിന് ശേഷം മുജദ്ദിദിയ്യത്തിന്റെ പരാമർശമില്ല.

ഏത് വരെ ഖിലാഫത്തെ സ്വാലിഹ അഹ്മദിയ്യാ ജമാഅത്തിൽ തുടർന്ന് പോരുമോ അത് റസൂൽ തിരുമേനിയുടെ തന്നെ ഖിലാഫത്തിന്റെ തുടർച്ചയാണ്. ആദ്യ ഖിലാഫത്തിനും രണ്ടാം ഖിലാഫത്തിനും ഇടയിൽ ഒരു ഇടവേള വിധിക്കപ്പെട്ടിരുന്നു. ഈ ഇടവേളയിൽ റസൂൽ തിരുമേനിയുടെ ദീനിനെ അല്ലാഹു വിട്ടുകളയാതെ അതിനെ പുനരുജ്ജീവിപ്പിക്കാൻ ഓരോ നൂറ്റാണ്ടിന്റെയും തലക്കൽ മുജദ്ദിദിനെ എഴുന്നേൽപിച്ചു. അവർ ഉമ്മത്തിനെ പരിഷ്കരിച്ചു. അഹ്മദിയ്യത്ത് വഴി 1000 വർഷമെങ്കിലും ഖിലാഫത്ത് തുടരുമെന്ന് മസീഹ് മൗഊദ് (അ) എഴുതുകയുണ്ടായി. അതിനാൽ മുജദ്ദിദിന്റെ ആവശ്യം ഉദിക്കുന്നില്ല.

*സമ്പാ: ഡോ. സി. സലാഹുദ്ദീൻ,കോഴിക്കോട്*

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: **ഇബ്നു.എസ്.ഹമീദ്**

# അല്ലാഹു സർവശക്തനാണ്

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മഖ്ദൂമീ മുക്റമീ അഖ്വീം സേഠ് സാഹിബ് സല്ലമഹൂ

السلام علیکم ورحمۃ اللہ وبرکاتہ

താങ്കളുടെ കത്ത് കിട്ടി.

ശരിയായ സംഗതികൾ കേടുവരികയും ജീവിത മാർഗം കുറയുകയോ ഇല്ലാതാവുകയോ ചെയ്യുമ്പോഴും മനുഷ്യന് ദു:ഖം ഉണ്ടാകുന്നുവെന്നത് സത്യമാണ്. എന്നാൽ കേടുവരുത്തുന്നവൻ തന്നെ അത് ശരിയാക്കാനും കെൽപ്പുള്ളവനാണ്.

ചുരുക്കത്തിൽ ലോകത്ത് പരാജിത മാനസങ്ങൾക്കും തകർന്ന മനു ഷ്യർക്കും സന്തോഷിക്കാനുള്ള ഏകമാർഗം പ്രതാപവാനായ അല്ലാഹുവിനെ വിശ്വാസദാർഢ്യത്തോടെ ഓർക്കുകയാണ്. അവൻ ഒറ്റ നിമിഷം കൊണ്ട് സിംഹാസനത്തിൽ നിന്ന് നിന്ദ്യതയുടെ മണ്ണിലേക്ക് ഇടുന്നവനും അതേപോലെത്തന്നെ ഒറ്റ നിമിഷം കൊണ്ട് മണ്ണിൽ നിന്ന് സിംഹാസനത്തിൽ ഇരുത്തുന്നവനുമാണ്. ഇവിടെ എന്തുകൊണ്ട്, എങ്ങിനെ എന്നൊക്കെ പറയുന്നത് കുഫ്ർ ആണ്. ഇതിനുള്ള മറുപടി, ഒരു രേതസ്കണത്തിൽ നിന്ന് മനുഷ്യനെ എങ്ങിനെ സൃഷ്ടിച്ചു എന്നതാണ്.

اَلَمْ تَعْلَمْ اَنَّ اللّٰهَ عَلٰى كُلِّ شَىْءٍ قَدِيْرٌ (2:107)

അന്ധതയും സംശയവും തെറ്റിദ്ധാരണയും കാരണമാണ് എല്ലാ ദു:ഖങ്ങളും ഉണ്ടാകുന്നത്. നമ്മുടെ ദൈവം അത്ഭുതകരമായ ശക്തികളുള്ള രാജാവാകുന്നു. അവൻ ഇഷ്ടമുള്ളത് ചെയ്യുന്നു. ഒരു കാര്യവും അവന് അസാദ്ധ്യമായിട്ടില്ല.

ദൃഢജ്ഞാനത്തിന്റെ മാധുര്യം ഉണ്ടായിക്കഴിഞ്ഞാൽ മനുഷ്യൻ ഭൗതികതയെ തേടുന്നത് സ്വയം ഒഴിവാക്കുമായിരുന്നു. കാരണം ദൈവം ഉണ്ടെന്നതും അവൻ താൻ ആഗ്രഹിക്കുന്നതു പോലെ  ചെയ്യാൻ കഴിവുള്ളവനാണെന്നും തിരിച്ചറിയുന്നതിലും വലിയ ഒരു ആനന്ദവും ഇല്ല. അന്തസ്സുടയവനും കരുണാമയനുമായ അവന്റെ തിരുമുമ്പിൽ വീഴുന്നവരെ അവൻ നഷ്ടപ്പെടുത്തുന്നതല്ല.

വസ്സലാം
വിനീതൻ
മിർസാ ഗുലാം അഹ്മദ്


07/07/1902

# മൂന്നു പേർക്കും ശാപം!

ഒരിക്കൽ ഒരു ശിയ ചക്രവർത്തിയുടെ അടുക്കൽ ഒരു സുന്നി വൃദ്ധൻ സഹായവും തേടി എത്തുകയുണ്ടായി. അയാൾ സൽ പ്രകൃതക്കാരനായ വ്യക്തിയായിരുന്നു. എന്നാൽ ജീവിതം കഴിച്ചു കൂട്ടാൻ ബുദ്ധിമുട്ടായത് കൊണ്ടാണ് ചക്രവർത്തിയുടെ അടുക്കൽ പോയി എന്തെങ്കിലും സഹായം ചോദിക്കാം എന്ന് കരുതിയത്. അവിടെ എത്തിയപ്പോൾ വേറെയും ധാരാളം ആളുകൾ സ്വന്തം പരാധീനതകളുമായി എത്തിയിരുന്നു. എന്നാൽ അവരെല്ലാവരും ശിയാക്കളായിരുന്നു. ഇദ്ദേഹം മാത്രമാണ് സുന്നിയായിട്ടുണ്ടായിരുന്നത്. ചക്രവർത്തി സഹായധനം വിതരണം ചെയ്യുന്നതിനായി എഴുന്നേറ്റപ്പോൾ മന്തി ചെവിയിലെന്തോ മന്ത്രിച്ചു. ചക്രവർത്തി സുന്നി വൃദ്ധനൊഴിച്ച് ബാക്കി എല്ലാവർക്കും സഹായധനം നൽകുകയും അവരെല്ലാവരും ഓരോരുത്തരായി മടങ്ങിപ്പോകുകയും ചെയ്തു. ഈ വൃദ്ധൻ അവിടെ തന്നെ നിൽക്കുകയായിരുന്നു. അവസാനം അയാൾ കുറെ സമയമങ്ങിനെ നിന്നപ്പോൾ ചക്രവർത്തി മന്ത്രിയോട് പറഞ്ഞു, അയാൾക്കും എന്തെങ്കിലും നൽകി പറഞ്ഞയക്കുക. മന്ത്രി പറഞ്ഞു, ഞാൻ കൊടുത്തു കൊള്ളാം. പക്ഷെ അയാളെ കണ്ടിട്ട് സുന്നിയെ പോലെ തോന്നുന്നു. ചക്രവർത്തി ചോദിച്ചു, നിങ്ങൾക്കെങ്ങിനെ മനസ്സിലായി? പറഞ്ഞു, അയാളെ കണ്ടിട്ട് എനിക്ക് അങ്ങിനെയാണ് തോന്നുന്നത്. ചക്രവർത്തി പറഞ്ഞു, എന്നാൽ പരീക്ഷിച്ച് നോക്കുക. ഉടൻ മന്ത്രി ഹദ്റത് അലി(റ) ന്റെ ശ്രേഷ്ഠതകൾ വർണിക്കാൻ തുടങ്ങി. ആ വൃദ്ധൻ താൽപര്യത്തോടെ അത് കേട്ടു നിന്നതിനു ശേഷം പറഞ്ഞു, ഹദ്റത് അലി(റ) ന്റെ മഹത്വത്തിൽ എന്ത് സംശയമാണുള്ളത്? അദ്ദേഹം റസൂൽ തിരുമേനി(സ)യുടെ സഹാബിയും മരുമകനുമാണ്. അല്ലാഹു അദ്ദേഹത്തിന് ഖിലാഫത്ത് പദവി നൽകി. ചക്രവർത്തി പറഞ്ഞു, ഇപ്പോൾ തെളിഞ്ഞില്ലേ ശിയാ ആണെന്ന്. മന്ത്രി പറഞ്ഞു, ഞാൻ വേറെ ചിലത് ചോദിക്കട്ടെ. അങ്ങനെ മന്ത്രി ചോദിച്ച ചോദ്യങ്ങൾക്കൊക്കെ അയാൾ സാക്ഷ്യം പറഞ്ഞു. അപ്പോൾ ചക്രവർത്തി ചോദിച്ചു, ഇനിയും സംശയം ബാക്കിയുണ്ടോ? മന്ത്രി പറഞ്ഞു, ഉണ്ട്. എന്തായാലും ശാപം ചൊരിഞ്ഞ് നോക്കാം. അയാൾ അതിൽ പങ്കാളിയാകുന്നെങ്കിൽ ശിയാ ആയിരിക്കും. അല്ലെങ്കിൽ സുന്നി. അങ്ങനെ ചക്രവർത്തി പറഞ്ഞു, മൂന്ന് പേർക്കും ശാപം. (അതായത് നഊദുബില്ലാഹ് ഹദ്റത് അബൂബക്കർ(റ), ഹദ്റത് ഉമർ(റ), ഹദ്റത് ഉസ്മാൻ(റ) എന്നിവർക്ക് മേൽ ശാപം ഇറങ്ങട്ടെ) മന്ത്രിയും അതാവർത്തിച്ചു. ആ സുന്നി വ്യക്തിയും അത് തന്നെ പറഞ്ഞു. അപ്പോൾ രാജാവ് പറഞ്ഞു, ഇപ്പോൾ ഉറപ്പായില്ലേ? മന്ത്രി പറഞ്ഞു, ഇല്ല. ഇയാൾ മുനാഫിഖ് ആകുന്നു. അയാളോട് തന്നെ ചോദിക്കാം. ചോദിച്ചപ്പോൾ അയാൾ പറഞ്ഞു, ഞാൻ സുന്നിയാണ്. അപ്പോൾ മന്ത്രി ചോദിച്ചു, താങ്കളുടെ മറ്റ് കാര്യങ്ങളൊക്കെ അംഗീകരിക്കാം. കാരണം ഹദ്റത് അലി(റ)നെ നിങ്ങളും അംഗീകരിക്കുന്നുണ്ട്. എന്നാൽ മൂന്ന് പേർക്ക് ശാപം ചൊരിഞ്ഞപ്പോൾ നിങ്ങൾ എങ്ങിനെയാണ് ഞങ്ങളോടൊപ്പം ചേർന്നത്? അയാൾ പറഞ്ഞു, നിങ്ങൾ മൂന്ന് പേർക്കും ശാപം എന്ന് പറഞ്ഞപ്പോൾ മനസ്സിൽ ഹദ്റത് അബൂബക്കർ(റ),ഹദ്റത് ഉമർ (റ), ഹദ്റത് ഉസ്മാൻ (റ) എന്നിവരായിരുന്നു. എന്നാൽ ഞാൻ മൂന്ന് പേർക്ക് ശാപം പറഞ്ഞപ്പോൾ എന്റെ മനസിൽ മന്ത്രിക്കു മേലും ശാപം ഉണ്ടാകട്ടെ, ചക്രവർത്തിക്കു മേലും ശാപം ഉണ്ടാകട്ടെ, ഇത്തരത്തിലുള്ള നീചരുടെ ഭവനത്തിലെത്തിയ എന്റെ മേലും ശാപം ഉണ്ടാകട്ടെ എന്നായിരുന്നു.

(സേറേ റൂഹാനി)

**ടി.എം**





# സഹനം
# ഉന്നതിയിലേക്കുള്ള പാന്ഥാവ്

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ (റ) വിവരിക്കുന്നു, മുബാറക് അഹ്മദ് മരണാസന്നനായപ്പോൾ ഉറക്കത്തിലായിരുന്നു. ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ നാഡി പരിശോധിച്ചപ്പോൾ അസ്വാഭാവികമായ നിലയിൽ ദുർബലപ്പെട്ടിരിക്കുന്നതായി മനസ്സിലായി. അദ്ദേഹം ഹദ്റത് മസീഹ് മൗഊദ്(അ) നോട് പറഞ്ഞു, ഹുസൂർ! നാഡിമിടിപ്പ് വളരെ ദുർബലമാണ്. അതിനാൽ കുറച്ച് കസ്തൂരി നൽകിയാലും. ഹദ്റത് സാഹിബ് വേഗത്തിൽ പെട്ടിയിൽ നിന്ന് കസ്തൂരി എടുക്കുവാൻ തുടങ്ങി. അപ്പോൾ മൗലവി സാഹിബ് പറഞ്ഞു, ഹുസൂർ! നാഡിമിടിപ്പ് വളരെ ദുർബലമായിക്കഴിഞ്ഞു. ഹദ്റത് സാഹിബ് കൂടുതൽ ധൃതിയിൽ കസ്തൂരി എടുക്കാൻ തുനിഞ്ഞപ്പോൾ മൗലവി സാഹിബ് വീണ്ടും പറഞ്ഞു, മിടിപ്പ് വളരെ വളരെ ദുർബലമാണ്. ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) പറയാറുണ്ടായിരുന്നത് യഥാർത്ഥത്തിൽ ആ സമയത്ത് മുബാറക് അഹ്മദ് വഫാത്തായിക്കഴിഞ്ഞിരുന്നു, എന്നാൽ ഹദ്റത് സാഹിബിന്റെ വേദനയോർത്താണ് മൗലവി സാഹിബ് ആ വാക്ക് ഉച്ചരിക്കാതിരുന്നത്. അതിൽ ഹദ്റത് സാഹിബ് **ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ** എന്ന് പറഞ്ഞു കൊണ്ട് തികഞ്ഞ സൗമ്യതയോടു കൂടി പെട്ടി തുറന്ന് മുബാറക് അഹ്മദിന്റെ മരണവാർത്ത സുഹൃത്തുക്കൾക്ക് എഴുതുവാൻ ഇരിക്കുകയുണ്ടായി.

ഹദ്റത് റോശൻ അലി സാഹിബ് എന്നോട് പറഞ്ഞത്, ഹദ്റത് സാഹിബ് മുബാറക് അഹ്മദിനെ ഖബറടക്കാൻ പോയപ്പോൾ, ഖബർ തയ്യാറാകുന്നതിന് അല്പം താമസമുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം ഖബറിൽ നിന്നും അല്പം വിട്ടുമാറി തോട്ടത്തിൽ ഇരുന്നു. സഹാബാക്കളും ചുറ്റുമായി ഇരുന്നു. അല്പനേരം മൗനം അവലംബിച്ചതിനു ശേഷം ഹദ്റത് സാഹിബ് ഹദ്റത് ഖലീഫ അവ്വലിനെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു, മൗലവി സാഹിബ് ഇതു പോലുള്ള സുദിനങ്ങൾ മനുഷ്യന് വളരെ കുറച്ച് മാത്രമെ ലഭിക്കാറുള്ളു. തുടർന്ന് പറയുന്നു, അല്ലാഹു തന്റെ മാർഗത്തിൽ മനുഷ്യന്റെ മുന്നേറ്റത്തിനായി ഒരു ശരീഅത്ത് നിയമം വെച്ചിരിക്കുന്നു. മറ്റൊന്ന് വിധിയുടെ നിയമമാണ്. ശരീഅത്ത് നിയമത്തിന്റെ കടിഞ്ഞാൺ അല്ലാഹു മനുഷ്യന്റെ കയ്യിൽ നൽകിയിരിക്കുന്നു. ദാസർ അതിൽ പല രീതിയിലുള്ള എളുപ്പങ്ങളും സൗകര്യങ്ങളും ഉണ്ടാക്കുന്നു. വുളു ചെയ്യാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ തയമ്മം ചെയ്യുന്നു. നമസ്കാരം നിന്ന് അനുഷ്ഠിക്കാൻ പ്രയാസമാണെങ്കിൽ ഇരുന്നും അതിനും പ്രയാസമാണെങ്കിൽ കിടന്നും അനുഷ്ഠിക്കുന്നു. നോമ്പ് വേളയിൽ രോഗബാധിതനാണെന്നു തോന്നിയാൽ മറ്റൊരു സമയത്തേക്ക് അത് മാറ്റി വെക്കുന്നു. അങ്ങിനെ ശരീഅത്ത് നിയമത്തിന്റെ നിയന്ത്രണം തന്റെ കൈയിലായതിനാൽ മനുഷ്യൻ തനിക്ക് എളുപ്പവും സൗകര്യവും ഉണ്ടാക്കിയെടുക്കുകയും അതിന്റെ പ്രത്യക്ഷ പ്രയാസങ്ങളിൽ നിന്ന് രക്ഷനേടുകയും ചെയ്യുന്നു. എന്നാൽ വിധിയുടെ നിയമം അല്ലാഹുവിന്റെ കൈകളിലാണ്. അതിൽ ദാസർക്ക് യാതൊരു വിധ അവകാശവും വെച്ചിട്ടില്ല. ആകയാൽ വിധിയുടെ മുറിവ് ദാസന് ഏൽപിക്കപ്പെടുമ്പോൾ അവൻ അല്ലാഹുവിന് വേണ്ടി അത് സഹിക്കുകയും സഹനം കൈക്കൊള്ളുകയും അങ്ങനെ ദൈവവിധിയിൽ തൃപ്തിപ്പെടുകയും ചെയ്യുന്നു. അപ്പോൾ ഞൊടിയിടകൊണ്ട് അവൻ 40 ദിവസത്തെ നമസ്കാരം കൊണ്ടും നോമ്പു കൊണ്ടും ഉയരാൻ കഴിയാത്തത്ര ഉന്നതി പ്രാപിക്കുന്നു. അതിനാൽ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇതു പോലുള്ള ദിനം യഥാർത്ഥത്തിൽ വളരെയധികം സന്തോഷത്തിന്റെ ദിനമാണ്. (സീറത്തുൽ മഹ്ദി: വാള്യം 1)

സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവ്വാറ്റുപുഴ

# ബൈഅത്തിന്റെ കടമകൾ നിറവേറ്റുക



**ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഖിലാഫത്തിൽ ഉപവിഷ്ഠനായ ശേഷം ആദ്യം നൽകിയ ജുമുഅ ഖുത്വ്ബ**

***യാ അയ്യുഹല്ലദീന ആമനുസ്തഈ നൂ............ ഹുമുൽ മുഹ്തദൂൻ*** (2: 154 – 158)

ഇപ്പോൾ ഞാൻ നിങ്ങളെ കേൾപ്പിച്ച അല്ലാഹുവിന്റെ ഈ വചനങ്ങൾ നിസാര ഉപദേശങ്ങളല്ല. അവയെ കുറിച്ച് ഇന്നിവിടെ പരാമർശിക്കുക എന്റെ ഉദ്ദേശ്യവുമായിരുന്നില്ല. ഇതൊരു അറിവാകുന്നു. ദൈവിക അറിവാകുന്നു. അത് ഞാൻ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുകയാണ്. വചനം അല്ലാഹുവിന്റെതാണ്, മനുഷ്യന്റെതല്ല. അല്ലാഹുവിന്റെ പരിശുദ്ധവും മഹത്വപൂർണ്ണവുമായ ഗ്രന്ഥത്തിലെ യഥാർത്ഥ അദ്ധ്യാപനങ്ങളാണ്. ആ ഗ്രന്ഥത്തിനു വേണ്ടിയാണ് ഇപ്പോഴും മുമ്പും നിങ്ങളെല്ലാവരും ഇമാം സാഹിബിന്റെ കയ്യിൽ ബയ്അത്ത് ചെയ്തത്. അത് പരിപൂർണ്ണ ഗ്രന്ഥമാകുന്നു. സ്വയം അല്ലാഹു പറയുന്നു, ***അവലംയക്ഫിഹിം അന്നാ അൻസൽനാ അലൈ കൽ കിതാബ യുത്‌ലാ അലൈഹിം*** ( അൻകബൂത്: 52)

നബിതിരുമേനി(സ) തന്റെ വഫാത്തിന്റെ സമയത്ത് പേനയും മഷിയും ആവശ്യപ്പെട്ടു. എന്നിട്ട് പറഞ്ഞു, ഞാൻ നിങ്ങൾക്കായി ചില കാര്യങ്ങൾ എഴുതാൻ ആഗ്രഹിക്കുന്നു. അത് എത്തരത്തിലുള്ളതെന്നാൽ **ലൻ തളില്ലൂ** നിങ്ങൾ എനിക്ക് ശേഷം ഒരിക്കലും വഴിപിഴക്കുന്നതല്ല.

(ബുഖാരി, കിതാബുൽമർളാ)

അത് അല്ലാഹുവിന്റെ വചനങ്ങളിലേക്കുള്ള സൂചനയാണെന്ന് സൂക്ഷ്മബുദ്ധിയുള്ളവർക്കും ദൃഢമായ അറിവുള്ളവർക്കും പൂർണ്ണജ്ഞാനമുള്ളവർക്കും മനസിലായി. തിരുമേനി(സ) എഴുതാനാഗ്രഹിക്കുന്നത് ഇതേ പരിശുദ്ധ ഗ്രന്ഥം തന്നെയായിരുന്നുവെന്ന് എപ്പോഴും സത്യം മാത്രം പറയുന്നവർക്ക് ദൃഢവിശ്വാസം ഉണ്ടായി. അദ്ദേഹം വ്യക്തമായി പറഞ്ഞു, **ഹസ്ബുനാ കിതാബുല്ലാഹി.** ഒരു കാലത്ത് അല്ലാഹു എനിക്ക് വെളിപ്പെടുത്തി തന്ന ഒരു ദൈവീക ജ്ഞാനമാണിത്. നബി (സ)യുടെ നാവിൽ നിന്ന് പുറപ്പെട്ട വാക്ക് ഞാൻ എപ്രകാരമുള്ള കാര്യമാണ് എഴുതാൻ ആഗ്രഹിക്കുന്നതെന്നാൽ ലൻ തളില്ലൂ. അതിൽ നിന്ന് വ്യക്തമായും മനസിലാകുന്നത് ഖുർആൻ ഒരു മതിയായ ഗ്രന്ഥമാണെന്നാണ്.

ഞാനിന്ന് നിങ്ങളുടെ മുമ്പിൽ പാരായണം ചെയ്ത രണ്ട് വചനങ്ങളും എന്റെ ഏതെങ്കിലും പ്രത്യേക തീരുമാനത്തിന്റെയോ, ചിന്തയുടെയോ ഫലമല്ല. മാത്രവുമല്ല ഇതിനു മുമ്പ് ഇന്ന് ഈ വിഷയത്തെ സംബന്ധിച്ചോ ഈ വചനങ്ങളെ സംബന്ധിച്ചോ ഖുത്വ്ബ നൽകുന്നതിനായി ഞാൻ സന്നാഹവും നടത്തിയിട്ടില്ല. ഉപദേശം നൽകുന്നത് എന്റെ ശീലമാണ്. എന്നാൽ ഈ വചനങ്ങളെ സംബന്ധിച്ച് അല്ലാഹു തന്നെയാണ് എന്റെ മനസ്സിലേക്ക് ഇട്ടത്.

ഇതിന്റെ അർത്ഥം മനസ്സിലാക്കുന്നതിന് വേണ്ടി ഞാൻ ആദ്യം തന്നെ നിങ്ങളെ താക്കീതു ചെയ്യുന്നത്, ശ്രദ്ധയോടെ കേൾക്കുകയും ഓർത്തിരിക്കുകയും ചെയ്യണം എന്നാണ്. നിങ്ങൾക്ക് എന്തെങ്കിലും സംശയം ഉണ്ടാകുമ്പോൾ ആദ്യം വലത്തേക്കു തുപ്പുക, പിന്നീട് **ലാഹൗൽ** പറയുക. പിന്നീട് ഇക്കാര്യങ്ങളെ ധാരാളമായി ഉപയോഗിക്കുക. ദുആ ചെയ്യുക. വീണ്ടും നിങ്ങളെ താക്കീത് ചെയ്ത് കൊണ്ട് പറയുന്നു, ഇനി നിങ്ങളുടെ ജോലി ആയുധധാരികളായിത്തീരുക എന്നതാണ്. സർവസന്നദ്ധരാകുക. ദൃഢതയോടെ നിലകൊള്ളുക. എ ന്താണ് ആയുധങ്ങൾ. ദുആയാണ് ആ ആയുധങ്ങൾ. ഇസ്തിഗ്ഫാറും ലാഹൗലും, സലാമും, അൽഹംദുവും ധാരാളമായി ആവർത്തിക്കുക. ഈ ആയുധങ്ങളെ കയ്യടക്കുക. അവയെ ധാരാളമായി ഉപയോഗിക്കുക. ഒരു അനുഭവസ്ഥനെന്ന നിലയിലും, നിങ്ങൾ എന്നോട് ഉടമ്പടിയിലേർപ്പെടുകയും എന്റെ കയ്യിൽ ബയ്അത്ത് ചെയ്തിരിക്കുന്നു എന്ന നിലയിലും ഞാൻ നിങ്ങളോട് ശക്തമായ നിലയിലും കല്പന നൽകിക്കൊണ്ടും പറയുന്നു, ആപാദചൂഡം ആയുധങ്ങളാൽ സുരക്ഷിതരാകുവിൻ. ശത്രുക്കൾക്കായി മുറിവേൽപിക്കാൻ ഒരിടവും ബാക്കിയാക്കാത്ത തരത്തിൽ ആയിത്തീരുക. ഇടത്തേക്ക് തുപ്പുക. ലാഹൗൽ ചൊല്ലുക. ഇസ്തിഗ്ഫാർ, സലാം, അൽഹംദു എന്നിവ ധാരാളമായി ഉരുവിടുക. ഈ ആയുധങ്ങളാൽ വിഭൂഷിതരായിക്കൊണ്ട് ഈ വചനങ്ങളുടെ വിഷയം കേട്ടു കൊള്ളുക.

നിങ്ങൾ കേട്ടിട്ടുണ്ടാകും, ശത്രുക്കളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന് സാക്ഷ്യം പറഞ്ഞിട്ടുമുണ്ട്, നിങ്ങളിൽ ചിലർ സ്വന്തം കണ്ണുകൊണ്ട് കണ്ടിട്ടുമുണ്ടാകാം, ഹദീസിൽ വന്നിരിക്കുന്നു, **അൽ മബ്ത്വൂനു ശഹീദുൻ** (ബുഖാരി, കിതാബുൽ ജിഹാദ്). വയറിളക്കത്തിന്റെ അസുഖത്താൽ മരിക്കുന്നവർ ശഹീദാകുന്നു. മബ്ത്വൂൻ എന്നാൽ വയർ ചലിച്ചു കൊണ്ടിരിക്കുക. വയറിളകി കൊണ്ടിരിക്കുക. ഇനി ചിന്തിക്കേണ്ടത് അദ്ദേഹത്തിന്റെ വഫാത്ത് വയറിളക്കമെന്ന ഈ രോഗത്താലാണ് സംഭവിച്ചിരിക്കുന്നത്. ഇനി അഥവാ അല്ലാഹു അടയാളമായി നിശ്ചയിച്ച ഒരു ദീർഘകാലം അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന ആ പഴയ അസുഖത്താലോ, അല്ലെങ്കിൽ ശത്രുക്കളുടെ വാക്കുകളനുസരിച്ച് കോളറയുടെ വയറിളക്കത്താലോ ഏതും ആയിക്കൊള്ളട്ടെ അദ്ദേഹത്തിന്റെ വഫാത്ത് മബ്ത്വൂൻ എന്ന നിലയിലാണ് സംഭവിച്ചിരിക്കുന്നത്. അതിനാൽ സഹീഹായ ഹദീസനുസരിച്ച് മബ്ത്വൂനായി മരണപ്പെടുന്നവൻ അത് എത്തരത്തിലുള്ള വയറിളക്കമായിക്കൊള്ളട്ടെ ശഹീദാകുന്നു. അങ്ങനെ ശത്രുക്കളുടെ വായ കൊണ്ടും അല്ലാഹു അദ്ദേഹത്തിന്റെ ശഹാദത്തിനെ ഏറ്റു പറയിച്ചിരിക്കുന്നു.

**യുഖ്തലു ഫീ സബീലില്ലാഹി** എന്നതു കൊണ്ടുദ്ദേശിക്കുന്നത് യുദ്ധവും പോരാട്ടവുമാകുന്നു. യുദ്ധത്തിലും പോരാട്ടത്തിലുമാണ് മൈത്രി ഉണ്ടാകുന്നത്. അല്ലാഹു അദ്ദേഹത്തെ മൈത്രി സന്ദേശം നൽകിയതിന് ശേഷമാണ് ഉയർത്തിയത്. അതിൽ നിന്നും മനസ്സിലാകുന്നത് ഇപ്പോൾ യുദ്ധം അവസാനിക്കാൻ പോകുകയാണ്. കാരണം ഇപ്പോൾ മൈത്രിയുടെ സന്ദേശം നൽകപ്പെട്ടു. എന്നാൽ അല്ലാഹുവിന്റെ ഹിക്മത്ത് അദ്ദേഹത്തെ യുദ്ധാവസ്ഥയിൽ തന്നെ വിളിക്കുക എന്നതായിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നതിന്റെ പ്രതിഫലം നിലനിൽക്കുകയും അദ്ദേഹത്തിന് ശഹാദത്തിന്റെ പദവി കരസ്ഥമാകുന്നതിനും വേണ്ടിയായിരുന്നു അത്. അക്കാരണത്താലാണ് പ്രാവർത്തിക രൂപത്തിൽ ഈ മൈത്രിയുടെ നടപടികൾ പൂർത്തിയാകുന്നതിന് മുമ്പ് തന്നെ യുദ്ധത്തിന്റെ കാലഘട്ടം എന്ന് വിശേഷിപ്പിക്കാവുന്ന ഘട്ടത്തിൽ തന്നെ അദ്ദേഹത്തെ ഉയർത്തിയത്.

വിചിത്രമെന്ന് പറയട്ടെ, അദ്ദേഹം അതിനും കുറേ വർഷങ്ങൾക്കു മുമ്പ് ഒരിക്കൽ മുഴുവൻ പട്ടണത്തെയും വിളിച്ചു കൊണ്ട് പട്ടണത്തിന്റെ ഒത്ത നടുക്കുള്ള ശേഖ് മീരാൻ ബഖ്ശിന്റെ ബംഗ്ലാവിൽ വെച്ച് ഒരു തീരുമാനം കേൾപ്പിക്കുകയുണ്ടായി. അതിന്റെ പേര് അദ്ദേഹം ആസ്മാനീ ഫൈസല (ആകാശീയ തീരുമാനം) എന്ന് വെക്കുകയുണ്ടായി. അന്നേരം അബ്ദുൽ കരീം സാഹിബ് മർഹൂം താൻ ഈ വിഷയം വായിച്ച് കേൾപ്പിക്കാം എന്ന് അഭ്യർത്ഥിച്ചു. കാരണം അദ്ദേഹത്തിന്റെ ശബ്ദം ഉയർന്നതും, ഹൃദയഹാരിയും ആയിരുന്നു. സ്വയം തന്റെ ശബ്ദത്തെ കുറിച്ചും അദ്ദേഹത്തിന് മതിപ്പുണ്ടായിരിക്കാം. കൂടാതെ അത്തരം അവസരത്തിൽ പൊതുവായി ഉണ്ടാകുന്ന ആവേശവും കാരണമാകാം. എന്നാൽ അദ്ദേഹം വളരെ ആവേശത്തോടും പ്രൗഢനിലയിലും പറഞ്ഞത്, ഈ വിഷയം കേൾപ്പിക്കുന്ന കടമയും എന്റെത് തന്നെയാണ്. അങ്ങനെ ആയിരക്കണക്കിന് ആളുകളുടെ സദസ്സിൽ ഒരു വിഷയം അദ്ദേഹം പറഞ്ഞു. അദ്ദേഹം തന്റെ വാദത്തെ ജനങ്ങൾക്കു മുന്നിൽ സമർപ്പിച്ചു. പിന്നീട് അതിനു ശേഷം മറ്റൊരവസരത്തിൽ മതമഹാസമ്മേളനത്തിൽ അദ്ദേഹത്തിന്റെ സമാനതകളില്ലാത്തതും സത്യനിർഭരവുമായ പ്രഭാഷണം കേൾപ്പിച്ചതിലൂടെ ലോകത്ത് ന്യായപൂർത്തീകരണം സ്ഥാപിതമായി. പിന്നീട് അദ്ദേഹം മേലറാമിന്റെ ഭവനത്തിൽ വെച്ച് ഒരു ശക്തമായ പ്രഭാഷണം നടത്തുകയും എഴുതുകയും ചെയ്തു.

പിന്നീട് അദ്ദേഹം ഞങ്ങൾക്ക് നൽകിയ കല്പന ആര്യസമുദായത്തിന് മേലും ന്യായപൂർത്തീകരണം നടത്തുക എന്നതായിരുന്നു. ഈ ഉദ്ദേശ്യത്തെ പൂർത്തിയാക്കുന്നതിനായി അദ്ദേഹം ഒരു ലേഖനം എഴുതി. അത് സാക്ഷി എന്ന നിലയിൽ കേൾപ്പിക്കുകയും ചെയ്തു. അതിൽ അദ്ദേഹത്തിന്റെ യഥാർത്ഥ മതവും, സത്യവിശ്വാസവും, ഹൃദയാഭിലാഷവും, യഥാർത്ഥ ആവേശവും ആഗ്രഹവും ഉണ്ടായിരുന്നു. അത് നൽകി ഞങ്ങളെ യാത്രയാക്കി. ഞങ്ങളുടെ യാത്രയുടെ ഭാരിച്ച ചെലവുകളും സഹിച്ചു. ചുരുക്കത്തിൽ അത്തരത്തിലും അദ്ദേഹം ലാഹോർ പോലെയുള്ള ഭരണസിരാകേന്ദ്രങ്ങളിലും ജനങ്ങൾക്ക് മേൽ തന്റെ ന്യായപൂർത്തീകരണം സ്ഥാപിച്ചു. പിന്നീട് അതിനു ശേഷം അവസാന യാത്രയിലും എല്ലാ നേതാക്കന്മാരെയും ക്ഷണിച്ച് വരുത്തി അവർക്ക് തന്റെ വാദങ്ങളും, തെളിവുകളും, ആദർശങ്ങളും മതവും എത്തിച്ചു.

അദ്ദേഹം വളരെ പ്രൗഢവും ശക്തവുമായ നിലയിൽ തന്റെ പ്രവാചകസന്ദേശം തലസ്ഥാന നഗരിയിൽ വീണ്ടും വീണ്ടും എത്തിച്ചു. ഏതൊരു കാര്യത്തിനു വേണ്ടിയായിട്ടാണോ അദ്ദേഹം നിയോഗിക്കപ്പെട്ടത് അത് ഇനിയും പൂർത്തിയായിട്ടില്ല അല്ലെങ്കിൽ അപൂർണ്ണമാണ് എന്നാർക്കും പറയാൻ കഴിയില്ല എന്നാ ണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോൾ അവസാനമായി ഈ ഉഷ്ണകാലത്ത് യാത്രാവേളയിൽ അദ്ദേഹം മൈത്രി സന്ദേശം നൽകി. എന്നാൽ ആ മൈത്രി പ്രവർത്തന രൂപം പ്രാപിക്കുന്നതിനു മുമ്പേ തന്നെ അല്ലാഹു അദ്ദേഹത്തെ മടക്കി വിളിച്ചു. അങ്ങനെ അദ്ദേഹം യുദ്ധാവസരത്തിൽ മരണപ്പെടുന്നവർക്കുള്ള അനശ്വരമായ പ്രതിഫലം കരസ്ഥമാക്കി.

അല്ലാഹു പറയുന്നു, ***യാ അയ്യുഹല്ലദീന ആമ നുസ്തഈനു............... ലാ തശ്അറൂൻ*** (2:154,155) നാം കേൾപ്പിക്കുകയാണ്. അല്പം ശ്രദ്ധയോടു കൂടി ബോധവാന്മാരായിക്കൊണ്ട് കേൾക്കുക. അല്ലയോ വിശ്വാസികളെ! എന്താണ് പറയുന്നത്? അല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ ചെലവഴിച്ചവരെ കുറിച്ച്, ശഹീദായവരെ കുറിച്ച് ഇങ്ങനെ പറയരുത്. എന്ത് പറയരുത്? അവർ മരിച്ചു

പോയി എന്നു പറയരുത്. അവർ മരിച്ചിട്ടില്ല. മറിച്ച് അവർ ജീവനുള്ളവരാണ്. അദ്ദേഹം അല്ലാഹുവിന്റെ മാർഗത്തിൽ ദൈവീകകല്പനകളുടെ പ്രചാരണത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ യാത്രാവസ്ഥയിലാണ് വഫാത്തായത്. അതിനാൽ ഇത് അല്ലാഹുവിന്റെ കല്പനയാണ്. ആർക്കും അദ്ദേഹത്തെ മൃതൻ എന്ന് പറയുന്നതിനുള്ള അധികാരമില്ല. അദ്ദേഹം മൃതനല്ല, അദ്ദേഹം നശിക്കപ്പെ ട്ടിട്ടില്ല, **ബൽ അഹ്‌യാഉൻ** മറിച്ച് ജീവനുള്ളതാണ്. ഇത് അല്ലാഹു വിലക്കിയതാണെന്ന് ഓർത്തുകൊള്ളുക. എന്ത് കൊണ്ടാണ് ഇങ്ങനെയുള്ള കല്പന നൽകിയതെന്ന് നമുക്കറിയില്ല. മറിച്ച് ഇവിടെ മറ്റൊരു കാര്യം കൂടി സ്മരണയോഗ്യമാണ്. അതായത് ശുഹദാക്കളുടെ പരാമർശമുള്ള മറ്റിടങ്ങളിലെല്ലാം **അഹ്‌യാഉൻ ഇൻത റബ്ബിഹിം** എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ഇവിടെ **ഇൻത റബ്ബിഹിം** എന്ന പദം വിട്ടു കളഞ്ഞിരിക്കുകയാണ്. മനുഷ്യൻ മരിക്കുമ്പോൾ അവന്റെ ഭാഗങ്ങൾ വേർപെട്ടു പോകുന്നു. എന്നാൽ ഹദ്റത് മിർസാ സാഹിബിന്റെ ശരീര ഭാഗങ്ങളെ പോലെയായിരുന്ന ജമാഅത്തിനെ ഈ ശിഥിലീ കരണത്തിൽ നിന്നും രക്ഷിച്ചു കൊണ്ട് ഐക്യത്തിന്റെയും ഒരുമയുടെയും ഏകത്വത്തിന്റെയും ഉന്നത സ്ഥാനത്ത് പ്രതിഷ്ഠിച്ചു കൊണ്ടും അദ്ദേഹത്തിന്റെ ജീവിതത്തിന്റെയും അനശ്വര ജീവിതത്തിന്റെയും ആദ്യ ജീവനുള്ള തെളിവ് ലോകത്ത് വെളിപ്പെടുത്തി എന്നത് അല്ലാഹുവിന്റെ പ്രത്യേക കാരുണ്യമാണ്. കേവലം ബീജാവാപം നടത്തുക മാത്രമല്ല മറിച്ച്, ശത്രുക്കളുടെ മുഖത്ത് കരിവാരിത്തേച്ചു കൊണ്ട് ഏകത്വത്തെ സ്ഥാപിക്കുകയും ചെയ്തു.

നോക്കുക! **അൽ മബ്ത്വൂന ശഹീദുൻ** എന്നത് റസൂൽ തിരുമേനി(സ)യുടെ വചനമാണ്. മറുഭാഗത്ത് അല്ലാഹു വിശുദ്ധഖുർആനിൽ ശക്തമായ താക്കീത് നൽകി കൊണ്ട് മൃതരെന്ന് പറയരുത് മറിച്ച് **അഹ്‌യാഅ്** എന്ന് പറയുക എന്ന് പറയുന്നു. ഇത് നമുക്ക് മനസ്സിലാകുന്നില്ല. നാം സ്വയം ജീവൻ പോകുന്നത് കാണുകയുണ്ടായി. കുളിപ്പിച്ചു, കഫൻ നൽകി, സ്വന്തം കൈ കൊണ്ട് മറവടക്കി അല്ലാഹുവിനെ ഏൽപ്പിച്ചു. അപ്പോൾ എങ്ങിനെയാണ് മരിച്ചിട്ടില്ല, ജീവനോടെയുണ്ട് എന്ന് പറയുക? എന്നാൽ നോക്കുക അല്ലാഹു പറയുന്നു, നിങ്ങളുടെ ബുദ്ധി തെറ്റിദ്ധരിക്കുന്നു. ഞാനീ സംഗതി എന്റെ സഹോദരന്മാരുടെ മുന്നിൽ സമർപ്പിക്കുകയാണ്. അവർ തങ്ങളിൽ വികാരം ഉണർത്തുക. സത്യം സ്വീകരിച്ചതിലൂടെ അവരിൽ ഉടലെടുത്ത യഥാർത്ഥ ആവേശത്തോടെ അതിനെ വെളിപ്പെടുത്തുക. യഥാർത്ഥത്തിൽ തങ്ങളിൽ ഒരു വികാരവും മാനവും ഉണ്ടെന്ന് നമുക്ക് കാണിച്ചു തരട്ടെ. കോളറയാലാണ് മരണപ്പെട്ടത് എന്ന് പറയുന്ന ശത്രുക്കളോട് ചോദിക്കുക, അഥവാ ശത്രുക്കൾ സത്യമാണ് പറയുന്നതെന്ന് കരുതിയാൽ തന്നെ കോളറയാൽ മരിക്കുക ശഹാദത്തല്ലേ? മൈത്രിസന്ദേശം യുദ്ധത്തെ തെളിയിക്കുന്നു. അദ്ദേഹത്തിന്റെ വഫാത്ത് യഥാർത്ഥത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്തു കൊണ്ടാണെന്ന് ശത്രുക്കൾ പോ ലും സമ്മതിക്കുന്നതാണ്. ശത്രുക്കൾ സ്വയം എല്ലാ തരത്തിലും യുദ്ധസന്നാഹങ്ങൾ നടത്തിയിരുന്നു. തങ്ങളുടെ സർവ ആയുധങ്ങളും ഏറ്റികൊണ്ട് സ്വന്തം സുരക്ഷയ് ക്കുള്ള സംവിധാനം ഒരുക്കുന്നതിനുള്ള ചിന്തയിലായിരുന്നു. നേതാക്കൾക്കും സാമാന്യർക്കും ക്ഷണം നൽകിക്കൊണ്ട് അദ്ദേഹം തന്റെ എല്ലാ വാദങ്ങളും സമർപ്പിച്ചിരുന്നോ ഇല്ലയോ? അതിനാൽ ഈ എല്ലാ അനിവാര്യ ഘടകങ്ങളും ഉണ്ടായിരുന്നിട്ടു കൂടി ശത്രുക്കൾ അദ്ദേഹം ജീവിച്ചിരിക്കുന്നു എന്ന അഭിപ്രായക്കാരല്ലെങ്കിൽ മൃഗങ്ങളാകുന്നു. ഇത് നമുക്കായി ഒരു പരീക്ഷണമാണെന്നത് ശരി തന്നെ. സാഹിബ് സാദാ മിയാൻ മുബാറക് അഹ്മദിന്റെ മരണവും പിന്നെ സ്വയം ഹദ്റത് അഖ്ദസ് (അ) ന്റെ മടക്കവും യഥാർത്ഥത്തിൽ ഒരു പരീക്ഷണം തന്നെയാണ്. എന്നാൽ അതിലൂടെ അല്ലാഹു നമുക്ക് പാരിതോഷികം നൽകാൻ ആഗ്രഹിക്കുന്നു. ദൈവീകാനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനായി അല്പം ഭയവും അനിവാര്യമാണ്. എന്തിന്റെ ഭയം? അല്ലാഹുവിന്റെ ഭയം, ശത്രുക്കളുടെ ഭയം, ചില അല്പജ്ഞരായ ദുർബല വിശ്വാസികളുടെ പരിത്യാഗത്തിന്റെ ഭയം. എന്നാൽ അത് അല്പമേ ഉണ്ടാകുകയുള്ളൂ. ഇതൊരു പ്രവചനമാണ്. അല്ലാഹു സ്വയം പറയുന്നു, ***വലനബ്‌ലുവന്നക്കും................ വസ്സമറാത്തി.*** അല്ലാഹു പറയുന്നു, എന്റെ മാർഗത്തിൽ അല്പം ഭയം ഉണ്ടാകുന്നതാണ്, അല്പം വിശപ്പ് ഉണ്ടാകും. വിശപ്പ് ഒന്നുകിൽ വ്രതമനുഷ്ടിക്കുമ്പോഴാണ് ഉണ്ടാകുക. അതായത് അല്പം വ്രതവുമനുഷ്ടിക്കുക. അല്ലെങ്കിൽ ചില സമയത്ത് പട്ടിണിയുടെ അവസ്ഥയിലേക്കെത്തുന്ന തരത്തിൽ ദാനധർമങ്ങൾ അനുഷ്ഠിക്കുക വഴി സ്വയം വിശപ്പ് സ്വീകരിക്കുക. കുറഞ്ഞു പോകുന്ന തരത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുക. ജീവനെയും അവന്റെ മാർഗത്തിൽ ചെലവഴിക്കുക. അതേ പോലെ ഫലങ്ങളെയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴി ക്കുക. ***വബശ്ശിരി സ്വാബിരീനല്ലദീന............ രാജിഊൻ.*** വിപത്തിന്റെയും കാഠിന്യത്തിന്റെയും സമയങ്ങളിൽ സ്ഥിരചിത്തത കൈകൊള്ളുന്നവർക്ക്, നന്മയിൽ ഉറച്ചു നിൽക്കുന്നവർക്ക്, അല്ലാഹുവിനെ ഉപേക്ഷിക്കാത്തവർക്ക്, നാമെല്ലാവരും ദൈവീക തൃപ്തിക്കായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന് പറയുന്നവർക്ക്, അവൻ സംതൃപ്തനാകുന്ന മാർഗത്തിൽ സഞ്ചരിച്ചു കൊണ്ട് അവനെ സന്തോഷിപ്പിക്കാൻ അവന്റെ സവിധത്തിൽ എപ്പോഴും സന്നിഹിതരും സന്നദ്ധരും ആണെന്ന് പറയുന്നവർക്ക്, നമുക്ക് അവന്റെ സവിധത്തിൽ സന്നിഹിതനാകേണ്ടതാണ് എന്ന് പറയുന്നവർക്ക് സുവാർത്ത അറിയിക്കുക. ആരുടെ സവിധത്തിലാണോ ഒരു ദിവസം മനുഷ്യരെല്ലാവർക്കും സന്നിഹിതനാകേണ്ടത് അവൻ ഇതിൽ സന്തോഷവാനല്ലെങ്കിൽ പിന്നെ കൂടിക്കാഴ് ചയുടെ ദിനത്തിൽ സംപ്രീതി എങ്ങിനെയാണ് സംഭവിക്കുക. അതിനാൽ അല്ലാഹുവിൽ നിന്നും നിങ്ങളുടെ മേൽ ഭയത്തിന്റെയും, വിശപ്പിന്റെയും, ധനനഷ്ടത്തിന്റെയും, ഫലനഷ്ടത്തിന്റെയും പരീക്ഷണങ്ങൾ വരുന്നതിനു മുമ്പായി തന്നെ ഇക്കാര്യങ്ങളെ സ്വയം നിങ്ങളുടെ മേൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി സ്വീകരിക്കുക. അപ്പോൾ ഇരട്ടി പ്രതിഫലം ലഭിക്കുന്നതാണ്. ഇതിന്റെ ഉത്തമ പ്രതിഫലം അല്ലാഹുവിൽ നിന്ന് കരസ്ഥമാകുന്നതിനായി ഈ ചുവട് അല്ലാഹുവിന് വേണ്ടി വെക്കുക. ഈ വിപത്തുകൾ ദീനിയായിരിക്കില്ല. മറിച്ച് കേവലം നിസാരവും ഭൗതീകവും ആയിരിക്കും. കൂടിവന്നാൽ ശത്രുക്കൾ പരിഹസിച്ചേക്കാം. ആരെങ്കിലും മ്ലേഛമായ അസഭ്യങ്ങളാൽ നിറഞ്ഞ വിജ്ഞാപനം നൽകിയേക്കാം. അല്ലെങ്കിൽ അനിഷ്ടത്തിന്റെയും ദേഷ്യത്തിന്റെയും ഭാഷയിൽ എന്തെങ്കിലും വില കുറഞ്ഞ ആരോപണം ഉന്നയിച്ചേക്കാം. എന്നാൽ അല്ലാഹു പറയുന്നു, ***ലൻയളുർറൂക്കും ഇല്ലാ അദൻ*** (3,112). ഈ പ്രയാസം നിസാരമായിരിക്കും, വലിയ കഠിനമായ ബുദ്ധിമുട്ടായിരിക്കില്ല. ഭിന്നിപ്പിൽ നിന്ന് രക്ഷപ്പെടുത്തി കൊണ്ട് അല്ലാഹു നമ്മെ വലിയ വിപത്തിൽ നിന്നാണ് രക്ഷിച്ചത്. അഥവാ നിങ്ങളിൽ ഭിന്നിപ്പുണ്ടാകുകയും, ഇപ്പോഴുള്ളതു പോലെ ഏകത്വത്തിന്റെ പാശത്തിൽ കോർക്കപ്പെടാതിരിക്കുകയും, നിങ്ങൾ ഛിന്നഭിന്നമാകുകയും ചെയ്തിരുന്നെങ്കിൽ വാസ്തവത്തിൽ വലിയ കഠിനമായ വിപത്തും വലിയ പരീക്ഷണവുമാകുമായിരുന്നു. എന്നാൽ ഇത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണ്. അഥവാ അല്പം പ്രയാസം ഉണ്ടാകുമെങ്കിൽ തന്നെയും അത് ഇവിടെ തന്നെയായിരിക്കും. അതിന് മരണാനന്തരവുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കില്ല. മറിച്ച് മരണാനന്തരത്തിൽ പ്രതിഫലത്തിനും ദൈവീക കാരുണ്യത്തിനും ഹേതുവാകുന്നു. ഈ നിസാരമായ പ്രയാസത്തിൽ സഹനം കൊള്ളുകയും, സ്ഥിരചിത്തരാകുകയും, സത്യഹൃദയത്തോടു കൂടി **ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി രാജിഊൻ** എന്ന് പറയുകയും ചെയ്യുന്നതിന്റെ ഏറ്റവും ഉത്തമമായ പ്രതിഫലം നൽകുന്നതിന് കഴിവും പ്രാപ്തിയും ഉള്ള നിങ്ങളുടെ ദൈവം സന്നിഹിതനാണ്. പ്രവാചകന്മാരുടെയും ശുഹദാക്കളുടെയും അനന്തരാവകാശമാകുന്ന സവിശേഷ കാരുണ്യങ്ങളും നിങ്ങൾക്ക് നൽകി അനുഗ്രഹിക്കുന്നതാണ്. പൊതുവായ കാരുണ്യവും നിങ്ങളോടൊപ്പമുണ്ടാകും. ഭാവിയിൽ നേർമാർഗത്തിന്റെ പാതകളും, സർവപ്രയാസങ്ങളിൽ നിന്നും രക്ഷ നേടുന്നതിനുള്ള മാർഗങ്ങളും, എല്ലാ ദു:ഖങ്ങളിൽ നിന്നും പുറത്തു കടക്കുന്നതിനുള്ള മാർഗങ്ങളും, എല്ലാ സുഖത്തിന്റെയും വിജയത്തിന്റെയും ലബ്ധതയ്ക്കുള്ള മാർഗങ്ങളും നിങ്ങൾക്കായി തുറക്കപ്പെടുന്നതാണ്.നോക്കുക, ഇത് എന്റെ സ്വന്തം വാക്കല്ല. മറിച്ച് അല്ലാഹുവിന്റെ സ്വന്തം വാഗ്ദാനങ്ങളാണ്. അല്ലാഹു തന്റെ വാഗ്ദാനങ്ങളെ നിറവേറ്റുന്നവനാണ്.

ഇന്നത്തെ വിഷയവും അതിന്റെ ആഹ്വാനവും കേവലം അല്ലാഹുവിൽ നിന്നാണ് ഹൃദയത്തിൽ ഇടപ്പെട്ടത്. അല്ലാ യിരുന്നുവെങ്കിൽ ഞാനതിനെ കുറിച്ച് ആലോചിച്ചിരുന്നില്ല. അതിനായി ഒരു തയ്യാറെടുപ്പും നടത്തിയിരുന്നില്ല. അതിനാൽ ഇത് അല്ലാഹുവിന്റെ വാക്കുകളാണ്. ഞാനത് നിങ്ങളിലേക്കെത്തിക്കുകയാണ്. ഇത്തരത്തിലുള്ള അവസരങ്ങളിൽ നിങ്ങൾ ധാരാളമായി ദുആയും ഇസ്തിഗ്ഫാറും സലാമും ലാഹൗലും അൽഹംദുവും ഉരുവിട്ടു കൊണ്ടിരിക്കുക. ഞാനും ദുആ ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു, ***ലൗ അൻ ഫഖ്ത മാഫിൽ അർളി ജമീഅൻ മാ അല്ലഫത് ബയ്ന ഖുലൂ ബിഹിം*** (അൻഫാൽ: 64). നോക്കുക, രണ്ടിനെ ഒന്നാക്കുക അത്യധികം പ്രയാസമേറിയ കാര്യമാണ്. അപ്പോൾ ആയിരങ്ങളെ ഏക മാർഗത്തിലാക്കുകയും അവരിൽ ഏകത്വവും സ്നേഹവും ജനിപ്പിക്കുക എന്നത് അല്ലാഹുവിന്റെ കാരു ണ്യത്തോടെയല്ലാതെ എങ്ങിനെ സാധ്യമാകും? നോക്കുക, നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സഹോദരന്മാരായിരിക്കുന്നു. ഈ അനുഗ്രഹത്തെ വിലമതിക്കുക. അതിന്റെ യാഥാർത്ഥ്യത്തെ തിരിച്ചറിയുക. ആത്മാർത്ഥതയും ധൈര്യവും തങ്ങളുടെ അടയാളമാക്കുക.

ഖുത്വുബ സാനിയായിൽ പറയുന്നു,

***അൽഹംദുലില്ലാഹി നഹ്മദുഹു വനസ്ത ഈനുഹു വനസ്തഗ്ഫിർഹു വനുഅ്മിനു ബിഹി വനതവക്കലു അലൈഹി.*** ഒന്നാമതായി അല്ലാഹുവിനെ സ്തുതിക്കുക. അൽഹംദുവിനെയാണ് അത് സൂചിപ്പിക്കുന്നത്. അത് അത്യധികമായി ഉരുവിട്ടു കൊണ്ടിരിക്കുക. സഹായവും അവനോട് മാത്രം ആവശ്യപ്പെടുക. അത് ***ഇയ്യാക നഅ്ബു ദു വഇയ്യാക നസ്ത ഈൻ*** എന്നതിനെ സൂചിപ്പിക്കുന്നു. ഇസ്തിഗ്ഫാറിലേക്ക് ആവർത്തിച്ചാവർത്തിച്ച് നിങ്ങളെ താക്കീത് ചെയ്തിട്ടുണ്ട്. ***അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാ ഹു വഹ്ദഹൂ ലാ ശരീക്കലഹു വഅശ്ഹദു അന്ന മുഹമ്മ ദൻ അബ്ദുഹു വ റസൂലുഹു*** എന്നതിന്റെ ശരിയായ അർ ത്ഥത്തിലും യാഥാർത്ഥ്യത്തിലും വഴിപ്പെടുന്നതാണ് വിശ്വാസം. അവനിൽ തന്നെ ഭരമേൽപ്പിക്കുക. എപ്പോഴും മുൻ പാപങ്ങളുടെ ദുഷ്പര്യവസാനങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനായി ദുആയിൽ മുഴുകിയിരിക്കുക. വെള്ളിയാഴ്ച ദിവസം ധാരാളമായി സലാം ചൊല്ലുന്നത്, മനസ്സറിഞ്ഞ് ചൊല്ലുന്നത് അല്ലാഹുവിന്റെ സന്നിധിയിൽ സിദ്ധൗഷധമാകുന്നു. അല്ലാഹുവിനെ സ്മരിക്കുക. നിങ്ങൾ എത്രത്തോളം അവനെ സ്മരിക്കുന്നുവോ അത്രത്തോളം അവനും നിങ്ങളെ സ്മരിക്കുന്നതാണ്. നിങ്ങളുടെ ദുആകളെ സ്വീകരിക്കുന്നതാണ്. (05.06.1908)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്.*



# പരീക്ഷണങ്ങളിൽ പരിഭ്രമിക്കരുത്

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ഖിലാഫത്ത് പദവിയിൽ ഉപവിഷ്ഠനായ ശേഷം ആദ്യം നൽകിയ ജുമുഅ ഖുത്വുബ**

ഹുസൂർ സൂറ അഹ്സാബിലെ രണ്ടാമത്തെ റുക്കൂഅ് പാരായണം ചെയ്തു. തുടർന്ന് പറയുന്നു; വാദം പുറപ്പെടുവിക്കാൻ എല്ലാവർക്കും സാധിക്കും. എന്നാൽ പരീക്ഷണ സമയത്ത് എല്ലാ മനുഷ്യരുടെയും സത്യസന്ധതയെ കുറിച്ച് അറിവ് ലഭിക്കുന്നു. ആ വാദങ്ങൾ ശരിയായിരുന്നോ തെറ്റായിരുന്നോ എന്ന് ആ സമയത്ത് മനസിലാകുന്നു. ധാരാളം പേർ സ്വയം തങ്ങളെ ധീരരും വീരരുമായി ഗണിക്കുന്നു. തങ്ങൾ എല്ലാ സമുദായങ്ങളിൽ നിന്നും വ്യതിരിക്തമാണെന്നവർ ധരിക്കുന്നു. എന്നാൽ വിപത്ത് സമയത്ത് അവരുടെ എല്ലാ വാദങ്ങളും പൊളിയുകയും യാഥാർത്ഥ്യം വെളിപ്പെടുകയും ചെയ്യുന്നു. അന്നേരം വാദി തന്റെ എല്ലാ വാദങ്ങളെയും വിസ്മരിക്കുന്നു. വലുപ്പത്തരം സ്ഥാപിക്കുന്നതിന് പകരമായി അപ്പോൾ അവർ ഭയപ്പെടാൻ തുടങ്ങുന്നു.

എലിയുടെ ഒരു പഴഞ്ചൊല്ല് പ്രശസ്തമാണ്. പൂച്ചയെ കൊണ്ട് പൊറുതി മുട്ടിയ എലികൾ പരസ്പരം കൂടിയാലോചിച്ചു. പൂച്ച വരുമ്പോൾ അതിനെ പിടികൂടണം. ഒന്ന് പറഞ്ഞു, ഞാൻ അതിന്റെ കയ്യിനെ കൂട്ടിപ്പിടിക്കാം. മറ്റൊന്ന് പറഞ്ഞു, ഞാനതിന്റെ ചെവി പിടിക്കാം, മറ്റൊന്ന് വാല് പിടിക്കാം. മറ്റൊന്ന് വേറെ ചിലത്. ചുരുക്കത്തിൽ എല്ലാം അവർ ഭാഗിച്ചെടുത്തു. അതിൽ പ്രായമായ ഒരു എലിയും ഉണ്ടായിരുന്നു. അത് പറഞ്ഞു, നിങ്ങൾ എല്ലാം തന്നെ പിടിക്കുന്നതാണ്. എന്നാൽ അതിന്റെ മ്യാവൂനെ ആരാണ് പിടിക്കുക? അവന്റെ ഒറ്റ ശബ്ദത്താൽ തന്നെ നിങ്ങൾ പേടിച്ചോടിപ്പോകുന്നതാണ്. അവിടെ ആരും തന്നെ ശേഷിക്കില്ല. യഥാർത്ഥത്തിൽ പലരും ദുർവാശിക്കാരായിരിക്കും. പരീക്ഷണഘട്ടത്തിൽ ഭീരുത്വം കാണിക്കുന്നു. എല്ലാ പ്രവാചകന്മാരുടെയും കാലഘട്ടത്തിൽ അങ്ങനെ സംഭവിച്ചിട്ടുണ്ട്. എല്ലാ ദൈവനിയോഗിതരുടെ കാലഘട്ടത്തിലും ഇങ്ങനെയാണ് സംഭവിച്ചിട്ടുള്ളത്. അവരിൽ വിപത്തുകൾ വന്നു. സാത്വികർ അല്ലാഹുവിന്റെ മാർഗത്തിൽ കാലെടുത്തു വെക്കാൻ ആഗ്രഹിക്കുമ്പോൾ അവരെ പരീക്ഷിക്കുന്നു.

ചിലർ പറയുന്നു, അല്ലാഹു അറിയുന്നവനാണ്, അവന് പരീക്ഷിക്കേണ്ട ആവശ്യമെന്താണ്? അറിവില്ലാത്തവരാണ് ഒരാളെകുറിച്ച് മനസിലാക്കുന്നതിനായി പരീക്ഷിക്കുന്നത്. പിന്നീട് അവർക്കവനെ കുറിച്ച് അറിവ് ലഭിക്കുമ്പോൾ അവന് ഉചിതമായ പാരിതോഷികം സമ്മാനിക്കുന്നു. അല്ലാഹുവിന് പരീക്ഷിക്കേണ്ട ആവശ്യമെന്താണ്? അവൻ അജ്ഞനല്ല. അല്ലാഹുവിന്റെ പരീക്ഷണത്തിലും ഒരു വലിയ പ്രയോജനം ഉണ്ട്. ആ പ്രയോജനം, പരീക്ഷണത്തിന്റെ ഉദ്ദേശ്യം ഇതാകുന്നു, തന്റെ അവസ്ഥയെന്താണെന്നും തന്റെ വിശ്വാസത്തിന്റെ അവസ്ഥയെന്താണെന്നും അയാൾക്ക് ബോധ്യമാകുന്നു. എല്ലാവരും സ്വയം തന്നെ നല്ലവരും ഭക്തരും ധർമിഷ്ഠരുമായി കരുതുന്നു. തന്റെ വിശ്വാസത്തെ മറ്റുള്ളവരുടെ വിശ്വാസത്തേക്കാൾ സുദൃഢമാണെന്ന് ധരിക്കുന്നു.

സൈദിനെയും ബക്കറിനെയും അല്ലാഹു പരീക്ഷിക്കുകയും സൈദ് ബക്കറിനേക്കാൾ ധൈര്യം കുറഞ്ഞവനാണെന്ന് മനസ്സിലായാൽ, എന്നെക്കാൾ കൂടുതൽ പാരിതോഷികം ബക്കറിന് എന്തു കൊണ്ട് ലഭിക്കുന്നു, എനിക്ക് എന്തു കൊണ്ടാണ് കുറച്ച് പാരിതോഷികം ലഭിക്കുന്നത് എന്ന പരാതിയുണ്ടാകില്ല. സംശയത്തിനുള്ള സാഹചര്യവും ഉണ്ടാകില്ല. ചുരുക്കത്തിൽ മനുഷ്യന് പരീക്ഷണത്തിന്റെ ഫലമായി സ്വന്തം അവസ്ഥയെ കുറിച്ചുള്ള അറിവുണ്ടാകുന്നു. പ്രവാചകന്മാർക്കും പരീക്ഷണങ്ങൾ വന്നു. അവരിൽ വിവിധ തരത്തിലുള്ള വിപത്തുകൾ ഇറങ്ങി. എന്നാൽ അവർ പാരിതോഷികങ്ങളും കരസ്ഥമാക്കി. പ്രവാചകന്മാർക്ക് അഥവാ പരീക്ഷണങ്ങൾ ഉണ്ടാകാതെ വെറുതെ അനുഗ്രഹങ്ങൾ കരസ്ഥമാകുകയാണെങ്കിൽ ജനങ്ങൾക്ക് ആക്ഷേപം ഉന്നയിക്കാവുന്നതാണ്. നോക്കൂ മൂസാ (അ)ന് ഇന്ന അനുഗ്രഹങ്ങൾ കരസ്ഥമായി നമുക്കെന്തു കൊണ്ട് ലഭിച്ചില്ല എന്ന് ജനങ്ങൾ പറയുകയാണെങ്കിൽ തങ്ങളുടെ അവസ്ഥയെ മൂസാ (അ)ന്റെ അവസ്ഥയോട് നിങ്ങൾ താരതമ്യം ചെയ്ത് നോക്കുകയാണ് വേണ്ടത്. അപ്പോൾ അവർക്ക് എന്ത് കൊണ്ടാണ് കൂടുതൽ അനുഗ്രഹങ്ങൾ കരസ്ഥമായതെന്ന് കാണാൻ കഴിയും. അതുപോലെ മസീഹ്(അ)ന് ലഭിച്ച അനുഗ്രഹങ്ങൾ നമുക്കെന്തു കൊണ്ട് ലഭിച്ചില്ല എന്ന് ആരെ ങ്കിലും പരാതിപ്പെടുകയാണെങ്കിൽ അവർ തങ്ങളുടെ അവസ്ഥയെ അദ്ദേഹത്തിന്റെ അവസ്ഥയുമായി താരതമ്യം ചെയ്തു നോക്കട്ടെ.

അതുപോലെ നബി തിരുമേനി (സ)യെ സംബന്ധിച്ച് പരാതിപ്പെടുന്നവർ ആദ്യം തങ്ങളുടെ അവസ്ഥയെ നോക്കുക. പിന്നീട് നബി(സ)യുടെ അവസ്ഥയെ നോക്കട്ടെ. ആർക്കാണ് കൂടുതൽ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നത് ആരിലാണ് കൂടുതൽ വിപത്തുകൾ വന്നത്. അഥവാ അദ്ദേഹത്തിന് യാതൊരു പ്രയാസവും നേരിട്ടില്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിന് എങ്ങിനെയാണ് ഇത്രയധികം അനുഗ്രഹങ്ങൾ ലഭ്യമായതെന്ന പരാതിയുണ്ടാകുമായിരുന്നു. അതു പോലെ ഹദ്റത് മസീഹ് മൗഊദ് (അ)ന് നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകളെയും വിപത്തുകളെയും അനുമാനിക്കുക. ഇത്തരത്തിലുള്ള പരീക്ഷണങ്ങൾ ഒരു സാന്ത്വനം നൽകുന്നതിനായിട്ടാണ്. നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ മുസ്ലിംകൾക്ക് സഹിക്കേണ്ടി വന്ന വിപത്തുകളെ സംബന്ധിച്ച് ഒരു ആയത്തിൽ അല്ലാഹു വിവരിക്കുന്നുണ്ട്.

പറയുന്നു, വിശ്വാസികളെ! നിങ്ങൾ ഓർത്ത് കൊള്ളുക. സൈന്യം നിങ്ങളുടെ കിഴക്ക് ഭാഗത്ത് നിന്നും പടിഞ്ഞാറ് ഭാഗത്തു നിന്നും വരികയും നിങ്ങളുടെ കണ്ണുകൾ അമ്പരക്കുകയും ഹൃദയം പരിഭ്രമിക്കുകയും നിങ്ങളും കപടവിശ്വാസികളും വിവിധങ്ങളായ ചിന്തയിൽ അകപ്പെടുകയും ചെയ്തപ്പോൾ. വിശ്വാസികൾ മനസിലാക്കിയത് ഇപ്പോൾ ഞങ്ങൾക്ക് വന്നു ഭവിച്ചിട്ടുള്ള ഈ പരീക്ഷണങ്ങൾ ഞങ്ങൾക്കായി കാരുണ്യത്തിന് ഹേതുവാകുന്നതാണ്. ഞങ്ങൾക്ക് ഇപ്പോൾ അല്ലാഹുവിൽ നിന്ന് അനുഗ്രഹങ്ങൾ ലഭിക്കുന്നതാണ്. കപടവിശ്വാസികൾ കരുതിയത് അഥവാ ഇവർ സത്യവാന്മാരാണെങ്കിൽ എന്തുകൊണ്ട് അവർക്ക് ഈ പരീക്ഷണങ്ങൾ വന്നു എന്നാണ്. അന്നേരം വിശ്വാസികൾക്ക് പരീക്ഷണങ്ങൾ ഉണ്ടാകുകയും അവർ ശക്തമായി ഉലയുകയും ചെയ്തു. കപടവിശ്വാസികൾ വിവിധങ്ങളായ കാര്യങ്ങൾ ചമച്ചുണ്ടാക്കി കൊണ്ട് എല്ലാം തെറ്റാണെന്നും ഇത് ചതിയാണെന്നും പറയാൻ തുടങ്ങി. അവരിൽ നിന്ന് ഒരു വിഭാഗം പറഞ്ഞു, അല്ലയോ യസ്രിബ് വാസികളെ! ഇനി നിങ്ങൾക്ക് രക്ഷയില്ല. നിങ്ങൾ മടങ്ങി പൊയ്ക്കൊള്ളുക. അവരിൽ നിന്നൊരു വിഭാഗം നബി(സ) യോട് ഞങ്ങളുടെ ഭവനങ്ങൾ സുരക്ഷിതമല്ല എന്ന് പറഞ്ഞ് അനുമതിയും തേടിയിരുന്നു. അവരുടെ ഭവനങ്ങൾ സുരക്ഷിതമല്ലാതിരുന്നിട്ടല്ല മറിച്ച്, അവർ യുദ്ധത്തിൽ നിന്ന് ഓടി രക്ഷപ്പെടാൻ തീരുമാനിക്കുകയും ആഗ്രഹിക്കുകയും ചെയ്തിരുന്നു.

അഥവാ ശത്രുക്കൾ അവരെ ആക്രമിച്ചു കൊണ്ട് അകത്ത് പ്രവേശിക്കുകയും അവരോട് മതപരിത്യാഗത്തിനായി പറയുകയും ചെയ്താൽ നിശ്ചയമായും അവർ മതം ഉപേക്ഷിച്ച് നിഷേധത്തെ സ്വീകരിക്കുമായിരുന്നു. അതിൽ അല്പം പോലും താമസം വരുത്തുമായിരുന്നില്ല. തങ്ങൾ പിന്തിരിഞ്ഞോടുന്നതല്ല എന്നവർ അല്ലാഹുവിനോട് വാഗ്ദാനം ചെയ്തിരുന്നു. അല്ലാഹുവിനോട് ചെയ്ത വാഗ്ദാനത്തെ സംബന്ധിച്ച് ചോദിക്കപ്പെടുന്നതാണ്. അവരോട് പറയുക, അവരുടെ പിൻതിരിഞ്ഞോട്ടം അവർക്ക് യാതൊരു ഗുണവും ചെയ്യില്ല. നിങ്ങൾ പിന്തിരിഞ്ഞോടുകയാണെങ്കിൽ നിങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നതല്ല. അഥവാ അല്ലാഹു നഷ്ടം വരുത്താൻ തീരുമാനിക്കുകയാണെങ്കിൽ ആർക്കും നിങ്ങളെ രക്ഷപ്പെടുത്താൻ സാധിക്കുന്നതല്ല. അഥവാ അല്ലാഹു ഗുണം നൽകാൻ ആഗ്രഹിക്കുകയാണെങ്കിൽ അവന്റെ അനുഗ്രഹത്തെ തടയുന്നവർ ആരും തന്നെയില്ല. മറ്റുള്ളവരെ തടയുന്നവരെയും അല്ലാഹു നല്ല പോലെ അറിയുന്നുണ്ട്. യുദ്ധത്തിന് പോകരുത്, ഞങ്ങളുടെ അടുത്തിരിക്കുക എന്ന് മറ്റുള്ളവരോട് പറയുന്നവരെയും അവൻ അറിയുന്നു. നിങ്ങൾക്ക് എന്തെങ്കിലും ഗുണം ലഭിക്കുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. നിങ്ങൾക്ക് ഗുണം എത്തിക്കുന്നതിനായി

അവർ ലുബ്ധരാണ്. അവർക്ക് എന്തെങ്കിലും ഭയം ഉണ്ടാകുമ്പോൾ ബോധക്കേട് ഉണ്ടാകുന്ന വനെ പോലെ കണ്ണുകൾ മറിയുന്നതായി നിങ്ങൾ കാണുന്നു. അവർക്ക് സമാധാനം ലഭിക്കു മ്പോ ൾ അവർ നിങ്ങളെ കഠിനവും മോശവുമായ വാക്കുകളാൽ അഭിസംബോധന ചെയ്യുന്ന താ ണ്. അവരുടെ കർമങ്ങൾ പാഴായിപ്പോയി. ശത്രു ക്കൾ ഇപ്പോൾ മടങ്ങിയിട്ടില്ല എന്നവർ കരുതു ന്നു. അവർ പുറത്ത് വനങ്ങളിലുണ്ടാകണ മെ ന്നും അവിടെ നിന്ന് നിങ്ങളുടെ വാർത്തകൾ കേൾക്കണമെന്നും അവർ ആഗ്രഹിക്കുന്നു. അഥവാ അവർ നിങ്ങളുടെ ഇടയിൽ ഉണ്ടെങ്കിൽ തന്നെ അവർ പോരാടരുത് മറിച്ച്, അല്പം അതാ യത് ഒട്ടും തന്നെ പോരാടരുത്.

അഹ്സാബ് യുദ്ധവേളയിൽ മുസ്‌ലിംകളുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. ദിവ സങ്ങളോളം അവർ പട്ടിണിയിൽ കഴിച്ചു കൂട്ടി യിരുന്നു. പട്ടിണിയിലായിരുന്നിട്ടു പോലും അ വർക്ക് ശത്രുക്കളോട് ഏറ്റുമുട്ടേണ്ടി വന്നിരുന്നു. ഹദീസുകളിൽ വന്നിട്ടുണ്ട്, കഠിന ശൈത്യമുള്ള ഒരു രാത്രി നബി (സ) തിരുമേനി പറഞ്ഞു, ആരാണ് ശത്രുക്കളെ കുറിച്ചുള്ള വാർത്ത കൊ ണ്ടു വരിക? അന്നേരം ആർക്കും തന്നെ പുറത്തി റങ്ങി ശത്രുക്കളുടെ വിവരങ്ങൾ കൊണ്ടു വരുന്ന തിനുള്ള ധൈര്യം വന്നില്ല. അക്കാലത്ത് മുസ്‌ലിം കൾ വസ്ത്രങ്ങളുടെ കാര്യത്തിലും ഞെരുക്ക ത്തിലായിരുന്നു. ആരുടേയും പേരെടുത്ത് പറ ഞ്ഞില്ലല്ലോ എന്ന് എല്ലാവരും കരുതിയിരിക്കു മ്പോൾ ഒരാൾ മാത്രം മറുപടി പറഞ്ഞു. വീണ്ടും നബി (സ) ചോദിച്ചു, ശത്രുക്കളുടെ വിവരങ്ങൾ അറിഞ്ഞു വരുന്നവർ ആരുണ്ട്? അപ്പോഴും അതേ വ്യക്തി തന്നെ മറുപടി പറഞ്ഞു. മൂന്നാ മതും ചോദിച്ചപ്പോഴും അതേ വ്യക്തി തന്നെ യാണ് മറുപടി പറഞ്ഞത്. നബി (സ) പറഞ്ഞു, ശത്രുക്കളുടെ അവസ്ഥയെന്തെന്ന് പോയി നോ ക്കി വരിക. അദ്ദേഹം ചെന്ന് നോക്കിയപ്പോൾ കണ്ടത് ശൂന്യമായ മൈതാനമാണ്. അവിടെ ഒരു മനുഷ്യക്കുട്ടിയും ഉണ്ടായിരുന്നില്ല. അവരുടെ പിന്തിരിഞ്ഞോട്ടത്തിന് വിചിത്രമായ ഒരു കാരണം ഉണ്ടായി. അന്നേ ദിവസം ശക്തമായ കാറ്റടിച്ച കാരണത്താൽ ഒരു നേതാവിന്റെ തീ അണഞ്ഞു പോയി. തീ അണഞ്ഞു പോകുന്നതിനെ അറബി കൾ മോശമായി ഗണിക്കുന്നു. ആരുടെ തീയാ ണോ അണഞ്ഞു പോകുന്നത് അവർ പരാജയ പ്പെടുന്നതാണെന്നായിരുന്നു അവരുടെ വിശ്വാ സം. അയാൾ പിന്തിരിഞ്ഞോടിയപ്പോൾ മറ്റുള്ള വർ കരുതി എന്തോ ആപത്ത് വന്നത് കൊണ്ടാ ണ് അയാൾ പിന്തിരിഞ്ഞോടുന്നത്. അങ്ങിനെ അവരും പിന്തിരിഞ്ഞ് പോയി. അങ്ങനെ എല്ലാ വരും പരസ്പരം നോക്കിക്കൊണ്ട് പിന്തിരി ഞ്ഞോടുകയുണ്ടായി. അബൂസുഫ്‌യാൻ വളരെ യധികം പരിഭ്രമിക്കുകയും തൽഫലമായി ഒട്ടക ത്തിന്റെ കെട്ടഴിക്കാതെ തന്നെ കയറി അതിനെ ഓടിക്കാൻ തുടങ്ങി. എല്ലാവരും രാത്രിക്ക് രാത്രി തന്നെ പിൻവാങ്ങി. ഇത് ആ സമയത്തെ സംബ ന്ധിച്ചുള്ള പ്രവചനമായിരുന്നു.

ആ അവസരത്തിൽ സൽമാൻ ഫാരിസി (റ) ന്റെ നിർദേശത്തിൽ ഒരു കിടങ്ങ് കുഴിക്കുന്നതിനായി നബി (സ) തിരുമേനി കല്പന നൽകിയിരുന്നു. പിന്നീട് അതിനെ ഇന്ന ഇന്ന ഭാഗത്ത് ഇന്ന ഇന്ന വ്യക്തികൾ പണിയെടുക്കുന്നതാണെന്ന നില യിൽ ഭാഗിക്കുകയുണ്ടായി. സൽമാന്റെയും കൂട്ടു കാരുടെയും വിഹിതത്തിൽ വന്ന ഭാഗത്ത് വലി യൊരു പാറയുണ്ടായിരുന്നു. അതിനെ അവർക്ക് പിളർക്കാൻ കഴിയാതിരുന്നപ്പോൾ നബി(സ) യോട് പറഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു, പിക്കാസ് എനിക്ക് തരിക. ഞാൻ പൊട്ടിക്കാം. പിന്നീട് നബി (സ) ആ പാറയിൽ ശക്തമായി വെട്ടി. ഇരുമ്പും പാറയും പരസ്പരം ഉരസു മ്പോൾ അതിൽ നിന്ന് തീപൊരി വരിക സ്വാഭാ വികമാണ്. അങ്ങിനെ ആ പാറയിൽ നിന്ന് തീപൊരി വന്നു. അപ്പോൾ നബി (സ) പറഞ്ഞു, കൈസറിന്റെ രാജ്യം ജയിച്ചടക്കി. പിന്നീട് വീണ്ടും വെട്ടി. അപ്പോഴും തീപൊരി ചിതറി. പറഞ്ഞു, കിസ്റായുടെ രാജ്യം ജയിച്ചടക്കി. പിന്നീട് നബി (സ) ഉച്ചത്തിൽ തക്ബീർ മുഴക്കി. കപടവിശ്വാസികൾ പരിഹസിച്ചു കൊണ്ട് പറയു മാ യിരുന്നു, തിന്നാനും കുടിക്കാനും ഒന്നും ഇല്ല, താമസിക്കാൻ കുടിലുപോലുമില്ല, എന്നാൽ സ്വപ്നം കാണുന്നതോ രാജ്യം വെട്ടിപ്പിടി ക്കുന്നത്.

സഹാബാക്കൾ നബി (സ) യോട് ചോദിച്ചു, അങ്ങ് എന്തിനാണ് തക്ബീർ മുഴക്കിയത്? പറഞ്ഞു, എനിക്ക് കിസ്റയുടെയും കൈസറി ന്റെയും രാജ്യങ്ങൾ ജയിച്ചടക്കിയാതായി കാണി ക്കപ്പെടുകയുണ്ടായി. ആ വിപത്ത് സമയത്ത് അല്ലാഹു കാരുണ്യത്തിന്റെ മാതൃക പറഞ്ഞു കൊടുക്കുകയും ആ പ്രയാസത്തിന്റെ അവസ രത്തിൽ ഭാവിയിലെ സുഖത്തെ കുറിച്ച് അറി യിച്ച് കൊടുക്കുകയും ചെയ്തു.

അഹ്മദികളിൽ ഭിന്നിപ്പുണ്ടായെന്നും ഇനി അ വർ പെട്ടെന്ന് നശിച്ചു പോകുമെന്നും കരുതി ഇപ്പോൾ ശത്രുക്കൾ സന്തോഷിക്കുന്നു. ഇപ്പോ ൾ **സുൽസിലൂ സിൽസാലൻ ശദീദൻ** എന്ന അവസ്ഥയാണ് നമ്മുടേത്. ഇത് അവസാന പരീ ക്ഷണമാകുന്നു. അഹ്സാബിനു ശേഷം മുസ് ലിംകളെ ആക്രമിക്കുന്നതിന് ശത്രുക്കൾക്ക് ധൈ ര്യമുണ്ടാകാതിരുന്നത് പോലെ ഇത് നമുക്കെ തിരിലുള്ള അവസാന അവസരവും ശത്രുക്ക ളുടെ ആക്രമണവുമാണ്. അല്ലാഹു ആഗ്രഹിക്കു ന്നതാണെങ്കിൽ നാം വിജയികളാകുന്നതാണ്. അങ്ങിനെയെങ്കിൽ ഇൻശാ അല്ലാഹ് പിന്നീട് ശത്രുക്കൾ നമ്മെ ആക്രമിക്കില്ല. മറിച്ച് നാമായി രിക്കും ശത്രുക്കളെ ആക്രമിക്കുക. നബി (സ) തിരുമേനി അഹ്സാബിന്റെ അവസരത്തിൽ പറ ഞ്ഞത്, ഇനി നാമായിരിക്കും ശത്രുക്കളെ ആക്ര മിച്ച് കീഴടക്കുക. ശത്രുക്കൾ ഇനി ഒരിക്കലും നമ്മെ ആക്രമിക്കില്ല എന്നായിരുന്നു. ഇത് ഒരു അവസാന പരീക്ഷണമാണ്. ഇതിൽ നിന്നും അല്ലാഹു നമ്മെ സംരക്ഷിക്കുകയാണെങ്കിൽ ശത്രുക്കൾക്ക് പിന്നീട് ഒരിക്കലും സന്തോഷത്തി നുള്ള അവസരം ലഭിക്കുന്നതല്ല.

അഹ്സാബിന് ശേഷവും യുദ്ധങ്ങൾ ഉണ്ടായി ക്കൊണ്ടിരുന്നു. എന്നാൽ പിന്നീട് മുസ്‌ലിംകളെ ആക്രമിക്കാനുള്ള ചങ്കൂറ്റം ശത്രുക്കൾക്കുണ്ടാ യില്ല. അതു പോലെ ഇത് അവസാന പരീക്ഷണ മാണ്. അതിനാൽ നിങ്ങൾ ദുആയിൽ മുഴുകുക. ഇത് അഹ്സാബിന്റെ പരീക്ഷണമാകുന്നു. അവിടെ സഹാബാക്കൾ എപ്രകാരം **രിള്‌വാനു ല്ലാഹി അലൈഹിം** എന്നതിന്റെ അവസ്ഥ്യയി ലായിരുന്നുവോ അത് തന്നെയാണ് ഇവിടെ നമ്മുടെ അവസ്ഥയും. അവിടെ ശത്രുക്കൾക്ക് സംഭവിച്ച അതേ അവസ്ഥ തന്നെ ഇവിടെയും സംഭവിക്കുന്നതാണ്. നിങ്ങൾ മുന്നോട്ട് നീങ്ങി ക്കൊണ്ടിരിക്കുക. ദുആയിൽ മുഴുകുക. ഭൂചല നത്തിന്റെ ദിനങ്ങൾ അകന്നു പോകട്ടെ. നമ്മുടെ ഇടയിൽ വന്നിട്ടുള്ള ഈ ഭിന്നത ഇല്ലാതാകട്ടെ. ഈ ഭിന്നത ഐക്യമാകട്ടെ. കൂട്ടംതെറ്റിയവർ കണ്ടുമുട്ടട്ടെ. തകർന്നവ കൂടിച്ചേരട്ടെ. അല്ലാഹു തന്റെ മസീഹിന് നൽകിയ വാഗ്ദാനങ്ങൾ നമ്മു ടെ കൈകളാൽ പൂർത്തിയാകട്ടെ. അഥവാ നാം ഈ വിപത്തുകളിൽ നിന്ന് പുറത്തു കടക്കുകയാ ണെങ്കിൽ ശത്രുക്കൾക്ക് മേൽ നാം വിജയിക്കു ന്നതാണ്. നമ്മുടെ പക്കൽ പോരാട്ടത്തിനുള്ള എല്ലാം തന്നെയുണ്ട്. നമ്മുടെ പക്കലില്ലാത്ത ഒന്നിന്റെയും ആവശ്യം നമുക്കില്ല തന്നെ. നമ്മു ടെ ഉപയോഗത്തിനായി ഹദ്റത് മസീഹ് മൗഊദ് (അ) നമുക്ക് നൽകിയിട്ടുള്ള ആയുധങ്ങൾ ത ന്നെ നമുക്ക് മതിയായതാണ്.

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങ ളിൽ ധാരാളം ആയുധങ്ങളുണ്ട്. അതിനെ പ്ര യോഗിക്കുക. പ്രത്യക്ഷ ആയുധങ്ങളുടെയും, പീരങ്കികളുടെയും, തോക്കുകളുടെയും, വാളു കളുടെയും ആവശ്യം നമുക്കില്ല. ഹദ്റത് മസീ ഹ് മൗഊദ് (അ) നമുക്കായി വിട്ടുപോയിട്ടുള്ള ആയുധങ്ങൾ തന്നെ നമുക്ക് മതിയാവുന്നതാണ്. അത് കൊണ്ടുള്ള ഒറ്റ വെട്ടിന് തന്നെ ശൈ ത്വാനെ നശിപ്പിക്കാൻ സാധിക്കുന്നതാണ്. അതി നാൽ നിങ്ങൾ പ്രസ്തുത ആയുധങ്ങളെ ഉപയോ ഗിക്കുക. ദുആകളിൽ മുഴുകുക. നിത്യവും പ്രഭാ തത്തിലും പ്രദോഷത്തിലും അഞ്ച് നേര നമസ് കാരങ്ങളിലും തഹജ്ജുദിന് എഴുന്നേറ്റും ദുആ ചെയ്യുക. ഇതൊരു പരീക്ഷണമാണ്. മസീഹ് മൗഊദ് (അ) ന്റെ അദ്ധ്യാപനങ്ങളോട് നമുക്ക് എത്രത്തോളം പ്രതിപത്തിയുണ്ടെന്നുള്ളത് അല്ലാഹു പരീക്ഷിക്കുകയാണ്.

ഇന്ന് വെള്ളിയാഴ്ചയാകുന്നു. ഇത് സ്വീകാര്യ തയുടെ ദിവസമാണ്. ഇന്ന് വൈകുന്നേരം വരെ ഓരോ അഹ്മദിയും അവർക്ക് സാധ്യമാകുന്ന തരത്തിലെല്ലാം തന്നെ ഇരുന്ന് ദുആയിൽ മുഴു കിക്കൊണ്ടിരിക്കുക. കഴിവുള്ളവർ വ്രതമനുഷ്ഠി ക്കുക, ദാനധർമങ്ങൾ നൽകുക. ഇത് നമ്മുടെ അശ്രദ്ധയാണ്. അല്ലാഹു തന്റെ കാരുണ്യവും അനുഗ്രഹവും ചൊരിയട്ടെ. ഈ പരീക്ഷണം ഇല്ലാതാകട്ടെ. പുരോഗതി ഉണ്ടാകട്ടെ. സഹാ ബാക്കൾക്ക് അഹ്സാബിന്റെ അവസരത്തിൽ ലഭ്യമായതു പോലുള്ള സഹായങ്ങൾ, നമുക്കും ലഭിക്കട്ടെ. അല്ലാഹു നമ്മോടൊപ്പം ഉണ്ടായിരി ക്കട്ടെ.

(20.03.1914, ഖാദിയാൻ)


*സമ്പാ: ടി.എം.അബ്ദുൽ മുജീബ്.*

---

**The earth and heavens can be parted, but not the Word of God**

(Al-Mau'ud)

# ഖിലാഫത്തിനെ മുറുകെ പിടിക്കുക



**ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) ഖിലാഫത്തിൽ ഉപവിഷ്ഠനായ ശേഷം നൽകിയ പ്രഥമ ജുമുഅ ഖുത്വുബ.**

മറ്റ് ചില വിഷയങ്ങളെ സംബന്ധിച്ചായിരുന്നു ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ രാത്രി ഞാൻ 'അൽ ഫള്ൽ' ന്റെ 1914 ലെ ഒരു പഴയ കോപ്പി നോക്കുകയായിരുന്നു. അപ്പോൾ എന്റെ ശ്രദ്ധ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ ഒരു പ്രഭാഷണത്തിലെ ഉദ്ധരണിയിലേക്ക് അല്ലാഹു തിരിച്ചു. അതിൽ ഞാൻ ഒരു മഹത്തായ പ്രവചനം കാണുകയുണ്ടായി. അത് കഴിഞ്ഞ ദിനങ്ങളിൽ പൂർത്തിയായി. അന്നേരം ആ വിഷയത്തെ ഉപേക്ഷിച്ചുകൊണ്ട് പ്രസ്തുത പ്രവചനത്തെ സംബന്ധിച്ച് എന്റെ സുഹൃത്തുക്കളുടെ മുന്നിൽ ചിലത് പറയാൻ തീരുമാനിച്ചു. എന്നാൽ ഈ പ്രവചനത്തെ മനസ്സിലാക്കുന്നതിനായി അതിന്റെ പശ്ചാത്തലത്തെ കുറിച്ച് അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാകുന്നു.അതിനാൽ സംക്ഷിപ്തമായി ഞാൻ 1914 ലെ ചില അവസ്ഥകൾ പരാമർശിക്കുന്നതാണ്. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വഫാത്തിനു ശേഷം ചില അഹ്മദികളുടെ ഇഷ്ടത്തിനും തൃപ്തിക്കും വിരുദ്ധമായി അഹ്മദിയ്യാ ജമാഅത്ത് ഒരു കയ്യിൽ ഒരുമിച്ച് കൂടുകയുണ്ടായി. ഞാൻ സൂചിപ്പിച്ച ആ വിഭാഗത്തിനും ഭൂരിപക്ഷം ജമാഅത്തംഗങ്ങളുടെ മുന്നിൽ തല കുനിക്കേണ്ടി വരികയും അവർക്ക് ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) കയ്യിൽ ബയ്അത്ത് ചെയ്യേണ്ടി വരികയും ചെയ്തു. അത് നിങ്ങൾക്കും അറിയാം. അഹ്മദിയ്യാ ജമാഅത്തിൽ സ്ഥാപിതമായ ആദ്യ ഖിലാഫത്തായിരുന്നു അത്. ആദ്യ ഖിലാഫത്തിന്റെ ആ ഹ്രസ്വകാലം അവർ എങ്ങിനെയൊക്കെയോ കഴിച്ചു കൂട്ടി. എന്നാൽ ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വഫാത്തായപ്പോൾ ഇത് തങ്ങളുടെ അഭിപ്രായം എങ്ങിനെയെങ്കിലും ജമാഅത്തിൽ സ്ഥാപിക്കാൻ കിട്ടുന്ന അവസരമായി അവർ കണക്കുകൂട്ടി. അന്നേരം ആ വിഭാഗം ഒന്നിനു പിറകേ മറ്റൊന്നായി മൂന്ന് നിലപാട് സ്വീകരിച്ചു. ഒന്നാമതായി അവർ പറഞ്ഞത് അഹ്മദിയ്യ ജമാഅത്തിൽ ഖലീഫയുടെ അസ്ഥിത്വം തന്നെ അനിവാര്യമല്ല എന്നാണ്. ഖിലാഫത്ത് ഉണ്ടാകാൻ തന്നെ പാടില്ല. അതിന് എതിരിൽ ജമാഅത്തിന്റെ ഭൂരിഭാഗത്തിനും (അതിൽ പ്രധാനപ്പെട്ടവർ എന്ന് പറയുന്നവർ അല്ലെങ്കിൽ സ്വയം പ്രധാനികൾ എന്ന് മനസ്സിലാക്കിയവർ ഉൾപ്പെടുന്നില്ല.) ഹദ്റത് ഖലീഫ സാനി (റ) വിനും ഒരു അസ്വസ്തതയും പരിഭ്രമവും ഉടലെടുത്തു. ഒരു മരണത്തെപോലെയുള്ള അവസ്ഥ സംജാതമായി. അല്ലാഹുവെ! ഇത് എന്താണ് സംഭവിക്കാൻ പോകുന്നത്. നീ മുസ്‌ലിംകൾക്ക് ഖിലാഫത്തിന്റെ വാഗ്ദാനം നൽകി. ആദ്യകാലഘട്ടത്തിൽ ഖിലാഫത്ത് നിലനിന്നിടത്തോളം കാലം മുസ്‌ലിംകൾ പുരോഗതി പ്രാപിച്ചിരുന്നതായി ഞങ്ങൾ സ്വന്തം കണ്ണുകൾ കൊണ്ട് ദർശിച്ചു. പിന്നീട് അവരുടെ ദൗർബല്യത്തിന്റെയും അലസതയുടെയും അശ്രദ്ധയുടെയും ഫലമായി ഖിലാഫത്തിന്റെ അനുഗ്രഹം അവരിൽ നിന്ന് തിരിച്ചെടുത്തു. തുടർന്ന് ഇസ്‌ലാമിൽ സ്ഥാപിതമായ രാജാധിപത്യം പ്രസ്തുത ഖിലാഫത്തിന് മുന്നിൽ ഒന്നും തന്നെയായിരുന്നില്ല. തികച്ചും ശൂന്യം. അല്ലാഹുവെ! ഇപ്പോൾ വീണ്ടും ഞങ്ങളെ നീ അനുഗ്രഹിച്ചിരിക്കുകയാണ്. നീ ഹദ്റത് മസീഹ് മൗഊദ് (അ) നെ നുബുവത്തിന്റെ പാതയിൽ നിയോഗിതരാക്കി. അതിനെ സംബന്ധിച്ച് നീ സ്വയം പറഞ്ഞിട്ടുള്ളത്, അവരുടെ അസ്ഥിത്വത്തിലും നബി തിരുമേനി(സ)യുടെ അസ്ഥിത്വത്തിലും ഒരു പരിപൂർണ സദൃശ്യത കാണപ്പെടുന്നു എന്നാണ്. അങ്ങിനെ മനസ്സിലാക്കാത്തവരുടെ ധാരണയുടെ കുഴപ്പമാണിത്. ആ അസ്ഥിത്വത്തിന് ശേഷം അഹ്മദിയ്യ ജമാഅത്തിൽ ഖിലാഫത്ത് സ്ഥാപിതമായി. എന്നാൽ ഇതാ ആറു വർഷം പോലും പൂർത്തിയാകുന്നതിനു മുമ്പ് ഒരു വിഭാഗം എഴുന്നേറ്റ് നിന്ന് ഖിലാഫത്തിന്റെ ആവശ്യമില്ലെന്ന് പറയുന്നു.

അദ്ദേഹം (ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)) അവർക്ക് മുഖസ്തുതി പറയുകയും അല്ലാഹുവിന് വേണ്ടി ഖിലാഫത്തിന്റെ അനുഗ്രഹത്തെ നിഷേധിക്കല്ലേ എന്ന് ധാരാളം പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചു. മാത്രമല്ല നിങ്ങളിൽ നിന്ന് ആരെങ്കിലും ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടാൽ ഞാനും എന്റെ മറ്റ് സുഹൃത്തുക്കളും മസീഹ് മൗഊദ് (അ) ന്റെ കുടുംബക്കാരും എല്ലാവരും തന്നെ അദ്ദേഹത്തിൽ ബയ്അത്ത് ചെയ്യുകയും പരിപൂർണ്ണമായും അനുസരിക്കുകയും ചെയ്യുന്നതാണെന്ന ഉത്തരവാദിത്വം താൻ ഏറ്റെടുക്കുന്നു എന്നും പറഞ്ഞു.

അന്നേരം ഹുസൂർ തിരുമനസ്സിന്റെ ആവേശം അഹ്മദിയ്യ ജമാഅത്തിൽ നിന്നും ഖിലാഫത്ത് നഷ്ടമാകരുത്, ആര് ഖലീഫയായാലും യാതൊരു കുഴപ്പവുമില്ല, എന്നാൽ ഖിലാഫത്തിനെ മുറുകെ പിടിക്കേണ്ടതാണ് എന്നതിലായിരുന്നു. കാരണം അതില്ലാതെ ജമാഅത്തിന് അഭിവൃദ്ധി പ്രാപിക്കാൻ സാധ്യവുമല്ല, അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശിയാകാനും സാധ്യമല്ല. എന്നാൽ ഒരു തരത്തിലും അവർ അതിനെ അനുകൂലിച്ചില്ല. പിന്നീട് വന്നപ്പോൾ അവർ സ്വീകരിച്ച നിലപാട്, ഏതെങ്കിലും വ്യക്തി ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു കൊള്ളട്ടെ.എന്നാൽ അദ്ദേഹത്തിൽ ബയ്അത്ത് ചെയ്യേണ്ടത് അനിവാര്യമാക്കേണ്ടതില്ല എന്നാണ്. ഇതവർ സ്വീകരിച്ച രണ്ടാമത്തെ നിലപാടായിരുന്നു. അല്ലാഹുവിന്റെ നിലപാട് നോക്കുക, ഇവർ ഇത്തരത്തിലുള്ള കാര്യങ്ങൾ ഖലീഫ അവ്വൽ (റ) ന്റെ കാലഘട്ടത്തിൽ തന്നെ പറയാറുണ്ടായിരുന്നു. ഹദ്റത് ഖലീഫ അവ്വൽ(റ)ന്റെ വായിൽ നിന്നു തന്നെ അല്ലാഹു അവർക്ക് മറുപടിയും നൽകിയിരുന്നു. ഒരിക്കൽ ഇത്തരത്തിലുള്ള ആരോപണം ഉന്നയിച്ചപ്പോൾ ഹദ്റത് ഖലീഫ അവ്വൽ(റ) നൽകിയ മറുപടി 1910 മാർച്ച് 3ലെ ബദ്ർ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഒരു വ്യക്തി ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ന്റെ സവിധത്തിൽ കത്തെഴുതി താങ്കളുടെ ബയ്അത്ത് ചെയ്യേണ്ടത് നിർബന്ധവും അനിവാര്യവും ആണോ എന്ന് ചോദിച്ചു. പറഞ്ഞു, ബയ്അത്തിനുള്ള യഥാർത്ഥ കല്പന തന്നെയാണ് ശാഖയ്ക്കുമുള്ള കല്പന. കാരണം പരിശുദ്ധ സഹാബാക്കൾ നബിതിരുമേനി(സ) യെ മറവടയ്ക്കുന്നതിനു മുൻപ് തന്നെ ഖലീഫയുടെ കയ്യിൽ ബയ്അത്തു ചെയ്യുന്നതിനെ മുന്തിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു.

അതു പോലെ 1908 ജൂലൈ 9 ലെ ബദ്ർ പത്രത്തിൽ പ്രസിദ്ധീകരിച്ച ഡയറിയിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞതായി നമുക്ക് ലഭിക്കുന്നു, നാം ഹദ്റത് മീർസാ ഗുലാം അഹ്മദ് സാഹിബ് (അ) നെ മസീഹ് മൗഊദും മഹ്ദി മഊദുമായി അംഗീകരിച്ചാൽ പിന്നെ അല്ലാമ നൂറുദ്ദീൻ സാഹിബിനെ ബയ്അത്ത് ചെയ്യേണ്ടതിന്റെ ആവശ്യമെന്താണ് എന്ന് ആരും കരുതേണ്ട..... ഓരോ വ്യക്തിയും സ്വന്തം വ്യക്തിത്വത്തിന് സ്വയം ഉത്തരവാദിയാകുന്നു.......... **യദുല്ലാഹി അലൽ ജമാഅത്തി** എന്നതിൽ പരാമർശിക്കപ്പെട്ട അനുഗ്രഹത്തിൽ ഭാഗഭാക്കാകുന്നതിന്നായി ഓരോരുത്തരും ബയ്അത്തിന് കത്തെഴുതേണ്ടതാണ്.

കാര്യം വ്യക്തമാണ്.അഥവാ നിങ്ങൾ ഖിലാഫത്തിന് ബയ്അത്ത് ചെയ്യാതെ ഇങ്ങിനെയുള്ള സ്വന്തം സൂത്രങ്ങളിലും തന്ത്രങ്ങളിലും കഴിച്ചു കൂട്ടുകയാണെങ്കിൽ **യദുല്ലാഹി അലൽ ജമാഅത്തി** എന്നതിലൂടെ ലഭിക്കേണ്ട അനുഗ്രഹം നിങ്ങൾക്ക് ലഭിക്കുന്നതല്ല. അതായത് അല്ലാഹു തന്റെ കാരുണ്യത്തിന്റെ കയ്യും, അല്ലാഹു തന്റെ സംരക്ഷണത്തിന്റെ കയ്യും, അല്ലാഹു തന്റെ സമാധാനത്തിന്റെ കയ്യും, അല്ലാഹു തന്റെ അനുഗ്രഹങ്ങളുടെ കയ്യും നിങ്ങളുടെ തലയ്ക്കു മുകളിൽ നിന്നും മാറ്റുന്നതാണ്. അഥവാ നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും, അവന്റെ ഔദാര്യത്തിന്റെയും, അവന്റെ അനുഗ്രഹത്തിന്റെയും, അവന്റെ സംരക്ഷണത്തിന്റെയും, അവന്റെ സമാധാനത്തിന്റെയും കൈകൾ നിങ്ങളുടെ തലയ്ക്കു മുകളിൽ നിലനിൽക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾ ഒരു കയ്യിൽ ബയ്അത്ത് ചെയ്ത് ഒത്തുചേരേണ്ടത് അനിവാര്യമാകുന്നു.

പിന്നീട് ഇക്കാര്യത്തിലും ഭൂരിഭാഗം തങ്ങൾക്കെതിരിലും സത്യത്തിൽ സുദൃഢമായി ഉറച്ചു നിൽക്കുന്നവരുമായി കണ്ടപ്പോൾ അവർ മൂന്നാമത്തെ നിലപാട് സ്വീകരിച്ചു. അതായത് ഖലീഫയെ തിരഞ്ഞെടുത്ത് കൊള്ളുക. ഖലീഫയെ നിയമിച്ച് കൊള്ളുക. അദ്ദേഹത്തിൽ ബയ്അത്ത് ചെയ്യേണ്ടത് അനിവാര്യമാക്കുകയും ചെയ്തു കൊള്ളുക. ഞങ്ങൾ ബയ്അത്തും ചെയ്തു കൊള്ളാം. എന്നാൽ ആ ഖലീഫ സദ്ർ അഞ്ചു മൻ അഹ്മദിയ്യായുടെ മേലധികാരി ആയിരിക്കില്ല. മറിച്ച്, നിങ്ങൾക്ക് ഖലീഫ അനിവാര്യമാണെങ്കിൽ തന്നെ സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ കീഴിലായി ഖലീഫയെ നിയമിക്കുക.

വിവേകിയായ ഒരു വ്യക്തിയും അംഗീകരിക്കാൻ തയ്യാറാകാത്ത അപഹാസ്യകരമായ ഒരു കാര്യമായിരുന്നു ഇത്. അന്നേരം ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) വളരെയധികം വേദനയോടും, അസ്വസ്ഥതയോടും,

എളിമയോടും, സൗമ്യതയോടും, അറിവും ഉൾക്കാഴ്ചയോടും കൂടി മുന്നണിയിൽ പോരാടുകയുണ്ടായി. അത് കാണുമ്പോൾ അല്ലാഹു അദ്ദേഹത്തിന് അതിമഹത്തായ ഒരു സുവാർത്ത നൽകിയിരുന്നെന്ന് തോന്നിപ്പോകും. അതായത് നിനക്ക് അഹ്മദിയ്യ ജമാഅത്തിൽ ഖിലാഫത്തിനെ സുദൃഢമായി നിലനിർത്താനുള്ള തൗഫീഖ് നൽകുന്നതാണ്. തൽഫലമായി 1914 മാർച്ചിൽ ജമാഅത്തിൽ ഉടലെടുത്തത് പോലുള്ള ഒരു കലഹവും ഭാവിയിൽ ഉടലെടുക്കുന്നതല്ല. 1914 ൽ അദ്ദേഹത്തിന് താൻ എത്രകാലം ജീവിച്ചിരിക്കുമെന്ന് അറിയില്ലായിരുന്നു. പത്ത് വർഷമോ, ഇരുപത് വർഷമോ, അൻപത് വർഷമോ, അൻപത്തി രണ്ട് വർഷമോ എത്ര വർഷം ഖിലാഫത്തിലിരിക്കണം എന്നറിയില്ലായിരുന്നു. അതിനു ശേഷം എന്തവസ്ഥയാകും. സ്വന്തം അവസ്ഥയെ കുറിച്ചും ഒന്നും അറിയില്ല. അതിനു ശേഷം ഖലീഫയാകുന്ന വ്യക്തിയുടെ മരണ ശേഷം എന്താണ് സംഭവിക്കുക എന്നും അറിയില്ല. അല്ലാഹുവിൽ നിന്ന് അറിവ് നൽകപ്പെടുന്നതു വരെ ഇത് മനുഷ്യന്റെ വരുതിയിലല്ല. എന്നിരിന്നിട്ടും 1914 ൽ ഹദ്റത് ഖലീഫ സാനി (റ) ഇങ്ങിനെ എഴുതി. ശ്രദ്ധയോടെ കേൾക്കുക: "അഹ്മദികളിൽ ഭിന്നത ഉണ്ടായിരിക്കുന്നു എന്നതിൽ ഇപ്പോൾ ശത്രുക്കൾ സന്തോഷവരാണ്."

യുദ്ധമാണ് നടന്നു കൊണ്ടിരുന്നത്. ഖലീഫ വേണോ വേണ്ടയോ എന്നതിനു വേണ്ടിയുള്ള കലഹമായിരുന്നു. ഹുസൂർ(റ) പറഞ്ഞിരുന്നത് ഖലീഫ അനിവാര്യമാണ് എന്നാണ്. അവർ സമയത്തിനു മുൻപേ തന്നെ നോട്ടീസ് തയ്യാറാക്കി വെച്ചിരിക്കുകയായിരുന്നു. അത് പിന്നീടാണ് പ്രസിദ്ധീകരിച്ചത്. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വാദം താൻ ഇസ്ലാമിനെ മുഴുലോകത്തും വിജയിപ്പിക്കുന്നതാണെന്നും ഈ വിജയം മൂന്ന് നൂറ്റാണ്ടുകൾക്കുള്ളിൽ നിങ്ങൾ കാണുന്നതാണ് എന്നുമായിരുന്നു. എന്നാൽ ഹുസൂർ (അ) വഫാത്തായി 6 വർഷം തികയുന്നതിനു മുമ്പ് തന്നെ ജമാഅത്തിൽ ശക്തമായ ഭിന്നത ഉടലെടുക്കുകയും പ്രത്യക്ഷ സാഹചര്യങ്ങളെ കണ്ടു കൊണ്ട് ജമാഅത്ത് രക്ഷപ്പെടും എന്ന് ആർക്കും പറയാൻ തന്നെ കഴിയാത്ത അവസ്ഥയിലേക്കെത്തുകയും ഇത് ശത്രുക്കളുടെ സന്തോഷത്തിന് കാരണമാകും എന്ന് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു, "അഹ്മദികളിൽ ഭിന്നിപ്പുണ്ടായെന്നും ഇനി അവർ പെട്ടെന്ന് നശിച്ചു പോകുമെന്നും കരുതി ഇപ്പോൾ ശത്രുക്കൾ സന്തോഷിക്കുന്നു. ഇപ്പോൾ **സുൽ സിലൂ സിൽസാലൻ ശദീദൻ** എന്ന അവസ്ഥയാണ് നമ്മുടേത്. ഇത് അവസാന പരീക്ഷണമാകുന്നു. അഹ്സാബിനു ശേഷം മുസ്ലിംകളെ ആക്രമിക്കുന്നതിന് ശത്രുക്കൾക്ക് ധൈര്യമുണ്ടാകാതിരുന്നത് പോലെ ഇത് നമുക്കെതിരിലുള്ള അവസാന അവസരവും ശത്രുക്കളുടെ ആക്രമണവുമാണ്. അല്ലാഹു ആഗ്രഹിക്കുന്നതാണെങ്കിൽ നാം വിജയികളാകുന്നതാണ്. അങ്ങിനെയെങ്കിൽ ഇൻശാ അല്ലാഹ് പിന്നീട് ശത്രുക്കൾ നമ്മെ ആക്രമിക്കില്ല. മറിച്ച് നാമായിരിക്കും ശത്രുക്കളെ ആക്രമിക്കുക. നബി (സ) തിരുമേനി അഹ്സാബിന്റെ അവസരത്തിൽ പറഞ്ഞത്, ഇനി നാമായിരിക്കും ശത്രുക്കളെ ആക്രമിച്ച് കീഴടക്കുക. ശത്രുക്കൾ ഇനി ഒരിക്കലും നമ്മെ ആക്രമിക്കില്ല എന്നായിരുന്നു. ഇത് ഒരു അവസാന പരീക്ഷണമാണ്. ഇതിൽ നിന്നും അല്ലാഹു നമ്മെ സംരക്ഷിക്കുകയാണെങ്കിൽ ശത്രുക്കൾക്ക് പിന്നീട് ഒരിക്കലും സന്തോഷത്തിനുള്ള അവസരം ലഭിക്കുന്നതല്ല."

ആദ്യം അദ്ദേഹം പറഞ്ഞത് അഹ്മദികളിൽ ഭിന്നത ഉണ്ടായിരിക്കുന്നു. ഇത് പെട്ടെന്ന് നശിച്ച് പോകുന്നതാണ് എന്നതിൽ ശത്രുക്കൾ സന്തോഷവരാണ് എന്നാണ്. പിന്നീട് അദ്ദേഹം പറയുന്നു, ശത്രുക്കൾക്ക് ഇനിയൊരിക്കലും സന്തോഷിക്കാനുള്ള അവസരം ലഭിക്കുന്നതല്ല. അതായത് അഹ്മദിയ്യത്തിൽ ഭിന്നത ഉണ്ടായതായും, അത് നശിക്കാൻ സാധ്യതയുള്ളതായും കാണാൻ ശത്രുക്കൾക്ക് ഒരിക്കലും അവസരം ലഭിക്കുന്നതല്ല. പിന്നീട് അദ്ദേഹം പറയുന്നു,

അഹ്സാബിന് ശേഷവും യുദ്ധങ്ങൾ ഉണ്ടായി കൊണ്ടിരുന്നു. എന്നാൽ പിന്നീട് മുസ്ലിംകളെ ആക്രമിക്കാനുള്ള ചങ്കൂറ്റം ശത്രുക്കൾക്കുണ്ടായില്ല. അതുപോലെ ഇത് അവസാന പരീക്ഷണമാണ്. അതിനാൽ നിങ്ങൾ ദുആയിൽ മുഴുകുക. ഇത് അഹ്സാബിന്റെ പരീക്ഷണമാകുന്നു. അവിടെ സഹാബാക്കൾ എപ്രകാരം **റിള്‌വാനുല്ലാഹി അലൈഹിം** എന്നതിന്റെ അവസ്ഥയലായിരുന്നുവോ അത് തന്നെയാണ് ഇവിടെ നമ്മുടെ അവസ്ഥയും. അവിടെ ശത്രുക്കൾക്ക് സംഭവിച്ച അതേ അവസ്ഥ തന്നെ ഇവിടെയും സംഭവിക്കുന്നതാണ്. നിങ്ങൾ മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുക. ദുആയിൽ മുഴുകുക. (ഖുത്വുബ ജുമുഅ, 20.3.14)

1914 ലാണ് അദ്ദേഹം ഈ പ്രവചനം നടത്തിയത്. അന്ന് ജമാഅത്തിൽ ശക്തമായ ഭിന്നത നമുക്ക് കാണാൻ സാധിക്കുന്നതാണ്. അത് ശത്രുക്കളുടെ സന്തോഷത്തിന് കാരണമാകുകയായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ എല്ലാ വാദങ്ങളും അഹ്മദിയ്യ ജമാഅത്തിന്റെ പുരോഗതിയെ സംബന്ധിച്ചുള്ള എല്ലാ പ്രവചനങ്ങളും തെറ്റായിരിക്കുന്നു എന്ന് കരുതി ശത്രുക്കൾ സന്തോഷിക്കുകയായിരുന്നു. സന്തോഷത്താൽ അർമാദിക്കുകയായിരുന്നു. ഇത്തരത്തിൽ ഛിന്നഭിന്നമാകുകയും, പരസ്പരം ഭിന്നത പുലർത്തുകയും, ശിഥിലമാകുകയും ചെയ്യുന്ന ജമാഅത്ത് ഒരിക്കലും പുരോഗതി പ്രാപിക്കുന്നതല്ല.

എന്നാൽ ഹുസൂർ (റ) അന്നേരം പറഞ്ഞ മറ്റൊരു കാര്യം നിങ്ങൾ ദുആകളിൽ മുഴുകുക എന്നാണ്. ഞാൻ നിങ്ങളോട് പറയുന്നത് ഈ സന്തോഷം ശത്രുക്കൾക്ക് ഒരിക്കൽ മാത്രമേ കാണാൻ സാധിക്കൂ. അതവർ കാണുകയും ചെയ്തു. ഇതിനു ശേഷം അല്ലാഹു ഇത്തരത്തിലുള്ള സാഹചര്യം സൃഷ്ടിക്കുന്നതല്ല. ശത്രുക്കൾ അല്പസ്വല്പമൊക്കെ ആക്രമിച്ചേക്കാം. അല്പം നഷ്ടവും വരുത്തി വെച്ചേക്കാം. അഹ്മദികൾക്ക് പ്രയാസവും ഏൽപിച്ചേക്കാം. അതിനു പകരമായി അവരോട് ത്യാഗവും സമർപ്പണവും ആവശ്യപ്പെടാം. എന്നാൽ 1914 മാർച്ച് 14 ലെ പോലെയുള്ള ഭിന്നിപ്പും ശിഥിലീകരണവും ഒരിക്കലും ജമാഅത്തിൽ ശത്രുക്കൾക്ക് കാണാൻ സാധിക്കുന്നതായി നിങ്ങൾ കാണുന്നതല്ല.

ഇനി അദ്ദേഹം വഫാത്തായതിനുശേഷമുള്ള ദിവസങ്ങളിലെ അവസ്ഥകളിലേക്ക് നോക്കാം. ഓരോ അഹ്മദിയും മരണതുല്യമായി അവസ്ഥയാണ് കാണുന്നത്. അല്ലാഹു ഓരോ അഹ്മദിയുടെയും ഹൃദയത്തിൽ ഹദ്റത് ഖലീഫ സാനി (റ) യോട് അഗാധമായ സ്നേഹം സംജാതമാക്കിയിരുന്നു. കൂടാതെ അദ്ദേഹത്തിന് ജമാഅത്തംഗങ്ങളുടെ മേൽ അത്യധികമായും വിശാലമായും ഔദാര്യം ചെയ്യുന്നതിനും, അവരുടെ ദുഖങ്ങളിൽ പങ്കാളിയാകുന്നതിനും, അവരുടെ സന്തോഷങ്ങളിൽ ഭാഗവാക്കാകുന്നതിനും, അവരുടെ ഉയർച്ചയ്ക്കുള്ള സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനായി ശ്രമിക്കുന്നതിനുമായി ധാരാളം തൗഫീഖ് ലഭിച്ചിരുന്നു. തൽഫലമായി ഇന്ന് തന്റെ തന്നെ മരണദിനമാണെന്നാണ് ഓരോ അഹ്മദിയും മനസ്സിലാക്കുന്നത്. ഹുസൂറിന്റെ ഈ അസുഖത്തിനിടയിൽ ചില അഹ്മദികൾ തങ്ങളുടെ അജ്ഞത നിമിത്തവും ചിലർ ദൗർബല്യം നിമിത്തവും ചിലർ ഒരുപക്ഷെ മനപ്പൂർവവും ചില കാര്യങ്ങൾ പറയുകയുണ്ടായി. ഞാനത് കേൾക്കുകയും ചെയ്തിരുന്നു. അതായത് ജമാഅത്തിൽ വലിയ ഭിന്നത ഉടലെടുത്തിരിക്കുന്നു. എന്നാൽ ഇത് കാല്പനിക ഭിന്നത തന്റെ മുഖം ലോകത്തിന് മുമ്പിൽ വെളിപ്പെടുത്തേണ്ടതിനു മുമ്പുള്ള കാര്യമായിരുന്നു. അങ്ങിനെ ആ സമയം ആസന്നമായി. ഇവിടെ ഉണ്ടായിരുന്നവർ സാക്ഷിയാണ്, അവരിലോരോരുത്തരും സാക്ഷിയാണ്, അല്ലാഹു ആകാശത്ത് നിന്ന് മലക്കുകളുടെ സൈന്യത്തെ അയക്കുകയും അത് അഹ്മദിയ്യാ ജമാഅത്തിനെ നിയന്ത്രിക്കുന്നതായും അനുഭവപ്പെട്ടു. ഇടയൻ ചെമ്മരിയാടുകളെ വളയുന്നതു പോലെ ആ സൈന്യം നമ്മെ എല്ലാവരെയും വലയത്തിൽ അകപ്പെടുത്തി. എന്നിട്ട് പറഞ്ഞു, നിങ്ങളെ വഴിതെറ്റാൻ അനുവദിക്കാതിരിക്കുന്നതിന് വേണ്ടിയാണ് ഞങ്ങൾ അയക്കപ്പെട്ടിരിക്കുന്നത്. ആരാണ് ഖലീഫയായി തിരഞ്ഞെടുക്കപ്പെടുക എന്നത് അന്നേരം ആരുടെയും ചിന്തയിൽ പോലും ഉണ്ടായിരുന്നില്ല. എന്നാൽ ഖിലാഫത്ത് നിലനിൽക്കുന്നതാണെന്നും ഖലീഫ തിരഞ്ഞെടുക്കപ്പെടുന്നതാണെന്നും ഖിലാഫത്തിന്റെ അനുഗ്രഹം തങ്ങളിൽ നിലനിൽക്കുന്നതാണെന്നും എല്ലാ ഹൃദയത്തിനും അറിയാമായിരുന്നു.

ഏതാനും ദിവസം മുമ്പ് നമ്മുടെ ഒരു അഹ്മദി സഹോദരി ഒരു സ്വപ്നം കണ്ടു. ഹുസൂർ (റ) ന്റെ വഫാത്തിന് ഏകദേശം രണ്ടോ മൂന്നോ ദിവസം മുമ്പാണ്. അതായത് ഇവിടെ സാമൂഹിക ദുആ ഉണ്ടായതിന്റെ തലേ രാത്രി. ആ സഹോദരി കാണുന്നു, മസ്ജിദ് മുബാറക്കിൽ ധാരാളം അഹ്മദികൾ ഒത്തുകൂടിയിരിക്കുന്നു. വളരെ കരഞ്ഞ് കരഞ്ഞ് ദുആ ചെയ്യുകയാണ്. അവർ പറയുന്നു, ഞാൻ പടിഞ്ഞാറ് ഭാഗത്തേക്ക് നോക്കിയപ്പോൾ നൂറുകണക്കിനും ആയിരക്കണക്കിനും മലക്കുകൾ ശുഭ്രവസ്ത്രധാരികളായി ശരവേഗത്തിൽ ഓടി വന്ന് ദുആ ചെയ്യുന്നവരോടൊപ്പം പങ്കാളികളാകുന്നു. അങ്ങനെ തന്റെ നാഥന്റെ സവിധത്തിൽ കരഞ്ഞു കൊണ്ട് ദുആ ചെയ്യാൻ തുടങ്ങുന്നു.

അന്നേ ദിവസം നാം കരുതിയത് അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ, നമ്മുടെ ദുആകളെ സ്വീകരിക്കുകയാണെങ്കിൽ അവൻ ഹുസൂറിന് ആരോഗ്യം നൽകും എന്നായിരുന്നു. അവൻ വലിയ കഴിവുകളുടെയും ശക്തികളുടെയും അധിപനാണ്. അങ്ങിനെ ഇവിടെ സാമൂഹിക ദുആക്കുള്ള സംവിധാനം ഒരുക്കുകയും വളരെ വേദനയോടു കൂടി ദുആ ചെയ്യപ്പെടുകയും ചെയ്തു. എന്നാൽ ഞാനിപ്പോൾ മനസ്സിലാക്കുന്നത് അവർക്ക് അന്ന് കാണിച്ചു കൊടുത്ത ദൃശ്യം ഈ സാമൂഹിക ദുആയുടെ സമയത്തുള്ള ദൃശ്യമായിരുന്നില്ല. മറിച്ച്, മജ്ലിസ് ഇൻതിഖാബിലെ അംഗങ്ങൾ മസ്ജിദ് മുബാറക്കിൽ അഭിപ്രായം പറഞ്ഞുകൊണ്ടി

രുന്ന (മഗ്‌രിബിന് ശേഷമുള്ള) സമയത്തിന്റെ ദൃശ്യമായിരുന്നു. അംഗമാണെന്ന കാരണത്താൽ ഞാനും കുടുംബത്തിലെ മറ്റ് ചില വ്യക്തികളും അതിൽ ഭാഗവാക്കായിരുന്നു. എന്നാൽ അല്ലാഹു സാക്ഷിയാണ്, ആ നടപടികളുടെ ഇരുപതിലൊരു ഭാഗം പോലും ഞാൻ കേട്ടില്ല. കാരണം ഞങ്ങൾ പുറകിലിരുന്ന് ഇങ്ങിനെ ദുആ ചെയ്യുകയായിരുന്നു, അല്ലാഹുവെ! ജമാഅത്തിനെ സുദൃഢവും സുസ്ഥിരവുമാക്കണെ. ഖിലാഫത്തിനെ നിലനിർത്തണെ. ആര് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടാലും അവരോട് ഞങ്ങൾ പരിപൂർണ്ണ അനുസരണത്തിന്റെയും അനുധാവനത്തിന്റെയും ശപഥം ചെയ്യുന്നതാണെന്നും, ജമാഅത്തിന്റെ ഐക്യത്തെയും അല്ലാഹുവിന്റെ അനുഗ്രഹത്തെയും കണ്ടുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിൽ ഭിന്നത ഉടലെടുത്തില്ല എന്നതിലും ഞങ്ങൾ ഞങ്ങളുടെ കടമ സമാധാനപൂർവം നിർവഹിച്ചു എന്നതിലും സസന്തോഷം മടങ്ങുന്നതാണെന്ന് മനസിൽ പ്രതിജ്ഞയും ചെയ്തിരുന്നു.

ആ പള്ളിയിൽ പ്രസ്തുത യോഗത്തിൽ പങ്കെടുത്ത ആരും തന്നെ മുമ്പുള്ളവരായിരുന്നില്ല. അതായത് അവരുടെ മസ്തിഷ്കത്തിലും അല്ലാഹുവിന്റെ നിയന്ത്രണമായിരുന്നു. അവരുടെ നാവിലും അല്ലാഹുവിന്റെ നിയന്ത്രണമായിരുന്നു. യാതൊരു തർക്കവും ഉണ്ടായില്ല കലഹവുമുണ്ടായില്ല. ഒരേ പരിണത ഫലത്തിലേക്കായിരുന്നു എല്ലാവരും എത്തിച്ചേർന്നത്. അങ്ങിനെ ഇത് അവസാന പരീക്ഷണ മാണ് ശത്രുക്കൾ ഇത്തരത്തിലുള്ള സന്തോഷം പിന്നീട് കാണില്ല എന്ന പ്രവചനം അല്ലാഹു പൂർത്തിയാക്കുകയും ചെയ്തു. ഖിലാഫത്തില്ലാതെ ജമാഅത്ത് വളരുന്നതല്ല, അഥവാ ഹദ്റത് ഖലീഫ സാനി (റ) ജമാഅത്തിന് മേൽ ഔദാര്യം ചെയ്തു കൊണ്ട് ഖിലാഫത്ത് തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് തയ്യാറാക്കിയതു പോലുള്ള നിയമങ്ങൾ ഹദ്റത്ത് ഖലീഫ അവ്വൽ (റ) തയ്യാറാക്കിയിരുന്നെങ്കിൽ 1914 ലുണ്ടായ ഭിന്നിപ്പ് ഉടലെടുക്കില്ലായിരുന്നുവെന്നും ചില ലാഹോരി നേതാക്കൾ പറയുന്നതായി കേൾക്കുകയും ചെയ്തു.

ചുരുക്കത്തിൽ അല്ലാഹു ഹദ്റത് ഖലീഫ സാനി (റ) നോട് പറഞ്ഞത് ഒരു മഹത്തായ പ്രവചനമായിരുന്നു. അതായത് നിനക്ക് വളരെ ഉത്തമമായ നിലയിൽ ജമാഅത്തിന് ശിക്ഷണം നൽകുന്നതിനുള്ള തൗഫീഖ് നാം നൽകുന്നതാണ്. തൽഫലമായി നിന്നെ ഞാൻ മടക്കി വിളിക്കുമ്പോൾ, ഞാൻ ആ ഭവനത്തിൽ പ്രവേശിച്ചപ്പോഴും ഒരു ഫിത്ന ഉണ്ടായിരുന്നു, പിന്നീട് ഞാൻ ആ ഭവനത്തിൽ നിന്നും പുറത്ത് വരുമ്പോഴും ഒരു ഫിത്നയെ വിട്ടേച്ചാണ് പോരുന്നത് എന്ന ചിന്തയും ദുഖവും ഉണ്ടാകുന്നതല്ല. അല്ലാഹു അദ്ദേഹത്തെ സമാശ്വസിപ്പിച്ചു കൊണ്ട് പറയുന്നു, ഈ ലോകത്തെ ഉപേക്ഷിച്ചതിന് ശേഷം നീ ആരംഭത്തിൽ കണ്ട ആ ഫിത്ന പിന്നീടൊരിക്കലും ഉടലെടുക്കുന്നതല്ല. അങ്ങനെ അല്ലാഹുവിന്റെ വിധി നടപ്പിലാക്കുകയും, ആരുടെയും ഭാവനയിൽ പോലും ഇല്ലാതിരുന്ന തരത്തിൽ ജമാഅത്തിനെ ഏകോപിപ്പിക്കുകയും ഏകീഭവിപ്പിക്കുകയും ചെയ്തു.

ഹദ്റത് മസീഹ് മൗഊദ് (അ) ഒരു കവിതാ ശകലത്തിൽ പറയുന്നു, *'എല്ലാ നെഞ്ചകവും സംശയത്തിൽ നിന്നും ശുദ്ധീകരിച്ചു എല്ലാ ഹൃദയവും മാറ്റിമറിച്ചു.'* ഇത് അന്ന് പള്ളിക്കുള്ളിൽ ഇരുന്നവരിലും പുറത്തിരുന്നവരിലും കാണാൻ കഴിഞ്ഞ ആ ദൃശ്യമായിരുന്നു. ഓരോ വ്യക്തിക്കും സ്വന്തം ചിന്തയും, സ്വന്തം വീണ്ടുവിചാരവും, സ്വന്തം മനോഗതവും ഉണ്ടാകുന്നു. എന്നാൽ തിരഞ്ഞെടുപ്പ് സമയത്ത് അവർ തങ്ങളുടെ അസ്ഥിത്വത്തെ പൂർണമായും വിസ്മരിക്കുകയും മറ്റാരുടെയോ നിയന്ത്രണത്തിലുമായിരുന്നു.അല്ലാഹു എന്താണോ അവരെ കൊണ്ട് ചെയ്യിക്കാൻ ആഗ്രഹിച്ചത് അതാണ് ചെയ്തിരുന്നത്.

അങ്ങിനെ നിങ്ങൾ സ്നേഹിതന്മാർ അല്ലാഹുവിന്റെ സവിധത്തിൽ ഈ വിനീത ദാസനെ അവൻ ഇഷ്ടപ്പെടുന്നുവെങ്കിൽ നിങ്ങളുടെ ഒരു സേവകനാക്കണമെന്ന് ശുപാർശ ചെയ്തു. അല്ലാഹു നിങ്ങളുടെ അഭ്യർത്ഥനയെ സ്വീകരിച്ചു കൊണ്ട് എന്നെ നിങ്ങളുടെ സേവകനാക്കി.

ഒരു പിതാവ് തന്റെ മക്കളെ അല്ലെങ്കിൽ ഒരു മാതാവ് തന്റെ മക്കളെ സേവിക്കുന്ന രീതിയിൽ നിങ്ങളുടെ സേകനാക്കി മാറ്റി. ഒരു മാതാവ് തന്റെ കുട്ടികളുടെ മലദ്വാരവും കഴുകുന്നു. എന്നാൽ ആരും അവരെ തോട്ടിപ്പണിക്കാരി എന്ന് പറയില്ല. തന്റെ കുട്ടിയുടെ വയറ്റിൽ വേദനയുണ്ടാകുമ്പോൾ ഒരു പിതാവ് ആ കുട്ടിയെ എടുത്ത് മുഴുവൻ രാത്രിയും ഉലാത്തിക്കൊണ്ട് സമാധാനത്തോടു കൂടി ഉറക്കുന്നതിനായി ശ്രമിക്കുന്നു. എന്നാൽ അയാൾ ഒരു വേലക്കാരനാണ് എന്ന് ആർക്കും പറയാൻ ക ഴിയില്ല.

അതിനാൽ നിങ്ങളും ദുആ ചെയ്യുക. ഞാനും ദുആ ചെയ്യുന്നതാണ്. അല്ലാഹു എനിക്ക് ഒരു പിതാവിനേക്കാൾ ഉപരിയായി നിങ്ങളെ സേവിക്കുന്നതിനുള്ള തൗഫീഖ് നൽകട്ടെ. ഒരു മാതാവിനേക്കാൾ ഉപരിയായി നിങ്ങളെ സേവിക്കുന്നതിനുള്ള തൗഫീഖ് എനിക്ക് നൽകട്ടെ. അല്ലാഹുവാണെ സത്യം! ഞാനിതിന് പകരമായി നിങ്ങളിൽ നിന്ന് ഒന്നും പ്രതീക്ഷിക്കുന്നില്ല. **ഫമാ സഅൽതുകും മിൻ അജ്‌രിൻ ഇൻ അജ്‌രിയ ഇല്ലാ അലല്ലാഹി** (യൂനസ്: 73) നിങ്ങളുടെ സഹകരണം ആവശ്യമുള്ള ദീനീകാര്യങ്ങളിൽ നിങ്ങൾ പൂർണമായും സഹകരിക്കണം എന്നാണ് ഞാനാഗ്രഹിക്കുന്നത്. അതോടൊപ്പം ദുആകളിൽ എന്നെ എപ്പോഴും ഓർക്കണം. നിങ്ങൾക്ക് എനിക്ക് വേണ്ടി എപ്പോഴും ഇങ്ങിനെ ദുആ ചെയ്തു കൊണ്ടിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഞാൻ ലോകത്തെ വിട്ടുകൊണ്ട് എന്റെ നാഥന്റെ സവിധത്തിൽ സന്നിഹിതനാകുമ്പോൾ അവന് എന്നോട് ദേഷ്യമുണ്ടാകരുത്. മറിച്ച് ഞാൻ സംപ്രീതൻ ആയിക്കൊണ്ട് അവന്റെ സവിധത്തിൽ എത്തട്ടെ. നിങ്ങളെ കൂടുതൽ കൂടുതലായി സേവിക്കുന്നതിനുള്ള തൗഫീഖ് അല്ലാഹു എനിക്ക് നൽകട്ടെ. നിങ്ങളുടെ ദുഖങ്ങളെയും വേദനകളെയും സ്വന്തം ദുആകളിലൂടെ ദുരീകരിക്കുന്നതിനുള്ള തൗഫീഖ് അല്ലാഹു എനിക്ക് നൽകട്ടെ. അല്ലാഹുവെ ! എന്റെ ദുആകളെ സ്വീകരിക്കണെ എന്ന് തിരഞ്ഞെടുപ്പിന്റെ സമയം മുതൽ പ്രത്യേകിച്ച് ദുആ ചെയ്തു കൊണ്ടിരി ക്കുകയാണ്.

നിങ്ങളിൽ നിന്ന് ആയിരക്കണക്കിന് പേർ ചെറുതും വലുതുമായ പ്രയാസങ്ങളിൽ എനിക്ക് എഴുതുകയും ദുആക്കപേക്ഷിക്കുകയും ചെയ്യുമെന്ന് എനിക്കറിയാം. അങ്ങിനെയുള്ള അവസരങ്ങളിൽ അല്ലാഹു എന്നെ ലജ്ജിതനാക്കല്ലെ എന്നതാണ് എന്റെ ദുആ. മറിച്ച് ഈ ഉത്തരവാദിത്വം നിറവേറ്റുന്നതിനായി ദുആ സ്വീകാര്യതയുടെ അനിവാര്യതയ്ക്കുള്ള അടയാളം എനിക്ക് നൽകേണമെ. അത് മുഖേന ലോകത്തിലെ ധനവും സമ്പത്തും കരസ്ഥമാക്കുന്നതിനല്ല മറിച്ച്, എനിക്ക് നിങ്ങളുടെ ദുഖങ്ങളും വേദനകളും പ്രയാസങ്ങളും ദുരീകരിക്കുന്നതിനായിട്ടാണ്. കൂടാതെ നിങ്ങളുടെ പുരോഗതിക്കായി എന്റെ ഹൃദയത്തിൽ ഉടലെടുത്ത അഭിലാഷത്തിനുള്ള മാധ്യമങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സംജാതമാകുന്നതിനു വേണ്ടിയാണ്. (ഈ യാത്രാസംഘം ഇതേ ഐക്യത്തോടും സ്വരുമയോടും കൂടി ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളിലും, ലോകത്തെ എല്ലാ പട്ടണങ്ങളിലും, ആ പട്ടണങ്ങളിലെ എല്ലാ ഇടനാഴികളിലും വ്യപിപ്പിച്ചു കൊണ്ടിരിക്കു മാറാകട്ടെ. ഇസ്ലാം വീണ്ടും ലോകത്ത് അതി ജയിക്കണം എന്ന അല്ലാഹുവിന്റെ ആഗ്രഹം പൂർത്തിയാകട്ടെ) അല്ലാഹു എപ്പോഴും അതിനുള്ള തൗഫീഖ് നൽകികൊണ്ടിരിക്കുമാറാകട്ടെ. ആമീൻ


(ഖുത്വുബ ജുമുഅ: 12.11.1965)
മസ്ജിദ് മുബാറക്, റബ്‌വ

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്.*

# മൻലം യഅ്‌രിഫ് ഇമാമ സമാനിഹീ ഫഖദ് മാത്ത മീത്തത്തൻ ജാഹിലിൻ

(ഹദീസ്)

# തന്റെ കാലഘട്ടത്തിലെ ഇമാമിനെ തിരിച്ചറിയാതെയുള്ള മരണം ജാഹിലിയ്യത്തിന്റെ മരണമാണ്



# ബയ്അത്തിന്റെ അനിവാര്യതയും തത്വവും

**ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഖിലാഫത്തിൽ ഉപവിഷ്ഠരായ ശേഷം നൽകിയ പ്രഥമ ജുമുഅ ഖുത്വുബ**

തശഹ്ഹുദും തഅവ്വുസും സൂറഫാത്തിഹയ്ക്കും ശേഷം സൂറ ഹശ്റിലെ 23 -ാമത്തെ വചനം പാരായണം ചെയ്തു. **ഹുവല്ലാഹുല്ലദീ ലാ...................... റഹീം** (ഹശ്ർ :23) തുടർന്ന് പറയുന്നു, ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) യുടെ രണ്ടാം വിവാഹം നടക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ മുഖത്ത് ഒരു പ്രത്യേക അവസ്ഥയായിരുന്നു. ഇരുന്ന് ചിന്തിക്കുകയായിരുന്നു. ഒരു സംതൃപ്തിയും ഉണ്ടായിരുന്നു, അഗാധ ദുഖവും ഉണ്ടായിരുന്നു. എന്നോട് പറഞ്ഞു, ത്വാഹിർ! എന്റെ മനസിൽ രണ്ട് നീരുറവകൾ ഒരേ സമയത്ത് ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഒന്ന് അല്ലാഹു കനിഞ്ഞരുളിയ സംതൃപ്തിയുടെ നീരൊഴുക്കും മറ്റേത് അനിർവചനീയമായ ദുഖത്തിന്റെ നീരൊഴുക്കുമാണ്. എന്നാൽ പൂർണമായ അനുരഞ്ജനത്തോടു കൂടി പരസ്പരം കൂട്ടിമുട്ടാതെ രണ്ട് നീരുറവകളും ഒഴുകിക്കൊണ്ടിരിക്കുകയാണ്. പ്രത്യക്ഷത്തിൽ അസാധ്യമെന്ന് തോന്നും. എന്നാൽ എന്റെ മനസിൽ ഈ അവസ്ഥയാണുള്ളത്. അതേ അവസ്ഥയാണ് ഇന്ന് എന്റെ മനസ്സിന്റേത്. ഒരു ഭാഗത്ത് ദുഖത്തിന്റെ നീരുറവയുണ്ട്. ഞാൻ ഖിലാഫത്തിന്റെ ഒരു എളിയ ദാസനായിരുന്നു. ഈ സ്റ്റേജിൽ പദമൂന്നിയപ്പോൾ തന്നെ എന്റെ ഹൃദയത്തിൽ ഭയം ഉടലെടുത്തു. അല്ലാഹുവിന്റെ സവിധത്തിൽ കുനിഞ്ഞ് കൊണ്ട്, കേണപേക്ഷിച്ചു കൊണ്ട് സ്റ്റേജിൽ ഇന്ന് നിങ്ങളുടെ മുന്നിൽ നിൽക്കുകയാണ്.

ഹുസൂറിന്റെ ഓർമ മനസിൽ നിന്ന് മായുന്ന ഓർമയല്ല. അതിന്റെ സ്മരണ ഇൻശാ അല്ലാഹ് തുടർന്നു കൊണ്ടിരിക്കുന്നതാണ്.അവസാന രോഗസമയത്തുള്ള ഒരു സംഭവം മാത്രം ഞാൻ നിങ്ങളുടെ മുന്നിൽ സമർപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വഫാത്തിന് ഏകദേശം ഒന്നോ രണ്ടോ ദിവസം മുമ്പ് ഹുസൂർ ആപാ ത്വാഹിറയോട് പറഞ്ഞു, കഴിഞ്ഞ നാല് ദിവസങ്ങളിലായി ഞാനും എന്റെ നാഥനും തമ്മിൽ ധാരാളം സംസാരിച്ചു. ഞാൻ എന്റെ നാഥനോട് പറഞ്ഞു, എന്റെ നാഥാ! എന്നെ വിളിക്കുന്നതിലാണ് നിന്റെ തൃപ്തിയെങ്കിൽ ഞാൻ വരാൻ തയ്യാറാണ്. എനിക്ക് ഒരു തടസ്സവുമില്ല. ഞാൻ എപ്പോഴും നിന്റെ സവിധത്തിൽ സന്നിഹിതനാ യിരിക്കുകയാണ്. എന്നാൽ ഞാൻ തുടങ്ങിവെച്ച ജോലികളുടെ പൂർത്തീകരണം സ്വന്തം കണ്ണുകൾ കൊണ്ട് ദർശിക്കുന്നതിനായി നിന്റെ തൃപ്തി അനുമതി നൽകുകയാണെങ്കിൽ അത് നിന്റെ അനുഗ്രഹമായിരിക്കും.

അല്ലാഹുവിന്റെ വിധി എന്താണോ ആഗ്രഹിച്ചത് അത് അദ്ദേഹം സ്വീകരിച്ചു. ഇന്ന് മുഴുവൻ ജമാഅത്തും ആ വിധിയുടെ മുന്നിൽ തലകുനിച്ച് നിൽക്കുകയാണ്. അല്ലാഹു നമ്മുടെ സഹനത്തിലും തൃപ്തിയിലും ഇനിയും അനുഗ്രഹങ്ങൾ ചൊരിയട്ടെ. എപ്പോഴും എല്ലാ അവസ്ഥയിലും തന്റെ നാഥനോട് തൃപ്തരായിരിക്കാൻ പഠിക്കുക. കാരണം ഖിലാഫത്തിന്റെ സ്ഥാപനോദ്ദേശ്യം തൗഹീദിനെ നിലനിർത്തുക എന്നതാണ്. ഇത് അല്ലാഹുവിന്റെ ഉറച്ച വാഗ്ദാനമാണ്. അതൊരിക്കലും ഇല്ലാതാകുന്നതല്ല, മാഞ്ഞു പോകുന്നതല്ല. അതിൽ ഒരിക്കലും ഒരു മാറ്റവും വരുന്നതല്ല. **യഅ് ബുദൂനനീ ലാ യുശ്രികൂന ബീ ശയ് അൻ** (നൂർ: 56) അതായത് എന്നെ ആരാധിക്കുന്നതാണ്, എനിക്ക് യാതൊരു പങ്കാളിയെയും നിശ്ചയിക്കില്ല, പരിപൂർണ തൗഹീദിനോടൊപ്പം എന്നെ ആരാധിച്ചു കൊണ്ടിരിക്കുന്നതാണ്, എന്നെ സ്തുതിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതാണ് എന്നതാണ് ഖിലാഫത്തിന്റെ പാരിതോഷികമായി നിങ്ങൾക്ക് നൽകപ്പെടുന്ന അവസാന ഫലം. അഹ്മദിയ്യ ജമാഅത്തിനോട് ചെയ്തിട്ടുള്ള അവസാന സ്വർഗത്തിന്റെ വാഗ്ദാനമാണ്. എനിക്കതിൽ ദൃഢവിശ്വാസമുണ്ട്. നാം ദർശിച്ച ദൃശ്യങ്ങളുടെ ഫലമായി ദുഖത്തിന്റെ നീരുറവ കൂടാതെ സ്തുതിയുടെയും കൃതജ്ഞതയുടെയും നീരുറവ ഒപ്പത്തിനൊപ്പം ഒഴുകിക്കൊണ്ടിക്കുകയാണ്. അത് അൽഭുതം ഉളവാക്കുന്നവയാണ്. ഇന്ന് ലോകത്ത് ഒരു സമുദായത്തിനും ഇതിന്റെ ഏഴയലത്ത് പോലും സമീപിക്കാൻ സാധ്യമല്ല. ഈ ലോകത്ത് അഹ്മദിയ്യ ജമാഅത്തിനുള്ള പദവി മറ്റൊരു ജമാഅത്തിനുമില്ല.

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഒരു ജീവൽ ദൃഷ്ടാന്തം അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപനവും, അഹ്മദിയ്യ ജമാഅത്തിന്റെ ശിക്ഷണവും, അഹ്മദിയ്യ ജമാഅത്തിന്റെ അവസ്ഥയും, അഹ്മദിയ്യ ജമാഅത്തിന്റെ രീതിയുമാണ്. അത് മറ്റെല്ലാ ആരോപണങ്ങൾക്കു മേലും, എതിർപ്പിനു മേലും വിജയം വരിക്കുന്നതും എന്നെന്നും വിജയിച്ചു കൊണ്ടിരിക്കുന്നതുമായ ദൃഷ്ടാന്തമാകുന്നു. അഹ്മദിയ്യത്തിന്റേതു പോലുള്ള രീതികൾ ലോകത്ത് മറ്റെവിടെയും കാണപ്പെടുന്നതല്ല. ഇതിന് സമാനമായ മറ്റൊരു ജമാഅത്തും ഇല്ല. അതിന്റെ സ്നേഹവും അനുരക്തിയും അടുപ്പവും കാണുമ്പോൾ അസൂയ തോന്നുന്നു. സ്നേഹമുണ്ടായിട്ടു കൂടി അസൂയ തോന്നുന്നു. ഇവരുടെ സ്നേഹം നമ്മെക്കാൾ അധികമാണോ എന്ന ഭയം ഉടലെടുക്കുന്നു. ഈയൊരു അവസ്ഥയ്ക്ക് യഥാർത്ഥത്തിൽ ലോകത്ത് മറ്റൊരു ഉദാഹരണമെന്നല്ല അതിന്റെ നിഴലിന് പോലും മറ്റൊരു ഉദാഹരണം ലോകത്ത് കാണപ്പെടുന്നതല്ല. അങ്ങനെ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ തൗഹീദിൽ നിലയുറപ്പിച്ചു കഴിഞ്ഞു. ഓരോ കുഴപ്പത്തിൽ നിന്നും രക്ഷ നേടുന്നതിനായി ലോകത്ത് ഒരു ശക്തി ക്കും മാറ്റാൻ സാധിക്കാത്ത തരത്തിലുള്ള കാര്യങ്ങളാണ് ഇതിന്റെ പ്രകൃതത്തിൽ വെച്ചിരിക്കുന്നത്. കുഴപ്പങ്ങളിൽ നിന്ന് രക്ഷ നേടുന്നതിനായി സുരക്ഷയ്ക്കുള്ള ആസൂത്രണങ്ങൾ ചെയ്യുന്നത് കല്പനയ്ക്ക് കീഴ്പ്പെട്ടു കൊണ്ടാണ്, ഭയത്താലല്ല. കാരണം ഭയം ഇല്ലാതാക്കുന്നതിനുള്ള അധികാരം നമുക്കില്ല. അത് ഖിലാഫത്തിൽ അല്ലാഹുവിൽ നിന്നുള്ള വാഗ്ദാനമാണ്. **വലയുബദ്ദിലന്നഹും മിൻ ബഅ്ദി ഖൗഫിഹിം അംനാ** (നൂർ:56). അവനാണ് ഭയം അകറ്റുന്നത്. ദാസർക്ക് അതിനുള്ള കഴിവില്ല. എന്നാൽ കല്പനയ്ക്ക് കീഴ്പ്പെട്ടു കൊണ്ട് അല്ലാഹുവിന്റെ വിധിക്ക് കീഴിൽ നിന്നു കൊണ്ട് ആസൂത്രണം നടപ്പിലാക്കാവുന്നതാണ്. അതിനേക്കാൾ കൂടുതലായി ആ ആസൂത്രണങ്ങൾക്ക് യാതൊരു പ്രാധാന്യവുമില്ല. അതിനാൽ അവൻ അഹ്മദിയ്യ ഖിലാഫത്തിനെ ഒരിക്കലും നഷ്ടപ്പെടാൻ അനുവദിക്കില്ല എന്നതിന് അല്ലാഹുവിൽ പരിപൂർണ വിശ്വാസവമുണ്ടായിരുന്നു. അവൻ എന്നെന്നും അതിനെ നിലനിർത്തുന്നതാണ്. ജീവസുറ്റതും യുവത്വം തുടിക്കുന്നതും എപ്പോഴും സുഗന്ധമുള്ള അത്തറിന്റെ നറുമണത്താൽ പരിമളമാക്കപ്പെട്ടതുമാക്കി അല്ലാഹു വാഗ്ദാനം നൽകിയ പരിശുദ്ധ വൃക്ഷത്തിന്റെ രൂപത്തിൽ എന്നെന്നും അതിനെ നിലനിർത്തുന്നതാണ്. അല്ലാഹു വാഗ്ദാനം ചെയ്യുന്നു, **അസ്ലുഹാ സാബിതുൻ...... ...... ബി ഇദ്നി റബ്ബിഹാ** (ഇബ്റാഹിം; 25,26). അതായത് വേരുകൾ ഭൂമിൽ ഉറച്ച പരിശുദ്ധ വൃക്ഷം. ലോകത്തിലെ ഒരു ശക്തിക്കും പിഴുതെറിയാൻ സാധിക്കില്ല. തോന്നുന്നവർക്ക് പിഴുതെടുത്ത് ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് വലിച്ചെറിയാവുന്ന ചീത്ത വൃക്ഷമല്ലിത്. ഒരു കൊടുങ്കാറ്റിനും ഒരു കാറ്റിനും ഇതിനെ (പരിശുദ്ധ വൃക്ഷത്തെ) അതിന്റെ സ്ഥാനത്തു നിന്ന് മാറ്റാൻ സാധിക്കില്ല. ശാഖകൾ ആകാശത്തിൽ തങ്ങളുടെ നാഥനു മായി സംസാരിച്ചു കൊണ്ടിരിക്കുകയാണ്. അത്തരത്തിലുള്ള വൃക്ഷം നവഹരിതവും നിത്യഹരിതമാകുന്നു. എപ്പോഴും നിത്യഹരിതമായിരിക്കുകയും ഒരിക്കലും ഹേമന്തകാലം ദർശിക്കാത്ത വിചിത്രമായ വൃക്ഷമാണിത്. **തുഅ്തീ ഉക്ലഹാ കുല്ല ഹീ നിൻ** എപ്പോഴും, ഓരോ നിമിഷവും അല്ലാഹുവിൽ നിന്ന് ഫലം കരസ്ഥമാക്കി കൊണ്ടിരിക്കുന്നു. അതിൽ യാതൊരു ഹേമന്ത കാലവും വരുന്നില്ല. അല്ലാഹുവിന്റെ കല്പനയാലാണ് ഫലം കരസ്ഥമാക്കുന്നത്. ഇതിൽ സ്വേഛയുടെ യാതൊരു കലർപ്പുമില്ല.

ഈയൊരു ദൃശ്യമായിരുന്നു അഹ്മദിയ്യ ജമാഅത്ത് കഴിഞ്ഞ ഒന്ന് രണ്ട് ദിവസത്തിനുള്ളിൽ സ്വന്തം കണ്ണുകൾ കൊണ്ട് കാണുകയും ഹൃദയം അനുഭവിക്കുകയും ചെയ്തത്. ഈ ദൃശ്യം ദർശിച്ചു കൊണ്ട് ആത്മാവുകൾ അല്ലാഹുവിന്റെ സവിധത്തിൽ സുജൂദിലാണ്. സ്തുതിയുടെ ഗാനമാലപിക്കുകയാണ്. ദുഖവുമുണ്ട്. അതോടൊപ്പം സ്തുതിയും കൃതജ്ഞതയും ഉണ്ട്. നീണ്ട നേരം വരെ ഇത് രണ്ടും ഒരുമിച്ച് നീങ്ങിക്കൊണ്ടിരിക്കുന്നതാണ്. എന്നാൽ സ്തുതിയുടെയും കൃതജ്ഞതയുടെയും ഭാഗം ശാശ്വതമാണ്. അത് അനശ്വരമായ ഒരു ഭാഗമാണ്. അതാരുമായും ബന്ധപ്പെട്ടതല്ല. മുമ്പുള്ള ഏതെങ്കിലും ഖലീഫയുടെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല, ഞാനുമായും ബന്ധപ്പെട്ടതല്ല, ഭാവിയിൽ ഏതെങ്കിലും ഖലീഫയുടെ വ്യക്തിത്വവുമായും ബന്ധപ്പെട്ടതല്ല. അത് ഖിലാഫത്തിന്റെ സ്ഥാനമാനവുമായി ബന്ധപ്പെട്ടതാണ്. അത് ജീവസ്സുറ്റതും ശോഭയുള്ളതുമായ ഭാഗമാണ്. അതിലൊരിക്കലും മരണം വന്നെത്തുന്നതല്ല. ഇൻശാ അല്ലാഹ്. എന്നാൽ ഒരു നിബന്ധനയുണ്ട്. **വഅദല്ലാഹുല്ലദീന ആമനൂ മിൻകും വഅമിലുസ്സ്വാലി ഹാത്തി** (നൂർ:56) ഭൂമിയിൽ നിങ്ങളെ തന്റെ ഖലീഫയാക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. എന്നാൽ കുറച്ച് ഉത്തരവാദിത്വം നിങ്ങൾക്കു മേലും ചുമത്തുന്നു. നിങ്ങളിൽ

നിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് വാഗ്ദാനം. അതിനാൽ സഹനത്തോടും കൂറോടും കൂടി ജമാഅത്ത് നന്മയിൽ നിലനിൽക്കുകയാണെങ്കിൽ - എന്നെന്നും ഈ ജമാഅത്ത് നന്മയിൽ നിലനിൽക്കട്ടെ എന്നതാണ് നമ്മുടെ ദുആ. അതിനുവേണ്ടി എന്നും ശ്രമിച്ചു കൊണ്ടിരിക്കുന്നതാണ് - അല്ലാഹുവിന്റെ പ്രസ്തുത വാഗ്ദാനം എന്നെന്നും നമ്മോട് കൂറുപുലർത്തിക്കൊണ്ടിരിക്കുന്നതാണ്. അഹ്മദിയ്യ ഖിലാഫത്ത് അതിന്റെ മുഴുവൻ പ്രൗഢിയോടും കൂടി പരിശുദ്ധവൃക്ഷമായിക്കൊണ്ട് ശാഖകൾ ആകാശത്തോട് സംസാരിച്ചു കൊണ്ടിരിക്കുന്ന വൃക്ഷത്തെ പോലെ അലയടിച്ചു കൊണ്ടിരിക്കുന്നതാണ്.

അതോടൊപ്പം മറ്റൊരു ഭാഗത്തേക്ക് കൂടി നിങ്ങളുടെ ശ്രദ്ധയെ ഞാൻ ക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. ആരുടെയെങ്കിലും മരണം സംഭവിക്കുമ്പോൾ അല്ലെങ്കിൽ വിടവാങ്ങൽ ഉണ്ടാകുമ്പോൾ ആളുകൾ റെസല്യൂഷൻ സമർപ്പിക്കാറുണ്ട്. അതിൽ അതിവർണനവും അതിശയോക്തിയും ഉണ്ടാകുന്നു. എന്നാൽ അഹ്മദിയ്യ ജമാഅത്തിന്റെ പാരമ്പര്യത്തെ സംബന്ധിച്ച് ഞാൻ ധാരാളം കണ്ണോടിച്ച് നോക്കി. അതിനുശേഷം ദൃഢവിശ്വാസത്തോടു കൂടി ഞാൻ പറയുകയാണ്, അഹ്മദിയ്യ ജമാഅത്തിന് ചിലപ്പോൾ അതിവർണനം എന്നല്ല, മനസാക്ഷിയിലുള്ളത് മുഴുവനായും പ്രകടിപ്പിക്കുന്നതിനുള്ള വാക്കുകൾ പോലും ലഭിക്കാറില്ല. ശരിയായ വികാര പ്രകടനങ്ങൾ നടത്തുന്നതിനാണ് ജമാഅത്ത് ശ്രമിക്കാറുള്ളത്. ഇത്തവണയും ഇതേ ശ്രമം തന്നെയായിരിക്കും ഉണ്ടാകുക. പോകുന്ന ഒരു വ്യക്തിക്ക് വിട നൽകുന്നതാണ്. വരുന്ന ഒരു വ്യക്തിക്ക് സ്വാഗതം ആശംസിക്കുന്നതാണ്. എന്നാൽ ഞാൻ മറ്റൊരു വശത്തെ കുറിച്ചാണ് ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നത്. റെസല്യൂഷൻസിൽ ഒരു മാറ്റം വരുത്താൻ ആഗ്രഹിക്കുന്നു. നമ്മുടെ എല്ലാ വാക്കുകളും സത്യമാണെങ്കിൽ തന്നെയും റെസല്യൂഷന്റെ ഈ രൂപം ഒരു ബാഹ്യരൂപം തന്നെയാണ്. അഹ്മദിയ്യ ജമാഅത്തിന്റെ പ്രൗഢി അതിനേക്കാൾ വലുതിനെയാണ് ആവശ്യപ്പെടുന്നത്. നമുക്ക് മറ്റൊരു തരത്തിലുള്ള റെസല്യൂഷനാണ് ചെയ്യേണ്ടത്. അത് ഇപ്രകാരമായിരിക്കണം; 'അല്ലയോ വിട വാങ്ങുന്നവരെ! ഞങ്ങൾ നിങ്ങളുടെ നന്മയുടെ സ്മരണകളെ നിലനിർത്തുന്നതാണ്. പ്രസ്തുത എല്ലാ സൽപ്രവർത്തികളെയും പരിപൂർണ ആത്മാർത്ഥതയോടു കൂടി അല്ലെങ്കിൽ പൂർണ വീരോചിതത്തോടു കൂടി അല്ലാഹുവിൽ നിന്ന് തൗഫീഖ് തേടിക്കൊണ്ട് നിലനിർത്തി കൊണ്ടിരിക്കുന്നതാണ്. ഞങ്ങളുടെ അവസാന തുള്ളി രക്തം വരെ ദൈവതൃപ്തിക്കായി താങ്കൾ നടപ്പിലാക്കിയ ഈ പ്രവർത്തനങ്ങളിൽ സൗന്ദര്യത്തിന്റെ നിറം ചാർത്തുന്നതിനായി ഉപയോഗിക്കുന്നതാണ്. അഥവാ ഈ ലോകത്ത് നിന്റെ ആത്മാവിന് അതിന്റെ പൂർത്തീകരണത്തിന്റെ ദൃശ്യത്താൽ സംതൃപ്തി കരസ്ഥമായില്ലായെങ്കിൽ അല്ലയോ വിട വാങ്ങുന്ന ഞങ്ങളുടെ യജമാനരെ! പരലോകത്ത് നിന്റെ ആത്മാവ് അതിന്റെ പരിപൂർണതയുടെ ദൃശ്യത്താൽ സംതൃപ്തി കരസ്ഥമാക്കുന്നതാണ്. ഇത് നിന്നോടുള്ള ഞങ്ങളുടെ ശപഥമാണ്. അതായത് നിന്റെ സ്മരണയാലാണ് ഈ ശപഥം ചെയ്യുന്നത്. ഞങ്ങളുടെ യഥാർത്ഥ ശപഥം ഞങ്ങളുടെ നാഥനോടാണ്. അവൻ തന്നെയാണ് ജീവിച്ചിരിക്കുന്ന യാഥാർത്ഥ്യം. മനുഷ്യന്റെ യാതൊരു യാഥാർത്ഥ്യവുമില്ല.'

അതിനാൽ റെസല്യൂഷൻ ഉണ്ടെങ്കിൽ ഈ പ്രതിജ്ഞയോടെയായിരിക്കണം. അതുപോലെ വരുന്നവരോടും നിങ്ങൾ റെസല്യൂഷൻ മുഖേന കൂറ് പ്രകടിപ്പിക്കുക. ഇങ്ങനെ പറയുക, 'അല്ലയോ വരുന്നവരെ! ഞങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് അനുസരണക്കേടിന്റെയും പാപങ്ങളുടെയും ദീപം അണച്ചു കൊണ്ട് ഭയഭക്തിയുടെ ദീപം തെളിയിക്കുകയാണ്. അല്ലാഹുവിന്റെ ഭക്തിയുടെ ദീപം ജ്വലിച്ചു കൊണ്ടിരിക്കുന്ന ഈ ഹൃദയങ്ങളിലേക്ക് ഇറങ്ങുന്നതിനുള്ള ക്ഷണം നൽകുകയാണ്. ഇൻശാ അല്ലാഹ് ശരീഅത്തിനെ സ്ഥാപിക്കുന്നതിനുള്ള പരിശ്രമത്തിൽ ദുആ ചെയ്തു കൊണ്ട് ഞങ്ങൾ നിന്നെ സഹായിക്കുന്നതാണെന്ന് ശപഥം ചെയ്യുന്നു. ഇത് അല്ലാഹുവിന്റെ കാരുണ്യത്താലല്ലാതെ കരസ്ഥമാകുന്നതല്ല. കാരണം ഒരു വ്യക്തിത്വത്തിനും തന്നെ ഈ അതിമഹത്തായ കാര്യത്തിന്റെ കടമ നിറവേറ്റാൻ സാധിക്കുന്നതല്ല. ഖിലാഫത്തും ജമാഅത്തും വ്യത്യസ്തങ്ങളല്ലാത്ത അസ്ഥിത്വത്തെ പോലെ, ഒരു മിടിച്ചു കൊണ്ടിരിക്കുന്ന ഹൃദയത്തെ പോലെ, ഒരു കയ്യിനെപോലെ എഴുന്നേൽക്കുകയും വീഴുകയും ചെയ്യുന്ന പാദങ്ങളെ പോലെ മുന്നോട്ട് ചലിച്ചു കൊണ്ട് എല്ലാ സൽകർമങ്ങളിലും നിന്നെ സഹായിക്കുന്നതാണ്. എല്ലായിടത്തും ദൈവാരാധനയുടെ നിലവാരം ഉന്നതമാകാൻ ശ്രമിക്കുന്നതാണ്. പള്ളികൾ മുമ്പത്തേക്കാളുപരി നിറഞ്ഞതായി കാണട്ടെ. ദൈവസ്മരണയാൽ ഹൃദയം കൂടുതൽ പ്രകാശിതവും പ്രശോഭിതവും ആകട്ടെ. കലഹങ്ങളും വഴക്കുകയും ഇല്ലാതാകട്ടെ. അതിന്റെ യാതൊരു അടയാളവും ശേഷിക്കരുത്. ഈ ലോകത്ത് സ്വർഗം എന്ന് വിശേഷിപ്പിക്കാൻ സാധിക്കുന്ന പരിപൂർണ സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും ദൃശ്യം പ്രകടമാകട്ടെ. അത് സ്ഥാപിതമായതിന് ശേഷം യഥാർത്ഥത്തിൽ പരലോകത്തിലെ സ്വർഗത്തെ കുറിച്ച് സ്വപ്നങ്ങൾ കാണാവുന്നതാണ്. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ സന്ദേശത്തെ നിലനിർത്തി കൊണ്ടു പോകുന്നതിനായി നാം പൂർണമായും പരിശ്രമിക്കുന്നതാണ്. ഉടലെടുത്തിട്ടുള്ള ദൗർബല്യങ്ങളെ ദുരീകരിക്കുവാനായി ശ്രമിക്കുന്നതാണ്. ഓരോ ദിവസവും നന്മയുടെ പുതിയ ഫലങ്ങൾ കരസ്ഥമാകുന്ന തരത്തിലുള്ള നന്മകൾ കരസ്ഥമാകുന്നതിനായി ശ്രമിക്കുന്നതാണ്.

ഇത്തരത്തിലുള്ള റെസല്യൂഷൻ സമർപ്പിക്കുമ്പോൾ അതോടൊപ്പം ചില ഉത്തരവാദിത്വങ്ങളും ഉണ്ടാകുന്നു. എന്നാൽ മറ്റ് റെസല്യൂഷനിൽ പ്രത്യേക ഉത്തരവാദിത്വ മൊന്നും ഉണ്ടാകുന്നില്ല. ഹൃദയം ഈ റെസല്യൂഷനിലൂടെ കടന്നു പോകുമ്പോൾ ഒരു പരിശുദ്ധമാറ്റം ഉണ്ടാകുന്നു. നന്മയുടെ ഒരു തിരയടിക്കാൻ തുടങ്ങുന്നു. യഥാർത്ഥത്തിൽ ബയ്അത്ത് പുതുക്കുന്നതിന്റെ അർത്ഥം തന്നെ ഇതാകുന്നു. ഇതു തന്നെയാണ് അതിന്റെ ആത്മാവും തത്വവും. അല്ലെങ്കിൽ ഹൃദയം ബയ്അത്ത് ചെയ്തിട്ടുള്ള മുസ്‌ലിംകളായവർക്ക് പ്രത്യക്ഷ ബയ്അത്തിന്റെ ആവശ്യമെന്താണ്? അതിനൊരു ഉദ്ദേശ്യമുണ്ട്. അത് അനിവാര്യവുമാണ്. കാരണം അഥവാ ഇത് അനിവാര്യമല്ലായിരുന്നുവെങ്കിൽ നമ്മുടെ യജമാനരായ ഹദ്റത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിക്ക് ബയ്അത്ത് ചെയ്ത ശേഷം പിന്നീട് മറ്റൊരു ഖലീഫയുടെയും ബയ്അത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല. കൂടാതെ ആകാശത്തിലെ തിളക്കമാർന്ന നക്ഷത്രങ്ങളെ പോലെ പ്രകാശിച്ചിരുന്ന ബയ്അത്ത് റിള്‌വാനു ശേഷം അബൂബക്കർ(റ)ന്റെയോ ഉമർ(റ)ന്റെയോ ഉസ്മാൻ(റ)ന്റെയോ അലി(റ)ന്റെയോ ബയ്അത്തിന്റെ ആവശ്യം എന്തായിരുന്നു? ചുരുക്കത്തിൽ ബയ്അത്ത് അനിവാര്യമാണ്. ഇത് സുന്നത്താണ്. അതിനെ എന്തൊക്കെയായാലും നമുക്ക് നിലനിർത്തേണ്ടതുണ്ട്. അതിനാൽ ഹൃദയം വേദനയിൽ അകപ്പെട്ടിരിക്കുന്ന ഈ സമയത്ത് പുതുക്കുന്ന ബയ്അത്തിന്റെ വാക്കുകളാൽ നിശ്ചയമായും ഒരു പുതുജീവൻ ലഭിക്കുന്നതാണ്. ഒരു പുതിയ ആത്മാവ് ലഭിക്കുന്നതാണ്. ഇത് പ്രകാശപുനരുദ്ധാരണത്തിന്റെ സമയമാണ്. ഇതിനെ വിലമതിക്കുക. ഇതി നെ കൈവിട്ടു കളയാൻ അനുവദിക്കരുത്.

ഞാൻ ഇന്നലെ മരിച്ചുവെന്നും ഒരു പുതിയ ജീവൻ ലഭിച്ചിരിക്കുകയാണെന്നും ഞാൻ അനുഭവിക്കുന്നു. ഈ അർത്ഥത്തിൽ ഒരു ഖിയാമത്ത് തന്നെ വെളിപ്പെടട്ടെ എന്നാണ് എന്റെ ദുആ. വീട് വീടാന്തരം നവവ്യക്തിത്വങ്ങൾ ജനിക്കട്ടെ. ഹദ്റത് മുഹമ്മദ് മുസ്തഫ(സ) യുടെ ദീനിന്റെ പതാക മുഴുലോകത്തും ഉയർത്തുക എന്ന കടമയും മുഴുവൻ വ്യാജമതങ്ങൾക്കും മേൽ ഇസ്‌ലാമിനെ വിജയിപ്പിക്കുക എന്ന അതിമഹത്തായ ജോലി നമ്മുടെ ഈ പരിവർത്തനത്തിന്റെ ഫലമായി നമ്മുടെ കൈകളാൽ പൂർത്തിയാകട്ടെ. ഖിയാമത്ത്നാളിൽ തിരുസന്നിധിയിൽ അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ച് കൊണ്ട് അല്ലാഹുവെ! ഒന്നും ഞങ്ങളുടേതായിരുന്നില്ല, നീയാണ് കാരുണ്യം നൽകിയത്. ഞങ്ങളെ നീ തിരഞ്ഞെടുത്തു. എളിയ അടിയാറുകളായ ഞങ്ങളെ തിരഞ്ഞെടുത്തു. ഇത് നിന്റെ ഔദാര്യമാകുന്നു. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകട്ടെ.

രണ്ടാമത്തെ ഖുത്വുബയ്ക്ക് ശേഷം പറഞ്ഞു, സുഹൃത്തുകൾ ഒരു കാര്യം കേട്ടു കൊൾക. നമസ്കാരം ജംഅ് ആയിരിക്കും. കാരണം പുറത്ത് നിന്ന് വന്നിട്ടുള്ള ധാരാളം വ്യക്തികളിൽ ഭൂരിഭാഗം പേരും ഇന്ന് തന്നെ മടങ്ങുന്നതാണ്. നിർബന്ധിതരാണ്. ഇന്ന് ജുമുഅ യുടെ അവധിയാണ്. നാളെ ജോലിക്ക് ഹാജരാകേണ്ട താണ്. അതിനാൽ അവരുടെ സൗകര്യത്തിനായി നമസ്കാരം ജംആക്കുന്നതാണ്. അതിനു ശേഷം പിന്നീട് വന്നെത്തുകയും ബയ്അത്തിന് അവസരം ലഭിക്കാത്ത വരുമായവർക്കായി ഇവിടെ സമൂഹ ബയ്അത്ത് ഉണ്ടായിരിക്കുന്നതാണ്. തൽസംബന്ധമായി ഞാനിപ്പോൾ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ഒരു തവണ തിരക്കു കൂട്ടുകയാണെങ്കിൽ പിന്നെ നിയന്ത്രിക്കുക പ്രയാസകരമായിത്തീരുന്നു. ഇപ്പോൾ നിങ്ങൾ ശാന്തരായി എന്റെ വാക്കു കൾ കേൾക്കുക. ശ്രദ്ധയോടെ. സലാം വീട്ടിക്കഴിഞ്ഞാൽ നിങ്ങൾ സ്വഫിൽ തന്നെ ഇരിക്കേണ്ടതാണ്. അതിൽ യാതൊരു മാറ്റവും വരുത്തരുത്. എഴുന്നേറ്റ് ഓടുന്നതിനോ തിരക്ക് കൂട്ടുന്നതിനോ ഒരിക്കലും ശ്രമിക്കരുത്. പരിപൂർണ സംയമനം പാലിക്കുക. സ്വഫിൽ അതേ പോലെ തന്നെ ഇരിക്കുക. മുന്നോട്ട് കുനിഞ്ഞ് തൊട്ടു മുന്നിൽ ഇരിക്കു ന്നവരുടെ പുറത്ത് കൈ വെക്കുക. താൻ അതിലൂടെ, ആ ബന്ധത്തിലൂടെ ബയ്അത്തിന്റെ ശാരീരിക ബന്ധവും കരസ്ഥമാക്കുകയാണ് എന്നതിന്റെ അടയാളമാണിത്. വളരെ സമാധാനത്തോടു കൂടി അവിടെ തന്നെ ഇരിക്കുക. ദുആയ്ക്ക് ശേഷം മടങ്ങാവുന്നതാണ്.

കൂടാതെ ഒഴിച്ചു കൂടാൻ പറ്റാത്ത നിർബന്ധിതാവസ്ഥയിലൊഴികെ നമസ്കാരത്തിന് ശേഷവും പള്ളിയിൽ പരസ്പരം സംസാരിക്കാതിരിക്കാനുള്ള ശീലവും ഉണ്ടാക്കിയെടുക്കുക. ഇനി സുഹൃത്തുക്കൾ നമസ്കാരത്തിനായി സ്വഫ് ശരിയാക്കുക.

(ഖുത്വുബ ജുമുഅ: 11.06.1982 മസ്ജിദ് അഖ്സ റബ്‌വ)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്.*

# പ്രാർഥനാ നിരതരാകുക



**ഹദ്റത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) ഖിലാഫത്തിൽ ഉപവിഷ്ഠരായ ശേഷം നൽകിയ പ്രഥമ ജുമുആ ഖുത്വുബ**

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ ۖ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ ۖ
فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ

2:187

എന്റെ ദാസൻ നിന്നോട് എന്നെക്കുറിച്ച് ചോദിക്കുകയാണെങ്കിൽ തീർച്ചയായും ഞാൻ സമീപസ്ഥനാണ്. ദുആ ചെയ്യുന്നവൻ എന്നെ വിളിക്കുമ്പോൾ ഞാൻ അവന്റെ പ്രാർഥനയ്ക്ക് മറുപടി നൽകുന്നതാണ്. ആയതിനാൽ അവനും എന്റെ വാക്കുകൾക്ക് ലബ്ബൈക്ക് പറയുകയും എന്നിൽ വിശ്വസിക്കുകയും വേണം, അവൻ സന്മാർഗം പ്രാപിക്കാൻ.

ഇപ്പോൾ ഓതിക്കേൾപ്പിച്ച ആയത്ത് അല്ലാഹുവിന്റെ മുജീബ് എന്ന സിഫത്തുമായി ബന്ധപ്പെട്ടതാണ്. ഈ സിഫത്തിന്റെ വിവരണം ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്നിട്ടുണ്ടെങ്കിലും ഞാൻ ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്താണ് ഇന്നേക്ക് വേണ്ടി ഇത് തെരഞ്ഞെടുത്തത്. ഇതിൽ ദുആ സ്വീകാര്യതയെ കുറിച്ച് പരാമർശിച്ചിരിക്കുന്നു. ഈ വശത്തെ മുൻ നിർത്തി കൊണ്ടാണ് ഇന്ന് ഈ വിഷയം വിവരിക്കപ്പെടുക. ദുആ സ്വീകാര്യതയുടെ ഫലമായി അല്ലാഹു ജമാഅത്തിന് നൽകിയിട്ടുള്ള എണ്ണമറ്റ ഔദാര്യങ്ങളേയും അനുഗ്രഹങ്ങളേയും സ്മരിക്കുന്നതാണ്.

ഇത് സംബന്ധിച്ച് ഒരു ഹദീസുണ്ട്. ഹദ്റത് സൽമാൻ ഫാരിസി (റ) നിവേദനം ചെയ്യുന്നു, നബി(സ) പറഞ്ഞു; അല്ലാഹു വളരെ ലജ്ജയുള്ളവനും വലിയ അന്തസ്സുള്ളവനും ധർമിഷ്ഠനുമാണ്. ദാസൻ അവന്റെ സവിധത്തിൽ ഇരു കൈകളും ഉയർത്തുമ്പോൾ അവനെ വെറും കൈയോടെയും നിരാശനാക്കിയും തിരിച്ചയക്കുന്നതിൽ അവൻ ലജ്ജിക്കുന്നു. (തിർമിദി)

ഹദ്റത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു; നബി(സ) പറഞ്ഞു , അല്ലാഹു പറയുന്നു , ഞാൻ ദാസനോട് അവന്റെ ചിന്തയ്ക്കനുസരിച്ചാണ് പെരുമാറുക. അവൻ എന്നെ ഓർക്കുമ്പോൾ ഞാൻ അവന്റെ അടുത്തുണ്ടാകും. അവൻ എന്നെ മനസ്സിലോർത്താൽ ഞാനും അവനെ മനസ്സിലോർക്കും. അവൻ എന്നെ സദസ്സിൽ സ്മരിക്കുകയാണെങ്കിൽ ഞാൻ അതിലും നല്ല സദസ്സിൽ അവനെ ഓർക്കുന്നതാണ്. അവൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ ഞാൻ അവനിലേക്ക് ഒരു മുഴമടു ക്കുന്നതാണ്. അവൻ എന്നിലേക്ക് ഒരു മുഴം അടുത്താൽ ഞാൻ അവനിലേക്ക് രണ്ടു മുഴം അടുക്കും. അവൻ എന്നിലേക്ക് നടന്നു വന്നാൽ ഞാൻ അവന്റെയടുക്കലേക്ക് ഓടിപ്പോകുന്നതാണ്. (തിർമിദി)

ഇവിടെ ജമാഅത്ത് വെള്ളം കിട്ടാതെ ജീവജലം കിട്ടാതെ പിടക്കുകയായിരുന്നു. പിന്നെ എന്തുകൊണ്ട് അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ഓടി വരുകയും നമ്മെ സഹായിക്കുകയുമില്ല?

ഹദ്റത് ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു, നബി (സ) ഇങ്ങനെ തന്റെ സഹാബാക്കൾക്ക് വേണ്ടി ദുആ ചെയ്യാതെ ഒരു സദസ്സിൽ നിന്നും എഴുന്നേൽക്കുമായിരുന്നില്ല. എന്റെ നാഥാ , നീ ഞങ്ങൾക്ക് ഞങ്ങളുടേയും നിന്റെ കോപത്തിന്റേയും ഇടയിൽ മറയാകുന്ന നിന്റെ ഭയം ഞങ്ങൾക്ക് നീ നൽകേണമേ. ഞങ്ങളെ സ്വർഗ്ഗത്തിലെത്തിക്കുന്ന അനുസരണം നീ ഞങ്ങൾക്ക് പ്രദാനം ചെയ്തു തരേണമേ. ഈ ലോകത്തിലെ പ്രയാസങ്ങൾ നീ ഞങ്ങൾക്ക് എളുപ്പമാക്കുന്നതിന് നിദാനമായ ദൃഢവിശ്വാസം ഞങ്ങൾക്ക് നൽകേണമേ. എന്റെ നാഥാ ഞങ്ങൾക്ക് കാതുകളും കണ്ണുകളും കഴിവുകളും കൊണ്ട് ജീവിതം മുഴുവൻ ശരിയായ രീതിയിൽ പ്രയോജനമെടുക്കാൻ നീ ഞങ്ങൾക്ക് തൗഫീഖ് നൽകേണമേ. ഞങ്ങളെ ആ അനുഗ്രഹങ്ങളുടെ അവകാശികളാക്കേണമേ.

ഞങ്ങളോട് അക്രമം പ്രവർത്തിക്കുന്നവരോട് നീ തന്നെ ഞങ്ങൾക്ക് വേണ്ടി പകരം ചോദിക്കേണമേ. ഞങ്ങളോട് ശ്രതുത വച്ചു പുലർത്തുന്നവർക്കെതിരിൽ നീ  ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ ദീനിപരമായ ഒരു കാര്യത്തിലും നീ ഞങ്ങളെ പരീക്ഷണത്തിലകപ്പെ ടുത്തരുതേ. ഭൗതികലോകത്തെ ഞങ്ങളുടെ ഏറ്റവും വലിയ ദുഖവും ആശങ്കയുമാക്കരുതേ. ഭൗതിക ലോകത്തെ മാത്രം ഞങ്ങളുടെ വിജ്ഞാനസ്രോതസ്സുമാക്കരുതേ. അതായത് ഞങ്ങളുടെ വിജ്ഞാനം ഈ ലോകത്ത് മാത്രം നീ പരിമിതപ്പെടുത്തരുതേ. ഞങ്ങളോട് കരുണ കാണിക്കാത്തവരെ ഞങ്ങൾക്ക് മേൽ അധികാരികളാക്കരുതേ. (തിർമിദി)

ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു, ദുആ പ്രയോജനപ്പെടുത്തുന്നവർക്ക് അല്ലാഹു മാർഗങ്ങൾ തുറന്നു കൊടുക്കുന്നു. അവൻ ദുആ തിരസ്കരിക്കുന്നതല്ല ............................ വിശുദ്ധ ഖുർആനിൽ ദുആയുടെ രണ്ട് വശങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നു. ഒന്ന് താൻ പറയുന്നത് അംഗീകരിപ്പിക്കാൻ ആഗ്രഹിക്കുന്നു. രണ്ടാമത്തെ വശം ദാസന്റെ ആവശ്യങ്ങൾ അംഗീകരിച്ചു കൊടുക്കുന്നു. വലാ നബ്ലു വന്നക്കും ബി ശയ്ഹിൻ മിനൽ ഖൗഫി വൽ ജൂഹി എന്നതിൽ തന്റെ അവകാശങ്ങൾ വച്ചുകൊണ്ടാണ് അംഗീകരിപ്പിക്കാൻ ആ ഗ്രഹിക്കുന്നത്. ഇവിടെ ഇരട്ട നൂൻ കൊണ്ട് താക്കീതാണ് ഉദ്ദേശിക്കുന്നത്. അല്ലാഹുവിന്റെ ആഗ്രഹം, അവൻ മാറ്റമില്ലാത്ത വിധികൾ വെളിപ്പെടുത്തുമ്പോൾ അതിനുള്ള പരിഹാരമാർഗം ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ മാത്രമാണ്. മറ്റ് സമയത്ത് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റേയും ഔദാര്യത്തിന്റേയും തിരമാലകളുടെ ആവേശമാണ്. അത് *ഉദു ഹൂനി അസ് തജിബ് ലക്കും* എന്നതിൽ വ്യക്തമാക്കുന്നു....... .............. ചുരുക്കത്തിൽ ദുആയുടെ ഈ വിഭജനത്തെ എപ്പോഴും ഓർക്കേണ്ടതാണ്. അതായത് ചിലപ്പോൾ അല്ലാഹു തന്റെ കാര്യങ്ങൾ അംഗീകരിപ്പിക്കുന്നു. മറ്റു ചിലപ്പോൾ ദാസന്റെ ആവശ്യങ്ങൾ അംഗീകരിക്കുന്നു. ഈ ഇടപെടൽ ഒരർഥത്തിൽ സൗഹൃദപരമാണ്. നമ്മുടെ നബി(സ) ദുആ സ്വീകാര്യതയുടെയും അതിനു മുന്നിൽ തൃപ്തിയുടേയും സമർപ്പണത്തിന്റേയും അത്യുന്നതസ്ഥാനത്തും കൂടിയാണുള്ളത്. തിരുനബി (സ) യുടെ 11 മക്കൾ മരണപ്പെട്ടെങ്കിലും എന്തുകൊണ്ട് എന്ന് ആ മഹാത്മാവ് ഒരിക്കലും ചോദിച്ചിട്ടില്ല. (അൽഹക്കം 28/2/1902)

വീണ്ടും പറയുന്നു, അല്ലാഹു എനിക്ക്  സമുദ്രത്തിലേതു പോലെയുള്ള ഒരാവേശം ദുആകളിൽ നൽകിയിരിക്കുന്നു. (ബദർ 3/4/1903)

പറയുന്നു, നിങ്ങൾ സൗഖ്യത്തോടുകൂടി കഴിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടെ വീടുകളിൽ സമാധാനം ഉണ്ടാകണമെങ്കിൽ ദുആകൾ വളരെ അധികരിപ്പിക്കുക. തങ്ങളുടെ ഭവനങ്ങളെ ദുആകൾ കൊണ്ട് നിറക്കുവിൻ. ഏത് വീട്ടിലാണോ സ്ഥിരമായി ദുആ ചെയ്യപ്പെടുന്നത് അല്ലാഹു അതിനെ നശിപ്പിക്കുന്നതല്ല.

(ബദർ 24/4/1903)

പറയുന്നു, ഞാൻ എപ്പോഴും ദുആകളിൽ മുഴുകിയിരിക്കുകയാണ്. ഏറ്റവും പ്രധാനമായ ദുആ എന്റെ സു ഹൃത്തുക്കളെ ദു:ഖങ്ങളിലും നിന്നും വേവലാതികളിൽ നിന്നും സംരക്ഷിക്കണമെന്നതാണ്. കാരണം എനിക്ക് അവരെക്കുറിച്ചുള്ള ചിന്തയും ദു:ഖവും വേവലാതിയുമാണുള്ളത്. പിന്നെ ഞാൻ പൊതുവായി ദുആ ചെയ്യുന്നു. ആർക്കെങ്കിലും എന്തെങ്കിലും വേദനയോ പ്രയാസമോ വന്ന് ഭവിച്ചുണ്ടെങ്കിൽ അല്ലാഹു അവർക്ക് അതിൽ നിന്ന് മോചനം നൽകുമാറാകട്ടെ. എന്റെ എല്ലാ പ്രവർത്തനങ്ങളും മുഴുവൻ ആവേശവും അ ല്ലാഹുവിനോട് ദുആ ചെയ്യുന്നതിൽ മാത്രമാണ്. (മൽഫൂസാത്ത് ഭാഗം 1 )

അല്ലാഹു എനിക്കും ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ സുന്നത്തിൽ ചലിക്കാനും നിങ്ങളുടെ വേദന എനിക്ക് എന്റെ വേദനയേക്കാൾ വലുതായി അനുഭവപ്പെടാനും അല്ലാഹു സൗഭാഗ്യം നൽകുകയും അല്ലാഹു എന്നെ സഹായിക്കുകയും ചെയ്യുമാറാകട്ടെ.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു, ഏറ്റവും ഉത്തമമായ ദുആ അല്ലാഹുവിന്റെ പ്രീതിയും തിന്മകളിൽ നിന്ന് മോചനവും സിദ്ധിക്കാനുള്ളതാണ്. കാരണം തിന്മകൾ കൊണ്ടു തന്നെയാണ് ഹൃദയം കഠിനമായി പോകുന്നതും മനുഷ്യൻ ഭൗതീകതയുടെ കീടമായി പോകുന്നതും.

ഹൃദയങ്ങളെ കഠിനമാക്കുന്ന തിന്മകളിൽ നിന്ന് അല്ലാഹു നമ്മെ അകറ്റുകയും അവന്റെ സംപ്രീതമാർഗങ്ങൾ കാണിച്ചു തരട്ടേയെന്നതുമായിരിക്കണം നമ്മുടെ ദുആ.(ബദർ 24/08/1904)

ഹുസൂർ(അ) പറയുന്നു, നാം ദുആ ചെയ്യുകയാണ്. അല്ലാഹു ജമാഅത്തിനെ സംരക്ഷിക്കുമാറാകട്ടെ. നബി തിരുമേനി(സ) സത്യപ്രവാചകനാണെന്നും ലോകത്തിന് വ്യക്തമാകുമാറാകട്ടെ. ദൈവാസ്തികൃത്തിൽ ജനങ്ങൾക്ക് വിശ്വാസം ഉണ്ടാകുമാറാകട്ടെ.(മൽഫൂസാത്ത് ഭാഗം 4)

വീണ്ടും പറയുന്നു, ഈ പ്രസ്ഥാനത്തിൽ പ്രവേശിക്കുന്നവർക്കുള്ള ഏറ്റവും വലിയ പ്രയോജനം ഞാൻ അ വർക്ക് വേണ്ടി ദുആ ചെയ്യുന്നു എന്നതാണ്. ദുആ ഉണങ്ങിയ കമ്പിനെ പച്ചളിപ്പുള്ളതാക്കാൻ കഴിവുള്ളതാണ്. അത് മൃതരായവരെ ജീവിപ്പിക്കാൻ കഴിവുള്ളവരാണ്. അതിൽ വലിയ പ്രഭാവങ്ങളുണ്ട്. (അൽഹക്കം 28/02/1903)

അല്ലാഹു ഈ കാലഘട്ടത്തിൽ നമ്മെ ഹദ്റത് മസീഹ് മൗഊദ്(അ) തന്റെ അനുയായികൾക്ക് വേണ്ടി ചെയ്ത എല്ലാ ദുആകളുടെയും അവകാശികളാക്കുമാറാകട്ടെ. എല്ലാത്തിലുമുപരി റസൂൽ തിരുമേനി(സ) തന്റെ ഉമ്മത്തിനു വേണ്ടി ചെയ്ത ദുആകളിലും നമ്മെ ഭാഗഭാക്കാ ക്കുമാറാകട്ടെ.

അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും മുഖേന നമ്മെ തന്റെ പ്രിയപ്പെട്ടവരുടെ ദുആകൾക്ക് അവകാശികളാക്കിരിക്കുന്നു. അത് നമ്മൾ എല്ലാ ദിവസവും കാണുകയും ചെയ്യുന്നു. ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഹ്(റഹ്) യുടെ വഫാത്ത് നമ്മുടെ നട്ടെല്ലുകൾ തന്നെ തകർത്തിരുന്നു. ആ ദുആകളുടെ അനുഗ്രഹങ്ങൾ കൊണ്ടു തന്നെയാണ് അല്ലാഹു നമ്മിൽ തന്റെ വാഗ്ദാനം പൂർത്തികരിച്ചത്.

അല്ലാഹു പറയുന്നു,

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ ۪ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْۢ بَعْدِ خَوْفِهِمْ اَمْنًا ؕ يَعْبُدُوْنَنِيْ لَا يُشْرِكُوْنَ بِيْ شَيْـًٔا ؕ وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ ۝

(24.56)

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അല്ലാഹു ഉറച്ച വാഗ്ദാനം ചെയ്യുന്നു, അതായത് അവർക്ക് മുമ്പുണ്ടായിരുന്നവരെ ഖലീഫമാരാക്കിയത് പോലെ അവൻ അവരേയും തീർച്ചയായും ഭൂമിയിൽ ഖലീഫമാരാക്കുന്നതാണ്. അവർക്ക് വേണ്ടി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തി കൊടുക്കുന്നതും അവരുടെ ഭയത്തെ സമാധാനത്തിലേക്ക് മാറ്റുന്നതുമാണ്. അവർ എന്നെ ആരാധിക്കുന്നതാണ്. എന്നോടൊപ്പം ആരെയും പങ്കുചേർക്കുന്നതല്ല. ഇതിനു ശേഷവും ആരെങ്കിലും നന്ദികേടു കാണിച്ചാൽ അവർ തന്നെയാണ് ധിക്കാരികൾ. ഒരു ഹദീസുണ്ട്, ഹദ്റത് ഹുദൈഫ (റ) നിവേദനം ചെയ്യുന്നു, നബി(സ) പറഞ്ഞു, അല്ലാഹു ഇച്ഛരിക്കുന്നിടത്തോളം കാലം നിങ്ങൾക്ക് നുബുവ്വത്ത് നിലനിൽക്കുന്നതാണ്. പിന്നെ അവൻ അതിനെ എടുത്തു മാറ്റും. തുടർന്ന് നുബുവ്വത്തിന്റെ മാർഗത്തിൽ ഖിലാഫത്ത് സ്ഥാപതമാകുന്നതാണ്. പിന്നെ അല്ലാഹു ഇച്ഛരിക്കുമ്പോൾ ഈ അനുഗ്രഹവും എടുത്തു മാറ്റും. തുടർന്ന് അവന്റെ വിധിയനുസരിച്ച് പ്രയാസങ്ങളുണ്ടാക്കുന്ന രാജാധികാരം വരും. (അതിൽ ജനങ്ങൾ ബുദ്ധിമുട്ടുകയും ചെയ്യുന്നതാണ് ) ഈ കാലഘട്ടം കഴിഞ്ഞാൽ അവന്റെ മറ്റൊരു വിധിയനുസരിച്ച് അതിലും വലിയ അക്രമകാരികളുടെ ഭരണം വരും. അല്ലാഹുവിന്റെ കാരുണ്യം ആവേശത്തിലാകുകയും അക്രമത്തിന്റെ ഈ കാലം അവസാനിക്കുകയും ചെയ്യും. തുടർന്ന് വീണ്ടും നുബുവ്വത്തിന്റെ മാർഗ്ഗത്തിൽ ഖിലാഫത്ത് ഉണ്ടാകുന്നതാണ്. ഇത്രയും പറഞ്ഞ് നബി (സ) മൗനം ദീക്ഷിച്ചു.(മുസ്നദ് അഹ്മദ്) ഈ അനുഗ്രഹം അല്ലാഹു ഖിയാമത്ത് വരെ നിലനിർത്തുമാറാകട്ടെ. അവന്റെ അനുഗ്രഹത്തിന്റെ ഹസ്തങ്ങൾ ജമാഅത്തിനു മുകളിൽ നിന്ന് ഒരിക്കലും മാറ്റാതിരിക്കട്ടെ. ഈ ജമാഅത്ത് എപ്പോഴും നന്ദി കാണിക്കുന്നവരുടെയും ദുആ ചെയ്യുന്നവരുടേയും ജമാഅത്തായി നിലനിൽക്കുമാറാകട്ടെ.അല്ലാഹുവിന്റെ സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും ദൃഷ്ടികൾ എപ്പോഴും നമ്മിൽ പതിഞ്ഞു കൊണ്ടിരിക്കുമാറാകട്ടെ.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു, ഏതെങ്കിലും പ്രവാചകൻ അല്ലെങ്കിൽ ശൈഖ് മരണപ്പെടുമ്പോൾ ലോകത്ത് ഒരു ഭൂകമ്പം തന്നെയുണ്ടാകുന്നു. അത് വളരെ ഭയാനകമായ സമയമായിരിക്കും. പക്ഷെ അല്ലാഹു ഏതെങ്കിലും ഖലീഫ മുഖേന അതിനെ ഇല്ലാതാക്കുന്നു. പിന്നെ ആ പ്രവർത്തനങ്ങളെ ഖലീഫ മുഖേന പരിഷ്കരിക്കുകയും സുദൃഢമാക്കുകയും ചെയ്യുന്നു.

(അൽഹക്കം 14.4.1908)

ഹദ്റത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു, സുഹൃത്തുക്കളേ, അല്ലാഹുവിന്റെ വളരേ പണ്ടേയുള്ള നടപടിക്രമം അവൻ രണ്ട് ദിവ്യശക്തികൾ കാണിക്കുകയും എതിരാളികളുടെ രണ്ട് നിരർഥകമായ സന്തോഷങ്ങളെ ഇല്ലാതാക്കുകയും ചെയ്യുന്നു എന്നതാണ്. അതു കൊണ്ട് തന്നെ ഇപ്പോൾ അവൻ തന്റെ ഈ നടപടി ക്രമത്തെ ഉപേക്ഷിക്കുക സാധ്യമല്ല.........രണ്ടാം ദിവ്യശക്തി കാണേണ്ടതും നിങ്ങൾക്ക് അനിവാര്യമാണ്. അതിന്റെ ആഗമനം നിങ്ങൾക്ക് ഗുണകരമാണ്. കാരണം അത് സ്ഥായിയായതാണ്. അതിന്റെ ശൃംഖല ഖിയാമത്ത് വരേയും മുറിഞ്ഞു പോകുന്നതല്ല........ അല്ലാഹുവിന്റെ വാഗ്ദാനം ബറാഹീനെ അഹ്മദിയ്യായിൽ ഉള്ളതു പോലെ ആ വാഗ്ദാനം എന്നെ കുറിച്ചല്ല. മറിച്ച് നിങ്ങളെ കുറിച്ചുള്ളതാണ്. അല്ലാഹു പറയുന്നു. നിന്നെ അനുധാവനം ചെയ്യുന്ന ഈ ജമാഅത്തിന് ഞാൻ ഖിയാമത്ത് വരേയും മറ്റുള്ളവർക്ക് മേൽ വിജയം നൽകുന്നതാണ്......നമ്മുടെ ദൈവം വാഗ്ദാനങ്ങളെ പൂർത്തിയാക്കുന്നവനും കൂറുള്ളവനും സത്യസന്ധനുമായ ദൈവമാണ്. അവന്റെ വാഗ്ദാനം മുഴുവനും അവൻ നിങ്ങൾക്ക് പൂർത്തികരിച്ചു തരുന്നതുമാണ്. ഇത് ലോകത്തിന്റെ അവസാനദിനമാണ്. ഒരുപാട് വിപത്തുകൾ ഇറങ്ങുന്ന സമയമാണ്. എന്നാൽ അല്ലാഹു വാഗ്ദാനം ചെയ്ത എല്ലാ കാര്യങ്ങളും പൂർത്തിയാകുന്നതു വരെ ഈ ലോകം നിലനിൽക്കേണ്ടതും അനിവാര്യമാണ്. ഞാൻ അല്ലാഹുവിന്റെ ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വെളിപ്പെട്ടിരിക്കുന്നത്. ഞാൻ പൂർണ്ണമായും ദൈവത്തിന്റെ ഒരു ദിവ്യശക്തിയാകുന്നു. എനിക്ക് ശേഷം മറ്റു ചില വ്യക്തിത്വങ്ങൾ രണ്ടാം ദിവ്യശക്തിയുടെ പ്രാദുർഭാവങ്ങളായിട്ടുണ്ടാകും.

(അൽ വസിയത്ത്)

ഹദ്റത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു, മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചതു മുതൽ അല്ലാഹു എന്നും വെളിപ്പെടുത്തിയ തന്റെ സുന്നത്ത് തന്റെ നബിമാരേയും റസൂൽമാരേയും സഹായിക്കുകയും അവർക്ക് വിജയം നൽകുകയും ചെയ്യുക എന്നതാണ്. അവൻ പറയുന്നു. *കത്തബല്ലാഹു ല അഗ്ലിബന്ന അവറുസുലീ,* വിജയം കൊണ്ടുള്ള വിവക്ഷ പ്രവാചകന്മാരുടെ ആഗ്രഹത്തിൽ ദൈവികന്യായപൂർത്തി ഭൂമിയിൽ പൂർണ്ണമാകുകയും അതിനെ ആർക്കും എതിരിടാൻ കഴിയാതിരിക്കുകയുമാണ്. അതേ പോലെ തന്നെ അല്ലാഹു ശക്തമായ അടയാളങ്ങളോടു കൂടി അവരുടെ സത്യം വെളിപ്പെടുത്തുക യും ചെയ്യുന്നു. ലോകത്ത് പരത്താൻ ഉദ്ദേശിക്കുന്ന ഭയഭക്തിയുടെ വിത്ത് അവരുടെ കയ്യാൽ നടുകയും ചെയ്യുന്നു. എന്നാൽ അതിന്റെ പരിപൂർണ്ണത അവരുടെ കയ്യാൽ അല്ല സംഭവിക്കുന്നത്, മറിച്ച് പ്രത്യക്ഷത്തിൽ ഒരു പരാജയത്തിന്റേയും ഭയത്തിന്റേയും സമയത്ത് അവർക്ക് വഫാത്ത് നൽകുന്നു. എതിരാളികൾക്ക് ചിരിക്കാനും പരിഹസിക്കാനും ആക്ഷേപിക്കാനും അവസരം നൽകുന്നു. അങ്ങിനെ അവർ പരിഹാസം പൂർത്തികരിക്കുമ്പോൾ അവൻ ദിവ്യശക്തിയുടെ മറ്റൊരു ഹസ്തം വെളിപ്പെടുത്തുന്നു. ഏതെങ്കിലും വിധത്തിൽ അപൂർണ്ണമായ ആ ഉദ്ദേശ്യ ങ്ങളെ പരിപൂർത്തികരിക്കുന്നതിനുള്ള സംവിധാനങ്ങളും അവൻ ഒരുക്കുന്നു.

(അൽവസിയത്ത്)

ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു. നിങ്ങൾക്കുള്ള അനുഗൃഹീത മാർഗ്ഗം അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക എന്നതാണ്. ഇത് ദൈവികപാശം തന്നെയാണ്. അത് നിങ്ങളുടെ ചിതറിയ ആളുകളെ ഒന്നിപ്പിച്ചിരിക്കുന്നു, ആയതിനാൽ അതിനെ ശക്തമായി മുറുകെ പിടിക്കുക(ബദർ 1.2.1912)

ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) പറയുന്നു, ഖിലാഫത്തിന്റെ സ്ഥാപനോദ്ദേശ്യം തൗഹീദിന്റെ സ്ഥാപനമാണ്. അല്ലാഹുവിന്റെ ഈ വാഗ്ദാനം ഒരിക്കലും മാറുന്നതല്ല. അതൊരിക്കലും മാറാൻ സാധ്യമല്ല. മങ്ങുകയുമില്ല. അതിൽ ഒരു മാറ്റവും ഒരിക്കലും വരുന്നതല്ല...... ....... ഖിലാഫത്താകുന്ന അനുഗ്രഹം അഥവാ അവസാനഫലം നിങ്ങൾക്ക് നൽകപ്പെടുന്നതാണ്. നിങ്ങളെ എന്നെ മാത്രം ആരാധിക്കുകയും എന്നിൽ ആരേയും പങ്കുചേർക്കാതിരിക്കുകയും പരിപക്വമായ തൗഹീദോടുകൂടി എന്നെ ആരാധിക്കുകയും എന്റെ സ്തുതികീർത്തനങ്ങൾ പാടുകയും ചെയ്യുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിനോടു വാഗ്ദാനം ചെയ്തിട്ടുള്ള അവസാനസ്വർഗമാണിത്. ഞാൻ ഉറച്ച് വിശ്വസിക്കുന്നു. നാം അത് കാണുകയും ചെയ്തിരിക്കുന്നു.

അതു മുഖേന ദു:ഖത്തിന്റെ ചാലുകൾക്കു പുറമേ സ്തുതികീർത്തനത്തിന്റെ ധാരകളും ഒഴുക്ക

പ്പെടുന്നു. നന്ദിയുടെ ഒഴുക്കുമുണ്ട്. ഇത് എത്ര മാത്രം അൽഭുതമെന്നാൽ ഇന്ന് ലോകത്ത് ഒരു സമൂഹത്തിനും അതിന്റെ കാൽചുവട്ടിൽ പോലുമെത്താൻ സാധ്യമല്ല. ഇന്ന് അഹ്മദിയ്യാ ജമാഅത്തിന് ലോകത്തുള്ള സ്ഥാനം മറ്റൊരു വിഭാഗത്തിനുമില്ല.........ചുരുക്കത്തിൽ അല്ലാഹുവിൽ പൂർണ്ണമായ പ്രത്യാശയുണ്ട്. അവനിലാണ് എല്ലാം അർപ്പിക്കുന്നതും. അവൻ അഹ്മദിയ്യാ ഖിലാഫത്തിനെ നശിക്കാൻ അനുവദിക്കുന്നതല്ല. അതിനെ എപ്പോഴും നിലനിർത്തുക തന്നെ ചെയ്യും. ജീവൻ തുടിക്കുന്ന പുതുമയുള്ള യുവത്വമുള്ള പരിമളം പരത്തുന്ന അത്തർ അവൻ പൂശുന്നതാണ്. എന്നും നിലനിർത്തുമെന്ന് അവന്റെ വാഗ്ദാനമുള്ള പരിശുദ്ധ വൃക്ഷം പോലെ അതുണ്ടാകും.............. ഈ പരിശുദ്ധ വൃക്ഷത്തിന്റെ വേരുകൾ ഭൂമിയിൽ രൂഢമൂലമാണ്. ഭൗതികമായ ഒരു ശക്തിക്കും അതിനെ പിഴുതെറിയാൻ സാധ്യമല്ല.......... സ്തുതിയുടേയും നന്ദിയുടേയും വശം സ്ഥായിയതാണ്. അത് മങ്ങാത്തതാണ്. അതേതെങ്കിലും വ്യക്തിയുമായി ബന്ധപ്പെട്ടതല്ല. നേരത്തെ അതേതെങ്കിലും ഖലീഫയുടെ വ്യക്തിത്വവുമായി ബന്ധിതമായിരുന്നില്ല. ഞാനുമായി ബന്ധപ്പെട്ടതുമല്ല. ഇനി വരാനുള്ള ഖലീഫയുടെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതുമല്ല. അത് ഖിലാഫത്തിന്റെ സ്ഥാനവുമായി ബന്ധിതമാണ്. ഈ വശമാണ് ജീവസ്സുള്ളതും നിലനിൽക്കുന്നതും അതൊരിക്കലും മൃതമാകുന്നതല്ല. ഇൻശാ അല്ലാഹ്. അതെ ഒരു നിബന്ധനയുണ്ട്.......... അതായത് നോക്കുക അല്ലാഹു നിങ്ങളോട് വാഗ്ദാനം ചെയ്യുന്നു, നിങ്ങളെ ഭൂമിയിൽ ഖലീഫമാരാക്കാമെന്ന്. പക്ഷെ നിങ്ങൾക്കു മേലും ചില ഉത്തരവാദിത്വങ്ങ ളുണ്ട്. നിങ്ങളിൽ വിശ്വാസികളോടും സൽക്കർമ്മകാരികളോടുമാണ് വാഗ്ദാനമുള്ളത്. ചുരുക്കത്തിൽ നന്മയിൽ ഈ ജമാഅത്ത് നിലനിൽക്കുകയാണെങ്കിൽ നാം ദുആ ചെയ്യുകയും പരിശ്രമിക്കുകയും ചെയ്യുന്നത് എപ്പോഴും ഈ ജമാഅത്ത് നന്മയിൽ ക്ഷമയോടും കൂറോടും നിലനിൽക്കണമെന്നാണ് അല്ലാഹുവിന്റെ വാഗ്ദാനവും എപ്പോഴും നമ്മോട് കൂറു കാണിക്കുന്നതായിരിക്കും. അഹ്മദിയ്യാ ഖിലാഫത്ത് അതിന്റെ സർവ്വപ്രതാപങ്ങളോടുംകൂടി പരിശുദ്ധ വൃക്ഷമായി പരിലസിക്കും അതിന്റെ ശാഖകൾ വാനലോകവുമായി സംവദിക്കുന്നതാണ്.

(അൽഫദ്ൽ റബ്വ 22/6/82)

ഇതു സംബന്ധമായി ഹുസൂർ(റഹ്) വീണ്ടും പറയുന്നു. ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്. അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള ഈ അനുഗ്രഹം എങ്ങിനെയാണ് കിട്ടിയതെന്ന് നിങ്ങൾക്കറിയുക പോലുമില്ല. ഹദ്റത് മസീഹ് മൗഊദ്(അ) മുഖേനയാണ് നിങ്ങൾക്ക് ഈ അനുഗ്രഹം വീണ്ടും ലഭിച്ചിരിക്കുന്നത്. ആയതിനാൽ ഈ അനുഗ്രഹത്തെ നിങ്ങൾ ഓർക്കുക. അല്ലാഹു തന്റെ ഔദാര്യം കൊണ്ട് വീണ്ടും ഈ അനുഗ്രഹം നൽകിയിരിക്കുകയാണ്. അനുഗ്രഹമില്ലാതെ ഒരിക്കലും ഹൃദയങ്ങളെ ബന്ധിക്കാൻ സാധ്യമല്ല. ഹദ് റത് മസീഹ് മൗഊദ്(അ) ന്റെ വ്യക്തിത്വം എടുത്തു മാറ്റിയാൽ പിന്നെ നിങ്ങൾ ആരേയും പരസ്പരം പരിഗണിക്കുന്നതല്ല. ഖിലാഫത്ത് ഈ ബന്ധമാണ് അഭിവൃദ്ധിപ്പെടുത്തുന്നത്. ഈ ബന്ധം ഖിലാഫത്തിന്റെ വ്യക്തിത്വത്തിൽ കേന്ദ്രീകരിക്കുകയും പിന്നീട് അത് മുമ്പോട്ട് ചലിക്കുകയും ചെയ്യുന്നു.

(ഖുത്ബ 10.6.90)

ഹുസൂർ (റഹ്) ജമാഅത്തിന്റെ ഒരുമിച്ചു ചേരുന്നതിനുള്ള അനുഗ്രഹത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു, അല്ലാഹുവിന്റെ ഔദാര്യമാണ് നിങ്ങളെ ഒരുമിപ്പിച്ചിരിക്കുന്നത്. ഇത് ഇന്ന് ഇരട്ടിയായി വെളിപ്പെട്ടിരിക്കുകയാണ്. അൽഹംദുലില്ലാഹ് നാം ഇന്ന് വീണ്ടും കണ്ടത് വീണ്ടും സഹോദരന്മാരാക്കപ്പെട്ടതാണ്. എന്നാൽ അല്ലാഹുവാണ് സാക്ഷി ഇപ്പോൾ സഹോദരന്മാരാക്കപ്പെട്ട നിങ്ങൾ ഇൻശാ അല്ലാഹ് ഖിയാമത്ത് വരേയും അങ്ങിനെ തന്നെ നിലനിർത്തുന്നതാണ്. നിങ്ങൾ വിനയത്തോടുകൂടി അല്ലാഹുവിന്റെ അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ജീവിക്കുകയാണെങ്കിൽ ഈ അനുഗ്രഹത്തെ ആർക്കും നിങ്ങളിൽ നിന്ന് പിടിച്ചെടുക്കാൻ സാധ്യമേ അല്ല.(ഖുത്ബ 5.8.94)

അദ്ദേഹം വീണ്ടും പറയുന്നു, ഞാൻ നിങ്ങൾക്ക് ഒരു സന്തോഷവാർത്ത അറിയിക്കുകയാണ്........ ഇനി മേലിൽ ഇൻശാ അല്ലാഹ് അഹ്മദിയ്യാ ഖിലാഫത്തിന് ഒരിക്കലും ഒരപകടവും പറ്റുന്നതല്ല. ദൈവദൃഷ്ടിയിൽ ജമാഅത്ത് പക്വതയുടെ സ്ഥാനത്ത് എത്തി കഴിഞ്ഞിരിക്കുന്നു. ഒരു ശത്രു ദൃഷ്ടിക്കും ശത്രുഹൃദയത്തിനും ശത്രുതാപ്രവർത്തനങ്ങൾക്കും ജമാഅത്തിന് ഒരു പോറൽ പോലുമേൽപ്പിക്കാൻ സാധ്യമല്ല. അല്ലാഹു ഹദ്റത് മസീഹ് മൗഊദ് (അ) വാഗ്ദാനം ചെയ്ത അതേ പ്രൗഢിയോടുകൂടി അഹ്മദിയ്യാ ഖിലാഫത്ത് ഇൻശാ അല്ലാഹ് വളർന്നുകൊണ്ടേയിരിക്കും. ചുരുങ്ങിയത് 1000 കൊല്ലം വരെയെങ്കിലും ഈ ജമാഅത്ത് ജീവിക്കുന്നതാണ്. ദുആകളിൽ മുഴുകുക. സ്തുതികീർത്തനങ്ങൾ ആലപിക്കുക. തങ്ങളുടെ ശപഥങ്ങളെ പുതുക്കുകയും ചെയ്യുക. (അൽ ഫദ്ൽ 28.6.82)

ഇന്ന് നാം എല്ലാവരും സാക്ഷ്യം നിൽക്കുകയാണ്. അല്ലയോ പോകുന്ന മഹാത്മാവേ, താങ്കൾ ഈ ജമാഅത്തിന് നൽകിയ സന്തോഷ വാർത്തകൾ അക്ഷരം പ്രതി പൂർത്തിയായിരിക്കുന്നു. ഈ ജമാഅത്ത് ഇന്ന് വീണ്ടും ശക്തമായ അടിത്തറയുള്ള കെട്ടിടം പോലെ ഖിലാഫത്തിന്റെ സംസ്ഥാപനത്തിനും നിലനിൽപ്പിനും വേണ്ടി നിലനിൽക്കുകയാണ്. ഭൂലോകത്തെവിടേയും കാണപ്പെടാത്ത രീതിയിലുള്ള ആത്മാർഥതയുടേയും കൂറിന്റേയും മാതൃകകൾ കാണിക്കുകയാണ്. നാഥാ, എല്ലാ കഴിവുകളുള്ള എന്റെ നാഥാ നീ എപ്പോഴെത്തേതും പോലെ നിന്റെ വാഗ്ദാനമനുസരിച്ച് നിന്റെ സ്നേഹത്തിന്റെ ദൃഷ്ടികൾ ഈ ജമാഅത്തിനു മേൽ പതിപ്പിക്കേണമേ.

ഹദ്റത് മസീഹ് മൗ ഊദ്(അ) പറയുന്നു, ഞാൻ വലിയ പ്രഖ്യാപനത്തോടും സ്ഥൈര്യത്തോടും കൂടി പറയുന്നു, ഞാൻ സത്യത്തിലാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ രംഗത്ത് എനിക്ക് തന്നെയാണ് വിജയം. ഞാൻ വളരെ ദീർഘദൃഷ്ടിയോടു കൂടി പറയുകയാണ്, ലോകത്തെ സത്യത്തിന്റെ ചവിട്ടടിയിൽ ഞാൻ കാണുന്നു. ഞാൻ എത്രയും വേഗം ഒരു മഹത്തായ വിജയം വരിക്കുന്നതാണ്. കാരണം എന്റെ നാവിന് ശക്തിയേകികൊണ്ട് മറ്റൊരു നാവ് സംസാരിക്കുന്നു. എന്റെ കൈകൾക്ക് ബലമേകി കൊണ്ട് മറ്റൊരു കൈ ചലിക്കുന്നു. അത് ഭൗതികലോകം കാണുന്നില്ല. എന്നാൽ ഞാൻ കണ്ടുകൊണ്ടിരിക്കുന്നു. എനിക്കുള്ളിൽ ഒരു ആകാശീയ ആത്മാവ് സംസാരിച്ചുകൊണ്ടേയിരിക്കുന്നു. അത് എന്റെ വാക്കുകൾക്കും അക്ഷരങ്ങൾക്കും ജീവൻ പ്രധാനം ചെയ്യുന്നു. വാനലോകത്ത് ഒരു ആവേശവും തിളച്ചുമറിയലുമുണ്ട്. അത് ഒരു ബിംബത്തെ പോലെ ഈ ഒരു പിടി മണ്ണിനെ എഴുന്നേൽപ്പിച്ചു നിർത്തിയിരിക്കുന്നു.

(ഈസാലെ ഔഹാം)

വീണ്ടും പറയുന്നു. അവസാനം ഞാൻ തന്നെയാണ് വിജയം വരിക്കുക എന്നും എല്ലാ ആരോപണങ്ങളിൽ നിന്നും നിന്റെ നിരപരാധിത്വം വെളിപ്പെടുത്തുമെന്നും നിനക്ക് വിജയം നൽകുമെന്നും അല്ലാഹു എനിക്ക് വ്യക്തമാക്കി തന്നിരിക്കുന്നു. നിന്റെ ജമാഅത്ത് ഖിയാമത്ത് വരേയും എതിരാളികൾക്ക് മേൽ വിജയം വരിക്കുന്നതാണ്. അവൻ പറഞ്ഞു, ഞാൻ ശക്തിമത്തായ അക്രമണങ്ങൾ മുഖേന നിന്റെ സത്യം വെളിപ്പെടുത്തു ന്നതാണ്. (അൻവാറുൽ ഇസ്‌ലാം)

അവസാനം ഞാൻ ദുആക്ക് ആഹ്വാനം ചെയ്യുകയാണ്. എനിക്ക് വേണ്ടി ധാരാളം ദുആ ചെയ്യുക. ഒരു പാട് ദുആ ചെയ്യുക. വളരേയധികം ദുആ ചെയ്യുക. ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ ഈ പ്രിയപ്പെട്ട ജമാഅത്തിനെ സേവിക്കാൻ അല്ലാഹു എനിക്ക് അർഹതയും കഴിവും പ്രദാനം ചെയ്യുമാറാകട്ടെ. നമ്മെ ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ ആഗമനോദ്ദേശ്യം പൂർത്തിയാക്കുന്നവരാക്കുമാറാകട്ടെ. ഇന്നലെ ഒരു സുഹൃത്ത് എനിക്ക് കത്തെഴുതിയിരുന്നു. അതിലുള്ള ദുആ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. താങ്കൾക്ക് ഖിലാഫത്തിന്റെ സ്ഥാനം വഹിക്കാൻ കഴിവില്ലെങ്കിൽ അല്ലാഹു അത് ഉണ്ടാക്കി തരട്ടെ എന്ന് ഞാൻ ദുആ ചെയ്യുകയാണ്.

തീർച്ചയായും ദുആകളും അല്ലാഹുവിന്റെ അനുഗ്രഹവും കൊണ്ട് മാത്രമേ ഈ സംഘം എല്ലാത്തരം വിജയങ്ങളോടും കൂടി മുമ്പോട്ട് കുതിക്കുകയുള്ളു. നിങ്ങളോട് ദുആക്ക് അപേക്ഷിക്കുകയാണ്. പക്ഷെ ഇത് സംബന്ധിച്ച് ഒരു വിശദീകരണം ഞാൻ നൽകട്ടെ, ജമാഅത്തിന്റെയും ഖിലാഫത്തിന്റേയും നിസാമിന് ഒരു പരിശുദ്ധിയുണ്ട്. ഖലീഫക്ക് ഇന്ന കുറവുണ്ട്, ദൗർബല്യമുണ്ട് എന്ന് സംസാരിക്കാൻ അത് നിങ്ങൾക്ക് അനുമതി നൽകുന്നില്ല. നിങ്ങൾ എനിക്ക് എന്റെ ദൗർബല്യങ്ങൾ ചൂണ്ടിക്കാണിച്ചുതരിക. ഞാൻ പരമാവധി അത് ദൂരികരിക്കാൻ ശ്രമിക്കുന്നതാണ്. പക്ഷേ സദസ്സുകളിലിരുന്ന് സംസാരിക്കുന്നവർക്കെതിരെ ജമാഅത്തീ നിസാം നടപടിയെടുക്കുന്നതാണ്. അതുകൊണ്ട് എന്റെ അപേക്ഷ നിങ്ങൾ ദുആ ചെയ്യുക. ദുആകൾ കൊണ്ട് എന്നെ സഹായിക്കുക. അങ്ങിനെ നമുക്ക് എല്ലാവർക്കും ഒരുമിച്ച് ഇസ്‌ലാമിന്റെ വിജയത്തിന്റെ സുദിനം കാണാം. ഇൻശാ അല്ലാഹ്. (25.4.2003)

വിവ: എച്ച്.ശംസുദ്ദീൻ

# ഖിലാഫത്ത് വ്യവസ്ഥിതി

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ)



ഖിലാഫത്ത് ഒരു അറബി പദമാണ്. അതിന്റെ ഭാഷാർഥം പിന്നിൽ വരുന്ന ആൾ,പ്രതിനിധി,സഹായിയായി വന്ന് ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന ആൾ എന്നെല്ലാമാണ്.

സാങ്കേതികമായി ഖലീഫ എന്ന പദത്തിന് രണ്ട് അർഥങ്ങളുണ്ട്.

1. ലോകത്തിന്റെ പരിഷ്കരണത്തിന്നു വേണ്ടി ദൈവത്താൽ നിയോഗിക്കപ്പെടുന്ന സമുദ്ധാരകൻ.

ഈ വീക്ഷണത്തിൽ എല്ലാ പ്രവാചകന്മാരും ഖലീഫത്തുല്ലാഹ് ആണ്. കാരണം അവർ ദൈവിക പ്രതിനിധികളായി പ്രവർത്തിക്കുന്നു.

ഈ അർഥത്തിൽ വിശുദ്ധ ഖുർആൻ ഹദ്റത്ത് ആദം (അ) നേയും ഹദ്റത്ത് ദാവൂദ് (അ) നേയും ഖലീഫ എന്ന് പറഞ്ഞിട്ടുണ്ട്.

2. ഏതെങ്കിലും പ്രവാചകന്റേയോ ആത്മീയ പരിഷ്കർത്താവിന്റേയോ വഫാത്തിനെ തുടർന്ന് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പരിപൂർത്തീകരിക്കാൻ അദ്ദേഹത്തിന്റെ പ്രതിനിധിയും അദ്ദേഹത്തിന്റെ ജമാഅത്തിന്റെ ഇമാമും ആകുന്ന ആൾക്കും ഖലീഫ എന്ന് പറയുന്നു.

ഉദാ: നബി(സ)നു ശേഷം ഹ.അബൂബക്കർ(റ), ഹ.ഉമർ(റ) ...............

**ഖിലാഫത്തിന്റെ ആവശ്യകത**

അല്ലാഹുവിന്റെ എല്ലാ ഓരോ പ്രവൃത്തിയും യുക്തിഭദ്രവും വിവേകപൂർണവുമാണ്.

അവന്റെ സ്വാഭാവിക നിയമത്തിനു കീഴിൽ മനുഷ്യന്റെ ആയുസ്സ് പരിമിതമാണ്. എന്നാൽ പരിഷ്കരണപ്രവർത്തനങ്ങൾക്ക് നീണ്ടകാല മേൽനോട്ടവും ശിക്ഷണവും ആവശ്യമാണ്. അതുകൊണ്ടാണ് അല്ലാഹു നുബുവ്വത്തിനു ശേഷം ഖിലാഫത്ത് വ്യവസ്ഥിതി വെച്ചിരിക്കുന്നത്. അങ്ങിനെ നബിമാരുടെ വഫാത്തിനു ശേഷം ഖലീഫമാർ മുഖേന അവരുടെ പദ്ധതികൾ പരിപൂർണതയിലെത്തിക്കുന്നു. അതായത് നബി വിതച്ച വിത്ത് ഖലീഫമാർ മുഖേന എല്ലാ പ്രാരംഭ ദുർഘടാവസ്ഥകളിൽ നിന്നും സംരക്ഷിതിമായി ബലവത്തായ വടവൃക്ഷമായി മാറുന്നു. ഇതിൽ നിന്ന് വ്യ്ക്തമാകുന്നത് ഖിലാഫത്ത് വ്യവസ്ഥിതി യഥാർഥത്തിൽ നുബുവ്വത്തിന്റെ തന്നെ ശാഖയും അതിന്റെ പിന്തുടർച്ചയുമാണ്.

അതുകൊണ്ടു തന്നെ തിരുനബി(സ) പറയുന്നു: എല്ലാ നുബുവ്വത്തിനു ശേഷവും ഖിലാഫത്ത് വ്യവസ്ഥിതി നിലവിൽ വന്നിട്ടുണ്ട്.

**ഖിലാഫത്തിന്റെ സംസ്ഥാപനം**

ഖിലാഫത്ത്, നുബുവ്വത്തിന്റെ ശാഖയും പിന്തുടർച്ചയും ആയതുകൊണ്ട് നുബുവ്വത്തിന്റെ സംസ്ഥാപനം പോലെ തന്നെ ഖിലാഫത്തിന്റെ സംസ്ഥാപനവും അല്ലാഹു തന്റെ കയ്യിൽ തന്നെ വെച്ചിരിക്കുന്നു. നിലവിലുള്ള ജനങ്ങളിൽ ഈ ഭാരം വഹിക്കാൻ ഏറ്റവും അനുയോജ്യനായ ആളെ ത്തന്നെ ഖിലാഫത്ത് പദവിയിൽ അവരോധിക്കുന്നു.

നബിയുടെ ആഗമനത്തെ തുടർന്ന് വിശ്വാസികളുടെ ഒരു ജമാഅത്ത് സ്ഥാപിതമാകുന്നു. അവർ നുബുവ്വത്തിന്റെ അനുഗ്രഹത്താൽ സുശിക്ഷിതരുമായിരിക്കും. അതുകൊണ്ട്തന്നെ അല്ലാഹു ഖിലാഫത്ത് തിരഞ്ഞെടുപ്പിൽ വിശ്വാസികളേയും ഭാഗഭാക്കാക്കുന്നു. .... അങ്ങനെ അവർക്ക് അദ്ദേഹത്തെ അനുസരിക്കാനും അദ്ദേഹത്തോട് സഹകരിക്കാനും ഉള്ള വലിയ മനസ്സാന്നിദ്ധ്യം ഉണ്ടാകുന്നു. ഖലീഫയുടെ തിരഞ്ഞെടുപ്പിൽ ഇത്തരം അത്ഭുതാവഹമായ സമ്മിശ്രണത്തിന്റെ അവസ്ഥയാണുള്ളത്. പ്രത്യക്ഷത്തിൽ വിശ്വാസിവൃന്ദമാണ് തിരഞ്ഞെടുക്കുന്നതെങ്കിലും ദൈവിക വിധിയാണ് പൂർത്തിയാവുന്നത്.

അല്ലാഹു വിശ്വാസികളുടെ ഹൃദയങ്ങളെ അർഹനായ ആളിലേക്ക് തിരിക്കുന്നു. അതുകൊണ്ട് തന്നെ വിശുദ്ധ ഖുർആനിൽ എല്ലായിടത്തും അല്ലാഹു ഖലീഫയുടെ നിയമനം തന്നിലേക്ക് ചേർത്താണ് പറഞ്ഞിരിക്കുന്നത്.

അവൻ പറയുന്നു: ഖലീഫയെ ഞാനാണ് ഉണ്ടാക്കുന്നത്. ഈ യാഥാർഥ്യത്തിലേക്ക് വെളിച്ചം വീശിക്കൊണ്ട് ഹ. അബൂബക്കർ(റ)ന്റെ ഖിലാഫത്തിനെക്കുറിച്ച് തിരുനബി(സ) പറയുന്നു: എനിക്കു ശേഷം അല്ലാഹുവും വിശ്വാസിവൃന്ദവും അബൂബക്കറിന്റെ അല്ലാതെ മറ്റാരുടെ ഖിലാഫത്തിലും തൃപ്തരാകുന്നതല്ല.

ഹ.മസീഹ് മൗ ഊദ് (അ)ഉം അൽവസിയ്യത്തിൽ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്. അതായത് തിരുനബി(സ)ന്റെ വഫാത്തിനെ തുടർന്ന് അല്ലാഹു ഹ.അബൂബക്കർ(റ)നെ എഴുന്നേൽപ്പിച്ചു കൊണ്ട് മുസ്‌ലിംകളുടെ വീഴാനായുന്ന ജമാഅത്തിനെ സംരക്ഷിച്ചു. ഹ.അബൂബക്കർ(റ) ന്റെ ഉദാഹരണം സമർപ്പിച്ചുകൊണ്ട് ഹ.മസീഹ് മൗഊദ് (അ) തന്നെക്കുറിച്ച് പറയുന്നു: എനിക്ക് ശേഷം മറ്റു ചില വ്യക്തിത്വങ്ങളുണ്ടാവും അവർ രണ്ടാം ദിവ്യശക്തിപ്രഭാവത്തിന്റെ പ്രാദുർഭാവങ്ങളായിരിക്കും.

ഈ ഉദ്ധരണികളിൽ നിന്ന് വ്യക്തമാകുന്നത് പ്രത്യക്ഷത്തിൽ ഖിലാഫത്തിന്റെ സ്ഥാപനത്തിൽ വിശ്വാസികളുടെ അഭിപ്രായവും ഉണ്ടായിരിക്കുമെങ്കിലും യഥാർഥത്തിൽ ദൈവിക തീരുമാനമാണ് നടപ്പിൽ വരുന്നത്.

**യഥാർഥ ഖിലാഫത്തിന്റെ ലക്ഷണങ്ങൾ**

വിശുദ്ധ ഖുർആനിലും ഹദീസിലും യഥാർഥ ഖലീഫയുടെ പ്രബലമായ രണ്ട് അടയാളങ്ങൾ വ്യക്തമാക്കുന്നുണ്ട്.

1.സൂറത്തുന്നൂറിൽ പറയുന്നു;

ലയുമക്കിനന്ന ലഹും ദീനഹുമുല്ല ദിർതളാ ലഹും വലയുബദ്ദിലന്നഹും മിൻ ബഅദി ഖൗഫിഹിം അംനാ യഅ്ബുദൂനനീ ലാ യുശ്‌രികൂന ബീ ശയ്ആ അതായത് യഥാർഥ ഖലീഫമാർ മുഖേന അല്ലാഹു ദീനിനെ പ്രബലപ്പെടുത്താനുള്ള സാഹചര്യമൊരുക്കുകയും വിശ്വാസികളുടെ ചകിതാവസ്ഥയെ സമാധാനത്തിലേക്ക് മാറ്റുകയും ചെയ്യുന്നു. ഖലീഫമാർ എന്നെ മാത്രം ആരാധിക്കുന്നതും എന്നോട് ആരേയും പങ്കു ചേർക്കുന്നതല്ല. വൃക്ഷം ഫലത്തെക്കൊണ്ട് തിരിച്ചറിയുന്നതു പോലെ യഥാർഥ ഖലീഫ അവർക്ക് ആരംഭം മുതലേ നൽകപ്പെടുന്ന ആത്മീയ ഫലത്താൽ തിരിച്ചറിയപ്പെടുന്നു.

2.രണ്ടാമത്തെ അടയാളം ഹദീസിൽ വിവരിക്കുന്നുണ്ട്. പ്രത്യേക സാഹചര്യങ്ങളിലൊഴികെ ഖലീഫയുടെ തിരഞ്ഞെടുപ്പ് വിശ്വാസികളുടെ ഏകകണ്ഠമായ അഭിപ്രായ പ്രകാരമോ ഭൂരിപക്ഷാഭിപ്രായ പ്രകാരമോ ആയിരിക്കണം. കാരണം യഥാർഥത്തിൽ ദൈവിക നിയതിയാണ് ചലിക്കുന്നത്. പക്ഷേ അല്ലാഹുവിന്റെ യുക്തി ഖിലാഫത്ത് തിരഞ്ഞെടുപ്പിൽ പ്രത്യക്ഷത്തിൽ വിശ്വാസികളുടെ അഭിപ്രായത്തേയും ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാ: ഹ. അബൂബക്കർ(റ) ന്റെ ഖിലാഫത്തിനെക്കുറിച്ച് നബിതിരുമേനി(സ) പറയുന്നു: അല്ലാഹുവിന്റെ വിധി അബൂബക്കർ(റ)നെ അല്ലാതെ മറ്റാരേയും ഖലീഫയാകാൻ അനുവദിക്കുന്നതല്ല. വിശ്വാസിവൃന്ദവും മറ്റൊരാളുടെ ഖിലാഫത്തിൽ തൃപ്തരാകുന്നതല്ല.

ചുരുക്കത്തിൽ യഥാർഥ ഖിലാഫത്തിന്റെ രണ്ട് അടയാളങ്ങൾ ഇവയാണ്.

1. വിശ്വാസികളുടെ തിരഞ്ഞെടുപ്പിലൂടെയാണ് സ്ഥാപിതമാകുന്നത്.

2.അല്ലാഹു തന്റെ അനുഗ്രഹങ്ങൾ കൊണ്ട് അദ്ദേഹത്തെ പിന്തുണക്കാനും സഹായിക്കാനും നിൽക്കുന്നു. അങ്ങിനെ അദ്ദേഹം മുഖേന ദീനിനെ പ്രബലപ്പെടുത്തുകയും ചെയ്യുന്നു.

**ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ**

ഖിലാഫത്ത് വ്യവസ്ഥിതി വളരെ അനുഗൃഹീതമായ ഒരു പദ്ധതിയാകുന്നു. പ്രവാചകത്വമാകുന്ന സൂര്യന്റെ ഭൗതിക അസ്തമയത്തിനു ശേഷം ഖിലാഫത്തിലൂടെയാണ് അല്ലാഹു നുബുവ്വത്തിന്റെ ചന്ദ്രൻ ഉദിക്കാനുള്ള സംവിധാനം ചെയ്യുന്നത്.ശിശുവിനെപ്പോലെയുള്ള ജമാഅത്തിന് പ്രവാചകന്റെ മരണത്തെത്തുടർന്ന് അഭിമുഖീകരിക്കേണ്ടി വരുന്ന ദുർഘടാവസ്ഥയിൽ നിന്ന് സംരക്ഷിക്കപ്പെടുന്നു.

വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നതുപോലെ നബിയുടെ ജോലി സന്മാർഗത്തിലേക്കുള്ള തബ്‌ലീഗിനോടൊപ്പം വിശ്വാസി വൃന്ദത്തിന്റെ ആദ്ധ്യാത്മിക ശിക്ഷണവും ആത്മീയവും ധാർമികവുമായ അധ്യാപനവും അവരുടെ സംഘാടനവുമാണ്. ഈ എല്ലാ പ്രവർത്തനങ്ങളും നബിയുടെ മരണശേഷം കാലത്തിന്റെ ഖലീഫയിൽ വന്ന് ചേരുന്നു.അദ്ദേഹത്തിന്റെ വ്യക്തിത്വം ജമാഅത്തിനെ ഭിന്നിപ്പുകളിൽ നിന്ന് രക്ഷിച്ച് ഒരു ശക്തമായ മാലയിൽ കോർക്കുന്നു.

നബിയുടെ അസ്തിത്വം ജമാഅത്തിന് സ്നേഹമയവും ആത്മാർഥവുമായ ബന്ധത്തിന്റെ ആത്മീയ കേന്ദ്രവുമാണ്. അതു മുഖേന ഐക്യത്തിന്റേയും ഒരുമയുടേയും പരസ്പര സഹകരണത്തിന്റേയും പ്രശോഭിതമായ പാഠങ്ങളാണ് നൽകപ്പെടുന്നത്. കാലത്തിന്റെ ഖലീഫ ഈ കൂറിന്റെ പാഠങ്ങൾ അഭംഗുരം തുടരാനും പുതുമയോടെ നിലനിർത്താനും നിമിത്തമായി മാറുന്നു. അതു കൊണ്ടു തന്നെയാണ് ജമാഅത്ത് ഒരു കയ്യിൽ ഒരുമിച്ച് ചേർന്നു കൊണ്ട് ഖലീഫയുടെ അസ്തിത്വവുമായി പരസ്പര

പൂരകമായി തീരുന്നത് വലിയൊരു അനുഗ്രഹമാണെന്ന് പറഞ്ഞുകൊണ്ട് തിരുനബി(സ) അതിന് വലിയ പ്രാധാന്യം നൽകുകയും ജമാഅത്തിൽ ഭിന്നിപ്പുണ്ടാക്കുന്നവർക്ക് മേൽ ലഅ്നത്ത് ചൊരിയുകയും ചെയ്തത്.

നബി (സ) പറയുന്നു: ജമാഅത്തിൽ നിന്ന് മാറുകയും ഭിന്നിപ്പ് ഉണ്ടാക്കുകയും ചെയ്യുന്നവൻ തനിക്കുതന്നെ നരകത്തിന്റെ വാതിൽ തുറക്കുകയാണ് ചെയ്യുന്നത്.

മറ്റൊരിടത്ത് പറയുന്നു: *അലൈക്കും ബി സുന്നത്തീ വ സുന്നത്തിൽ ഖുലഫാഉൽ മഹ്ദിയ്യീൻ* അതായത് എല്ലാ ദീനീ കാര്യങ്ങളിലും എന്നെ അനുസരിക്കുന്നതും എനിക്ക് ശേഷം എന്റെ ഖലീഫമാരെ അനുസരിക്കേണ്ടതും നിങ്ങൾക്ക് നിർബന്ധമാണ്. കാരണം അവർ അല്ലാഹുവിൽ നിന്ന് സന്മാർഗം സിദ്ധിച്ചവരാണ്.

ചുരുക്കത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി വളരെ അനുഗ്രഹീതമായ പദ്ധതിയാണ്.

**ഖിലാഫത്തിന്റെ അധികാരങ്ങൾ**

ഖിലാഫത്തിന്റെ അധികാരങ്ങളെ ക്കുറിച്ചുള്ള വിഷയത്തിൽ അടിസ്ഥാനപരമായി മനസ്സിലാക്കേണ്ട ഒരു സംഗതിയുണ്ട്. അതായത് ഖിലാഫത്ത് ഒരു ആത്മീയ സംവിധാനമാണ്. അതിൽ ഭരണപരമായ അവകാശം മുകളിൽ നിന്ന് താഴേക്കാണ് വരുന്നത്.

ഖിലാഫത്ത് നുബുവ്വത്തിന്റെ ഭാഗമാണ്. മറുഭാഗത്ത് ശരീഅത്ത് കാലാകാലത്തേക്കുമായി സമ്പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തന്നെ ശരീഅത്തിന്റെ പരിധിക്കുള്ളിൽ നുബുവ്വത്തിന്റെ അധികാരങ്ങൾ വിശാലമാണ്. അതേപോലെത്തന്നെ ശരീഅത്തിന്റേയും സുന്നത്തിന്റെയും പരിധിക്കുള്ളിൽ ഖിലാഫത്തിന്റെ അധികാരങ്ങളും വിശാലമാണ്. അതായത് ഖലീഫ ഇസ്‌ലാമിക ശരീഅത്തിന്റെ പരിധിക്കുള്ളിൽ പ്രവാചകന്റെ സുന്നത്തിന് കീഴിൽ ദൈവിക ജമാഅത്തിന്റെ സംവിധാനത്തിലും ക്രമപ്പെടുത്തുന്നതിലും വിശാലമായ അധികാരങ്ങളുണ്ട്. ഇക്കാലഘട്ടത്തിലെ ജനാധിപത്യവാദികളെന്ന് പറയുന്ന യുവാക്കൾ, ഒരു വ്യക്തിക്ക് എങ്ങിനെയാണ് ഇത്രയും വിശാലമായ അധികാരങ്ങൾ ലഭിക്കുന്നു എന്നതിൽ അത്ഭുതപ്പെടാറുണ്ട്. അവർ മനസ്സിലാക്കേണ്ട ചില സംഗതികളുണ്ട്.

1. ഖിലാഫത്ത് ഏതെങ്കിലും ജനാധിപത്യത്തിന്റേയോ ഭൗതിക വ്യവസ്ഥയുടേയോഭാഗമല്ല. മറിച്ച് ആത്മീയവും ദീനീപരവുമായ സംവിധാനത്തിന്റെ ഭാഗമാണ്.അതിന്റെ അധികാരം അല്ലാഹുവിന്റെ സ്ഥായിയായ അധികാരത്തിന്റെ ഭാഗമായി മുകളിൽനിന്ന് താഴേക്ക് വരുന്നതാണ്. മാത്രമല്ല ദൈവിക തണൽ എപ്പോഴും ഖലീഫമാർക്ക് മീതെ ഉണ്ടാകുന്നു.

2. ഖലീഫ ശരീഅത്തിന്റെ നിർണ്ണിത ലോഹകവചത്തിനും സുന്നത്തിന്റെ നാല് ചുമരുകൾക്കും ഉള്ളിലായിരിക്കെ അദ്ദേഹത്തിനുള്ള അധികാരത്തിന്റെ വൈപുല്യത്തിൽ എന്ത് ആക്ഷേപത്തിനാണ് പ്രസക്തിയുള്ളത്?

നബിക്കു ശേഷം ഖലീഫയുടെ അസ്തിത്വം തീർച്ചയായും അനുഗ്രഹവും കാരുണ്യവുമാണ്. കാരുണ്യത്തിന്റെ വൈപുല്യം അഭിവൃദ്ധിക്ക് കാരണമാണ്.

ഖലീഫയുടെ തിരഞ്ഞെടുപ്പിൽ ജനങ്ങളുടെ അഭിപ്രാ യവും ഉൾപ്പെടുന്നതുകൊണ്ട് അദ്ദേഹം എല്ലാ പ്രധാന കാര്യങ്ങളിലും ജനങ്ങളുടെ അഭിപ്രായം ആരായണമെന്ന് ഇസ്‌ലാം നിർദ്ദേശിക്കുന്നു. ജനങ്ങളുടെ അഭിപ്രായം എല്ലാ അവസ്ഥയിലും അതേപടി എടുക്കാൻ ഖലീഫ ബാധ്യസ്ഥനല്ലെങ്കിലും ജനങ്ങളുടെ അഭിപ്രായം ആരായേണ്ടത് അനിവാര്യമാണ്. അങ്ങിനെ ഒരു ഭാഗത്ത് ജമാഅത്തിനുള്ളിൽ സാമുദായികവും ദീനീപരവും നേതൃത്വപരവുമായ ശിക്ഷണം ലഭിക്കുകയും മറുഭാഗത്ത് കൂടിയാലോചന കാരണമായി ജമാഅത്തിൽ കൂടുതൽ സന്തോഷപ്രദമായ അവസ്ഥ സംജാതമാവുകയും ചെയ്യുന്നു.

എന്നാൽ സവിശേഷസാഹചര്യങ്ങളിൽ *ഇദാ അസംത്ത ഫ തവക്കൽ അലല്ലാഹ്* (നീ തീരുമാനമെടുത്തുകഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപ്പിക്കുക) എന്ന സ്ഥാനവും ഉണ്ട്.

ചുരുക്കത്തിൽ ഇത് വളരെ സൂക്ഷ്മമായ തത്വശാസ്ത്രമാണ് *വലാക്കിൻ ലാ യത്തഫക്കറൂൻ*

**സ്ഥാനഭ്രഷ്ടനാക്കാവതല്ല**

ഖിലാഫത്തിന്റെ സ്ഥാനത്തെ മനസ്സിലാക്കാത്ത ആളുകൾ ചില സന്ദർഭങ്ങളിൽ തങ്ങളുടെ അറിവില്ലായ്മ കാരണം ഖലീഫയുടെ സ്ഥാനഭ്രഷ്ടിനെക്കുറിച്ചുള്ള വിഷയവുമായി കുഴപ്പത്തിൽ ചെന്നു ചാടുന്നു. അവർ ഖിലാഫത്തിനേയും ഭൗതിക ജനാധിപത്യസംവിധാനം പോലെ മനസ്സിലാക്കി ആവശ്യാനുസരണം ഖലീഫയെ സ്ഥാനഭ്രഷ്ടനാക്കാനുള്ള വഴി അന്വേഷിക്കുകയാണ് ചെയ്യുന്നത്. ഇത് ഖിലാഫത്തിന്റെ യഥാർഥ സ്ഥാനം മനസ്സിലാക്കാത്തതു കാരണം ഉടലെടുക്കുന്ന അബദ്ധധാരണയാണ്.

വാസ്തവത്തിൽ നേരത്തെ പറഞ്ഞതു പോലെ ഖിലാഫത്ത് ഒരു ആത്മിയ സംവിധാനമാണ്. അത് ദൈവികമായ പ്രത്യേക ഇടപെടലുകൾക്ക് വിധേയമായി നുബുവ്വത്തിന്റെ പൂരണവും പരിപൂർത്തീകരണവുമായി സ്ഥാപിതമാകുന്നതാണ്. ഇതിൽ ദൈവികമായ യുക്തിക്ക് വിധേയ മായി ജനങ്ങളുടെ അഭിപ്രായവും ഉൾപ്പെടുന്നുവെങ്കിലും യഥാർഥത്തിൽ ഖിലാഫത്ത് പ്രത്യേക ദൈവിക നിയതിക്ക് വിധേയമായാണ് സ്ഥാപിതമാകുന്നത്. അത് ഒരു ഉന്നതമായ ദൈവിക സമ്മാനം കൂടിയാണ്. അതു കൊണ്ട് തന്നെ ഇവിടെ സ്ഥാനഭ്രഷ്ടിന്റെ പ്രശ്നം തന്നെ ഉദിക്കുന്നി ല്ല.

ഇവ്വിഷയകമായി ഒരിക്കൽ ഹ. ഉസ്മാൻ(റ)ന്റെ ഖിലാഫത്തിനെ സൂചിപ്പിച്ചുകൊണ്ട് തിരുനബി(സ) പറയുകയുണ്ടായി: അല്ലാഹു നിനക്ക് ഒരു കുപ്പായം ധരിപ്പിക്കും.പക്ഷേ കപടവിശ്വാസികൾ അത് അഴിക്കാൻ ശ്രമിക്കും എന്നാൽ നീ അത് അഴിക്കരുത്.

ഈ ചെറിയ ഒരു നിർദ്ദേശത്തിൽ തന്നെ ഖിലാഫത്തിന്റെ അനുഗൃഹീത സ്ഥാപനത്തേയും സ്ഥാനഭ്രഷ്ടിന്റെ അവിശുദ്ധ ആഹ്വാനത്തിന്റേയും എല്ലാ സംഗതികളും വ്യക്തമാവുന്നുണ്ട്.

മാത്രമല്ല അല്ലാഹു നിയോഗിക്കുന്ന ഖലീഫയുടെ സ്ഥാനഭ്രഷ്ടിനെ ക്കുറിച്ച് പ്രശ്നമുന്നയിക്കുന്ന ബുദ്ധിശൂന്യരായ ആളുകൾ അങ്ങിനെയങ്കിൽ നബിയുടെ സ്ഥാനഭ്രഷ്ടിനെക്കുറിച്ചും പ്രശ്നമുദിക്കില്ലേ എന്ന് ചിന്തിക്കുന്നില്ല.ചുരുക്കത്തിൽ ഖലീഫയുടെ സ്ഥാന ഭ്രഷ്ടിനെക്കുറിച്ചുള്ള പ്രശ്നം തന്നെ അസ്ഥാനത്താണ്.

പ്രവാചകന്മാരെപ്പോലെ തന്നെ അല്ലാഹു അവരെ മരിപ്പിക്കുമ്പോഴാണ് അവർക്ക് സ്ഥാനഭ്രംശം സംഭവിക്കുന്നത്. ഓർക്കുക ഖിലാഫത്തിന്റെ സ്ഥാനഭ്രംശത്തെക്കുറിച്ചുള്ള പ്രശ്നം കേവലം ശാഖാപരമാണ്. സ്ഥായിയായ പ്രശ്നമേ അല്ല.

വിശുദ്ധഖുർആനിൽ കൂടെക്കൂടെ വിളംബരപ്പെടുത്തുകയും നമ്മുടെ യജമാനർ (സ) ഹ. അബൂബക്കർ (റ) ന്റേയും ഹ. ഉസ്മാൻ(റ) ന്റേയും കാര്യത്തിൽ വ്യക്തമാക്കുകയും ചെയ്തതു പോലെ യഥാർഥത്തിൽ ഖലീഫയെ അല്ലാഹുവാണ് ഉണ്ടാക്കുന്നതെങ്കിൽ അത് സ്ഥാനഭ്രഷ്ടമാകുമെന്ന ചിന്ത ഒരു നിമിഷനേരത്തേക്ക് പോലും വിശ്വാസികളുടെ ഹൃദയത്തിൽ വരുന്നതല്ല. ഇസ്‌ലാം അച്ചടക്കമുള്ള മതമാണ്. തികച്ചും ജനങ്ങളുടെ അഭിപ്രായപ്രകാരമോ പിന്തുടർച്ചയെന്ന നിലക്കോ നിലവിൽ വരുന്ന ഭരണാധിപന്മാർക്കെതിരിൽ പ്രവർത്തിക്കാനോ അവരെ നിഷ്കാസിതരാക്കാൻ ശ്രമിക്കാനോ പാടില്ലെന്നതാണ് ഇസ്‌ലാമിക പാഠം. (*ഇല്ലാ അൻ തറൗ കുഫറൻ ബവ്വാഹാ* അതായത് അവരുടെ നടപടി വ്യക്തമായ ദൈവിക കൽപ്പനകൾക്കെതിരാണെങ്കിലൊഴികെ)

എന്നിരിക്കെ ദൈവദത്തമായി സ്ഥാപിതമാകുന്ന ഖലീഫമാരേയും പരിശുദ്ധ നബിയുടെ പ്രതിനിധികളേയും സ്ഥാനഭ്രഷ്ടരാക്കാൻ അനുമതി നൽകാൻ സാധ്യമാണോ? *ഹൈഹാത്ത ഹൈഹാത്ത ബിമാ തൂഅ്മറൂൻ*

**ഖിലാഫത്തിന്റെ കാലഘട്ടം**

അവസാനമായി ഈ ചർച്ചയിൽ ഉയരുന്ന ചോദ്യം ഖിലാഫത്തിന്റെ കാലത്തെക്കുറിച്ചാണ്.

ഖിലാഫത്ത് അനുഗ്രഹവും നുബുവ്വത്തിന്റെ പ്രവർത്തനങ്ങളുടെ പരിപൂർത്തീകരണത്തിനുമായിട്ടാണ് സ്ഥാപിതമാകുന്നത്. അതുകൊണ്ട് തന്നെ ഇതിന്റെ സ്ഥാപനത്തിന് രണ്ട് നിബന്ധനകളുണ്ട്.

1. അല്ലാഹുവിന്റെ ദൃഷ്ടിയിൽ അതിന് അർഹരായ ആളുകൾ വിശ്വാസി വൃന്ദത്തിൽ ഉണ്ടാവുക.

2. നുബുവ്വത്തിന്റെ പ്രവർത്തനങ്ങളുടെ പരിപൂർത്തീകരണത്തിന്റെ ആവശ്യകത ഉണ്ടായിരിക്കുക.

ഇവ രണ്ടും അല്ലാഹുവിന്റെ പ്രത്യേക അറിവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടുതന്നെ ഏതെങ്കിലും കാലത്ത് ഖിലാഫത്തിന്റെ കാലത്തെക്കുറിച്ചുള്ള അറിവും അല്ലാഹുവിനു മാത്രമേ ഉള്ളൂ. വിശുദ്ധ ഖുർആനിൽ അല്ലാഹു നുബുവ്വത്തിനെക്കുറിച്ച് പറയുന്നു: അല്ലാഹു അഅ്‌ലമു ഹയ്സു യജ്അലു രിസാല തഹൂ അതായത് തന്റെ രിസാലത്ത് ആരുടെ മേൽ സമർപ്പിക്കണമെന്ന് അല്ലാഹുവിന് നന്നായി അറിയാം.

ഖിലാഫത്ത് നുബുവ്വത്തിന്റെ ശാഖയായതുകൊണ്ട് ഇതേ നിയമം തന്നെയാണ് നടപ്പിൽ വരികയെന്ന് മനസ്സിലാക്കേണ്ടതാണ്. അതാണ് ഈ ആയത്തിൽ പറയുന്നത്.

ഈ ആയത്തിൽ ഹയ്സു എന്ന് പറയുന്നുണ്ട്. അറബിഭാഷയിൽ ഇത് സ്ഥലത്തിനും കാലത്തിനും വേണ്ടി ഉപയോഗിക്കാറുണ്ട്. ഈ ആയത്തിന്റെ പൂർണമായ അർഥം ഇങ്ങനെയാണ്, നുബുവ്വത്തിനും അതിനെത്തുടർന്ന് ഖിലാഫത്തിലും ആരെ എത്ര കാലത്തേക്ക് അവരോധിക്കണമെന്ന് അല്ലാഹുവിനാണ് നല്ലപോലെ അറിയുന്നത്. ചുരുക്കത്തിൽ ഇലാഹി ജമാഅത്തുകളിൽ ഖിലാഫത്തിന് അർഹരായ ആളുകൾ ഉണ്ടായിരിക്കുവോളവും ദൈവദൃഷ്ടിയിൽ നുബുവ്വത്തിന്റെ ജോലികളുടെ പരിപൂർത്തീകരണവും അതിന്റെ വിത്ത് വളർന്ന് പന്തലിക്കേണ്ടതിന്റേയും ആവശ്യകത നിലനിൽക്കുവോളവും ഖിലാഫത്ത് സംവിധാനവും തുടരുന്നതാണ്.

ഏതെങ്കിലും കാലത്ത് പ്രത്യക്ഷത്തിലുള്ളതും സംവിധാന സംബന്ധവുമായ ഖിലാഫത്തിന്റെ കാലം മാറുമ്പോൾ അതിനു പകരം ഇസ്‌ലാമിക സേവനത്തിന് റൂഹാനി ഖിലാഫത്തിന്റെ കാലഘട്ടം ആരംഭിക്കും. അങ്ങനെ ഇൻശാ അല്ലാഹ് ഇസ്‌ലാമിക പൂന്തോപ്പിൽ ഒരിക്കലും ഹേമന്തം ശക്തി പ്രാപിക്കുകയില്ല. *ദാലിക തഖ്ദീറുൽ അസീസിൽ ഹകീം വലാഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്*

(അവ: അൽഫുർഖാൻ 1967 മെയ്,ജൂൺ)

(ആശയാനുവാദം: എ.നാസിർ)

# കാലത്തിന്റെ ഖലീഫയുടെ അനിഷ്ടത്തിൽ നിന്നും രക്ഷപ്പെടുക

## ഖാദിംകളോട്

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)



ഞാനെപ്പോഴും യാത്രാവേളകളിൽ കാണുന്നത്, ഏഴെട്ട് പണിക്കാർ കൂടെ ഉണ്ടായിരുന്നിട്ടും നിസാരമായ അമ്പതോ നൂറോ സാധനങ്ങളേ ഉള്ളുവെങ്കിലും തീർച്ചയായും അവർ എന്തെങ്കിലും സാധനം കളഞ്ഞിട്ടാണ് വരിക. തൽസംബന്ധമായി ചോദിച്ചാൽ ഒരാൾ പറയും, ഞാൻ കരുതിയത് അത് വേറെയാരെങ്കിലും നോക്കിയിട്ടുണ്ടാകുമെന്നാണ്. രണ്ടാമത്തെയാൾ പറയും, അത് ഇന്നയാൾ ശ്രദ്ധിച്ചിട്ടുണ്ടാകും എന്നാണ് ഞാൻ കരുതിയത്. ഒരാൾ മറ്റൊരാളെ ഉത്തരവാദിയാക്കുന്നത് വിചിത്രമായ അറിവില്ലായ്മയാണ്. നിങ്ങൾക്ക് ഇത്ര നിസാര ജോലി പോലും ചെയ്യാൻ സാധിക്കുന്നില്ലായെങ്കിൽ പിന്നെ മുഴുലോകത്തെയും എങ്ങിനെ സംരക്ഷിക്കും?

ഇതിന് കാരണം കേവലം അശ്രദ്ധയാകുന്നു. ഇനി അവരെ ഉപദേശിക്കുകയാണെങ്കിൽ മറ്റൊരു വിഢിത്തം എഴുന്നള്ളുന്നു. അതായത് ഇദ്ദേഹത്തിന് നഷ്ടമുണ്ടായതു കൊണ്ടാണ് ദേഷ്യപ്പെടുന്നതെന്നാണ് അവർ ധരിക്കുന്നത്. എന്നാൽ എനിക്ക് ദേഷ്യം വരുന്നത് ഇവരുടെ മറവിയിലാണ്.

നമ്മുടെ ജമാഅത്തിൽ ഒരാളുണ്ടായിരുന്നു, ഇപ്പോൾ അയാൾ മരിച്ചു പോയിരിക്കുന്നു. മരിച്ചതാകട്ടെ വളരെ പരിതാപകരമായ അവസ്ഥയിലും. ഒരിക്കൽ അയാൾ തന്റെ ഏതാനും സുഹൃത്തുക്കളോടൊപ്പം സ്വയം തന്നെ എന്റെ കാവലിനായി സമർപ്പിക്കുകയുണ്ടായി. ഞാൻ സ്വയം ആരെയും കാവലിനായി ഏർപെടുത്താറില്ല. എന്നാൽ ആരെങ്കിലും സ്വന്തം താൽപര്യ പ്രകാരം കാവലിനായി സന്നദ്ധനായാൽ അവരെ തടയാറുമില്ല. ആ സമയത്ത് ഞങ്ങൾ പുഴയോരത്ത് പോയിരിക്കുകയായിരുന്നു. ഒരു ഭാഗത്തായി ഞങ്ങളുടെ കൂടാരവും ഉറപ്പിച്ചിരുന്നു. അയാൾ പറഞ്ഞു, ഞങ്ങൾ താങ്കൾക്ക് കാവൽ നിൽക്കുന്നതാണ്.

ഉഷ്ണകാലമായിരുന്നു. എനിക്ക് ക്ഷീണം തോന്നിയപ്പോൾ ഞാൻ കൂടാരത്തിൽ പോയി ഉറങ്ങി. കുറച്ച് കഴിഞ്ഞ് ഞാൻ ഉണർന്നപ്പോൾ കൂടാരത്തിൽ തൂക്കിയിട്ടിരുന്ന എന്റെ കുട എന്തേയെന്ന് ഞാൻ വീട്ടുകാരോട് ചോദിച്ചു. ഞങ്ങൾ പുറത്ത് പോയിരിക്കുകയായിരുന്നു. ഇപ്പോൾ വന്നതേയുള്ളു. ആരാണ് കൊണ്ടു പോയതെന്ന് അറിയില്ല എന്നവർ മറുപടി പറഞ്ഞു.

ജോലിക്കാരിയോട് ചോദിച്ചപ്പോൾ അവർ പറഞ്ഞു, ഒരു വ്യക്തി കൂടാരത്തിനടുത്ത് വന്ന് ഹദ്റത്ത് സാഹിബിന്റെ കുട ആവശ്യപ്പെട്ടപ്പോൾ ഞാൻ കുടയെടുത്ത് അയാൾക്ക് നൽകി. ഞാൻ പുറത്തിറങ്ങി അന്വേഷിച്ചപ്പോൾ കൂടാരത്തിനടുത്ത് വന്ന് കുട വാങ്ങിക്കൊണ്ടു പോയത് ആരാണെന്ന് അറിയില്ല എന്നാണ് എല്ലാവരും പറഞ്ഞത്. എന്തായാലും അതാരാണെന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഏതെങ്കിലും കള്ളനായിരുന്നുവോ, അതോ നിങ്ങളുടെ ഈ കാവലിലൊന്നും വലിയ അർത്ഥമില്ല എന്ന് പറയാൻ മാത്രം വന്ന ഏതെങ്കിലും ശത്രുവായിരുന്നോ എന്നറിയില്ല. കാരണം അങ്ങിനെയുള്ളയാൾക്ക് വെറും കുട കൊണ്ട് എന്ത് നേട്ടം? നിങ്ങൾ എത്രത്തോളം അശ്രദ്ധരാണെന്നാൽ നിങ്ങളുടെ വീട്ടിൽ കയറി ഒരു സാധനം എടുത്തു കൊണ്ടു പോകുവാൻ സാധിക്കും, എന്തെങ്കിലും ലക്ഷ്യത്താലോ സ്വഭാവപരമായ കാരണത്താലോ ഞാൻ നിങ്ങളെ ആക്രമിച്ചില്ല എന്നത് വേറെ കാര്യം, പക്ഷേ ഞാൻ അകത്ത് തീർച്ചയായും പ്രവേശിക്കുകയും നിങ്ങളുടെ ഒരു സാധനം എടുത്ത് കൊണ്ടു പോകുകയും ചെയ്തിരിക്കുന്നു, നിങ്ങൾക്കാണെങ്കിലോ അതിനെ കുറിച്ചുള്ള യാതൊരു അറിവുമില്ല എന്ന് പറയുകയായിരിക്കും ഉദ്ദേശ്യം.

എന്തായാലും ഈ വസ്തുത മനസ്സിലാക്കിയപ്പോൾ ഞാനയാളോട് നീരസം പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു, ഇങ്ങനെയുള്ള കാവൽ കൊണ്ട് എന്ത് പ്രയോജനമാണുള്ളത്? അപ്പോൾ ഞാൻ സൂചിപ്പിച്ച ആ വ്യക്തി പറയുകയാണ്, നിങ്ങൾ എവിടെ നിന്നാണ് ഈ കുട വാങ്ങിയതെന്ന് അറിവുണ്ടായിരുന്നാൽ ഇതു പോലൊരു കുട വാങ്ങി നിങ്ങൾക്ക് സമർപ്പിക്കുമായിരുന്നു.

ഇത് അയാളുടെ എത്ര അധമവും മോശവുമായ ചിന്താഗതിയാണെന്ന് നോക്കുക. എന്റെ നീരസത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കാൻ ശ്രമിക്കാതെ എന്റെ ദേഷ്യം കേവലം കുട നഷ്ടപ്പെട്ടതിനാലാണെന്ന് അയാൾ കരുതുന്നു.

എന്റെ നീരസത്തിന് കാരണമിതായിരുന്നു, നിങ്ങൾ ഉത്തരവാദിത്വം ഏറ്റെടുക്കുകയാണെങ്കിൽ പരിശ്രമത്തോടും ഭംഗിയായും അത് പൂർത്തിയാക്കുക. അഥവാ നിങ്ങൾക്കത് നിറവേറ്റാൻ സാധിക്കില്ലെങ്കിൽ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത് തന്നെ വിഢിത്തമാകുന്നു. പക്ഷേ എന്റെ ദേഷ്യം കുട നഷ്ടപ്പെട്ടതിലായിരുന്നു എന്നാണ് അയാൾ മനസ്സിലാക്കിയത്. എന്നിട്ട് പറയുന്നു, നിങ്ങൾ എവിടെ നിന്നാണ് അത് വാങ്ങിയതെന്നറിഞ്ഞാൽ അത് പോലുള്ള മറ്റൊന്ന് ഞാൻ വാങ്ങി ഞാൻ നിങ്ങൾക്ക് നൽകാം. ഇത് എത്ര മാത്രം തരംതാണ ചിന്താഗതിയാണ്. അതിനെ കുറിച്ചോർക്കുമ്പോൾ തന്നെ ഞാൻ വിയർത്ത് പോകുന്നു. ഇത്രത്തോളം അധമരായ, മോശമായ ആളുകൾ ഉണ്ട് എന്നതിൽ എനിക്ക് ആശ്ചര്യം തോന്നുന്നു. അയാൾ അഹ്മദിയായിരുന്നു. പക്ഷെ പിന്നീട് ദുഷ്കർമഫലമായി ദുർവൃത്തനായി. എന്നാൽ തന്നെയും അയാൾ പറയപ്പെട്ടിരുന്നത് അഹ്മദി എന്നായിരുന്നു.


(മശ്അലെ രാഹ്: വാല്യം 1, പേജ് 147–149)

വിവ: ടി. അമീറുദ്ദീൻ സാജിദ്,മുവ്വാറ്റുപുഴ

**നമസ്കാര പാഠങ്ങൾ** **ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**




# غَيْرِ الْمَغْضُوبِ عَلَيْهِمْ



**മഗ്ളൂബ്** എന്നതിന്റെ അർത്ഥം എന്താണ്? ആരിലാണോ കോപം ഇറങ്ങിയത് അവരെ **മഗ്ളൂബ്** എന്ന് പറയുന്നു. എന്നാൽ ആരുടെ കോപം? അതിനെ കുറിച്ച് പരാമർശിക്കുന്നില്ല. **സിറാത്വല്ലദീന അൻഅംത അലൈഹിം** നീ അനുഗ്രഹിച്ചവരുടെ മാർഗം. എന്നാൽ **ഗൈരിൽ മഗ്ളൂബി** എന്നതിൽ ആരാണ് കോപിച്ചത് എന്നുള്ള പരാമർശമില്ല. അക്കാരണത്താൽ നിങ്ങളുടെ പരിഭാഷയിൽ എപ്പോഴും തെറ്റുണ്ടാകുന്നു. നമ്മുടെ പക്കലുള്ള വിശുദ്ധഖുർആന്റെ പരിഭാഷയിൽ പോലും ഈ തെറ്റ് സംഭവിച്ചിട്ടുണ്ട്. ആരുടെ കോപമാണ് ഇറങ്ങിയത് എന്നതിനെ സംബന്ധിച്ച് അല്ലാഹു പരാമർശിക്കുന്നതേയില്ല. മറിച്ച് പറയുന്നത്, കോപത്തിന് പാത്രമായ, കോപത്തിന് പാത്രമാക്കപ്പെട്ട സമുദായത്തിന്റെ മാർഗം കാണിച്ചു തരല്ലേ എന്നാണ്. എന്ത് കൊണ്ട് വിശുദ്ധ ഖുർആനിൽ **സിറാത്വല്ലദീന ഗളിബത് അലൈഹിം** നിന്റെ കോപത്തിന് പാത്രമായവരുടെ മാർഗം കാണിച്ചു തരല്ലേ എന്ന് പറഞ്ഞില്ല എന്നതാണ് ചോദ്യം? എന്നാൽ അതിനു മുമ്പ് **അൻഅംത** നീ അനുഗ്രഹിച്ചത് എന്ന പദം വന്നിട്ടുണ്ട്.

തുടർന്ന് വരുന്നു **അള്ളാല്ലീൻ**. അതായത് സ്വയം വഴിപിഴച്ചവർ. ഇതിൽ കർത്താവ് ഉണ്ട്. എന്നാൽ **മഗ്ളൂബി** എന്നതിൽ കർത്താവ് ഇല്ല.

**അൽ മഗ്ളൂബി അലൈഹിം** എന്നതിന്റെ അർത്ഥം കോപം ഇറക്കപ്പെട്ടവർ, കോപത്തിന് പാത്രമായവർ ശിക്ഷ ലഭിച്ചവർ എന്നാണ്. എന്നാണ് ആരാണ് ശിക്ഷിച്ചത്, ആരാണ് കോപം ഇറക്കിയത് എന്ന് പറയുന്നില്ല.

വിശുദ്ധഖുർആനിൽ നിന്ന് വ്യക്തമാകുന്നത്, ലോകം ആവർത്തിച്ചാവർത്തിച്ച് അവരിൽ തന്റെ കോപം ഇറക്കും എന്നാണ്. വീണ്ടും വീണ്ടും അവർ മനുഷ്യകരങ്ങളാൽ ശിക്ഷിക്കപ്പെടും. വിശുദ്ധഖുർആൻ ഇത് സ്പഷ്ടമായി വിവരിക്കുന്നുണ്ട്. അപ്പോൾ മനുഷ്യകരങ്ങളാൽ അവർ ശിക്ഷിക്കപ്പെടേണ്ടത് വിധിച്ചു കഴിഞ്ഞതിനാൽ അല്ലാഹുവിന് **ഗളിബ്ത** എന്ന് പറയാൻ കഴിയില്ല. കാരണം രണ്ടു ശിക്ഷകളെ സംബന്ധിച്ചും വിശുദ്ധഖുർആനിൽ പരാമർശമുണ്ട്.

1. അല്ലാഹുവിൽ നിന്ന് ശിക്ഷ ലഭിക്കുന്നതാണ്.
2. മനുഷ്യകരങ്ങളാലും ശിക്ഷ ലഭിക്കുന്നതാണ്.

ജർമനിയിൽ സംഭവിച്ചത് പോലെ. എന്താണ് സംഭവിച്ചത്? നാസി സമുദായം യഹൂദികൾക്കു മേൽ ശിക്ഷയായിക്കൊണ്ട് ഇറങ്ങി. ജർമൻ നാസ്തികർ യഹൂദികളെ കഠിനമായി പീഢിപ്പിച്ചിരുന്നു എന്ന് ഇന്നാളുകളിൽ ഇംഗ്ലണ്ടിലെ ടെലിവിഷനിൽ ധാരാളം ചർച്ച നടക്കുന്നുണ്ട്. എന്നാൽ ഇംഗ്ലണ്ടിലെ ടെലിവിഷൻ മറ്റൊരു വശം നിങ്ങൾക്ക് പറഞ്ഞു തരുന്നില്ല. ഈ ഇംഗ്ലണ്ടിൽ തന്നെയാണ് നാസ്തികരുടെ പീഢനങ്ങൾക്ക് മുമ്പ് ബ്രിട്ടീഷുകാർ അവരെ (യഹൂദികളെ) പീഢിപ്പിച്ചിരുന്നത്. യഹൂദികളെ അങ്ങേയറ്റം നിന്ദ്യരാക്കിയിരുന്നു. ഓരോ ഇടനാഴികളിലും അവർ ദ്രോഹിക്കപ്പെട്ടിരുന്നു. അവരെ മർദ്ദിക്കുമായിരുന്നു. അവരുടെ സമ്പത്തുകൾ കൊള്ളയടിക്കുമായിരുന്നു. അതിനെ നന്മയായി ധരിക്കുകയും ചെയ്തിരുന്നു. അതിനു മുൻപ് സ്പെയ്നിൽ വെച്ചും അവർ ദ്രോഹിക്കപ്പെട്ടു. സ്വയം ക്രിസ്തീയരും ലോകത്തിന്റെ കൈകളാൽ മർദ്ദിതരായിട്ടുണ്ട്. എന്നിട്ടിപ്പോൾ ജർമനിക്ക് ദുഷ്പേരുണ്ടാക്കുന്നതിനായി അവിടെ തമ്പടിച്ചിരിക്കുകയാണ്. എന്നാൽ യഹൂദികളുടെ വിധി തന്നെ ഇതാണ് എന്ന് പറയുന്നില്ല. അവർ ഹദ്റത് ഈസാ (അ) നെ എതിർത്തതു മുതൽ എന്നു വരെ അവരിൽ പല ഘട്ടങ്ങൾ വന്നുകടന്നു. എല്ലാ ഘട്ടങ്ങളിലും യഹൂദികൾ പീഢിപ്പിക്കപ്പെട്ടു. മനുഷ്യകരങ്ങളാൽ പീഢിപ്പിക്കപ്പെട്ടതിനെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ പരാമർശമുണ്ട്. വിശുദ്ധഖുർആൻ പറയുന്നു, മനുഷ്യ കരങ്ങളാൽ നിങ്ങൾ പിഢിപ്പിക്കപ്പെടുന്നതാണ്. അതായത് കോപം ഇറങ്ങുന്നതാണ്. വിശുദ്ധഖുർആന്റെ പ്രവചനം നൂറുശതമാനവും പ്രൗഢ ഗംഭീരതയോടു കൂടി സത്യമായി പുലർന്നു എന്നതിന് മുഴുവൻ ചരിത്രവും സാക്ഷിയാണ്. ഇത് മനുഷ്യകരങ്ങളാൽ എഴുതപ്പെട്ട ഗ്രന്ഥമായിരുന്നു എങ്കിൽ ഇതിൽ വൈരുദ്ധ്യം ഉണ്ടായേനെ. അല്ലാഹു സൂറാ ഫാത്തിഹായിൽ **അൻഅംത അലൈഹിം** എന്നതിന് ശേഷം **ഗൈരിൽ മഗ്ളൂബി** എന്ന് പറഞ്ഞു കൊണ്ട് വളരെ ഉത്തമമായ നിലയിൽ വിഷയം അവതരിപ്പിക്കുകയായിരുന്നു. എന്നാൽ പരിഭാഷകർ അതിനെ വികലമാക്കി.

ചുരുക്കത്തിൽ ഇവിടെ പറഞ്ഞിരിക്കുന്ന ദുആ കോപത്തിന് പാത്രമായവരുടെ മാർഗം കാണിച്ചു തരല്ലെ എന്നാണ്. ഇവിടെ അതിന്റെ ആവശ്യമെന്താണ്? **സിറാത്വല്ലദീന അൻഅംത അലൈഹിം** എന്ന് നാം പറഞ്ഞ് കഴിഞ്ഞു. **സിറാത്വല്ലദീന അൻഅംത അലൈഹിം** എന്നതിന്റെ അർത്ഥം നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ ഞങ്ങളെ വഴി നടത്തണെ എന്നാകുന്നു. അതിൽ ഒരു മാറ്റി നിർത്തൽ എന്തിനാണ്? ആരാണ് അനുഗ്രഹീതർ എന്ന് അല്ലാഹുവിന് അറിവുള്ളതല്ലേ! അപ്പോൾ കോപത്തിന് പാത്രമായവരുടെ മാർഗത്തിൽ നടത്തരുതെ എന്ന് പറഞ്ഞു കൊണ്ട് അല്ലാഹുവിനെ നിങ്ങൾ എന്താണ് പറഞ്ഞു മനസിലാക്കുന്നത്? കാരണം യഹൂദികൾ സ്വയവും **അൻഅംത**യിൽ ഉൾപ്പെടുന്നു. കാരണം ഇസ്ലാമിന് മുൻപ് യഹൂദികളിൽ അനുഗ്രഹം വർഷിച്ചിരുന്നു. അതിനെ കുറിച്ചുള്ള പരാമർശം വിശുദ്ധഖുർആനിൽ നിറഞ്ഞു കിടക്കുന്നുണ്ട്. അപ്പോൾ നാം അനുഗ്രഹീതരുടെ മാർഗം ആവശ്യപ്പെടുമ്പോൾ അതിൽ യഹൂദികളും ഉൾപ്പെടും എന്നതിനാൽ വസ്തുത അവ്യക്തമാകും. അവരിലെല്ലാവരിലും അനുഗ്രഹലബ്ധിക്കുള്ള മാർഗം സമാനമാണ്. അനുഗ്രഹീതരുടെ മാർഗമാണ് എല്ലാ പ്രവാചകരുടെയും സമുദായങ്ങളുടെ മാർഗം. അപ്പോൾ അനുഗ്രഹീത മാർഗത്തിൽ നയിക്കേണമെ എന്ന് പറയുന്നു. എന്നാൽ അനുഗ്രഹം ലഭിച്ച ശേഷം വഴികേടിലായവരുടെ മാർഗത്തിൽ നടത്തരുത്. *കുട്ടികൾക്ക് മനസ്സിലാകുന്നതിനായി ഹുസൂർ ഒരുദാഹരണം പറയുന്നു.*

നിങ്ങൾ ആർക്കെങ്കിലും അനുഗ്രഹം നൽകുക, നല്ല ഭക്ഷണം കഴിക്കാനായി നൽകുക അപ്പോൾ എന്താണ് ചെയ്തത്? അനുഗ്രഹം നൽകി. അവർ നല്ല ഭക്ഷണം നല്ല നിലയിൽ കഴിച്ചു കൊണ്ടിരുന്നു. ഭക്ഷണത്തിൽ മാലിന്യം ഇടുന്ന ചില കുട്ടികളുണ്ടാകും. ഭക്ഷണത്തിൽ മാലിന്യം ഇടുന്ന കുട്ടികളെ ചെവിക്കു പിടിച്ച് പുറത്താക്കുന്നു. അപ്പോൾ ആരംഭത്തിൽ രണ്ടു കൂട്ടർക്കും അനുഗ്രഹം ലഭിച്ചു.

ഇത് നമ്മുടെ ജലീസാണ്, *(ഹുസൂർ തിരുമനസിന്റെ മകളായ സാഹിബ് സാദി മോനാ (സല്ലമഹുല്ലാഹ്)യുടെയും ബഹുമാന്യ കരീം അഹ്മദ് ഖാൻ സാഹിബിന്റെയും മകനായ ജലീസാണ് ഉദ്ദേശ്യം. സമ്പാ.)* അവന് പാത്രത്തിൽ നല്ല ഭക്ഷണവും വെള്ളവും നൽകിയാൽ അല്പനേരത്തിനുള്ളിൽ വെള്ളത്തിൽ ഭക്ഷണം ഇട്ടിരിക്കുന്നതായി കാണാം. അപ്പോൾ ഞങ്ങൾ അവനെ ചെവിക്കു പിടിച്ച് പുറത്താക്കുന്നു. അതേ പോലെ അല്ലാഹു അനുഗ്രഹിച്ചവർ പിന്നീട് തങ്ങളുടെ അനുഗ്രഹത്തിൽ മാലിന്യം കലർത്തിയപ്പോൾ അവരെ വേർതിരിച്ചു. അവരുടെ മാർഗം തേടരുതെന്നാണ് അല്ലാഹു പറയുന്നത്. ആരംഭത്തിൽ സമാനമായ നിലയിൽ എല്ലാവർക്കും അനുഗ്രഹം നൽകി. എന്നാൽ അതിക്രമം കാണിക്കുകയും, അനുഗ്രഹത്തെ പ്രയോജനപ്പെടുത്താതിരിക്കുകയും തങ്ങൾക്ക് ലഭിച്ച അനുഗ്രഹത്തെ മലിനപ്പെടുത്തുകയും ചെയ്തപ്പോൾ അവരെ ചെവിക്ക് പിടിച്ച് ഒരു ഭാഗത്തേക്കാക്കി. ചുരുക്കത്തിൽ **മഗ്ളൂബി അലൈഹിം** എന്ന് പറയുന്നത് 'നാം അവർക്ക് മുഴുലോകത്തും ശ്രേഷ്ഠത നൽകി' എന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞ കൂട്ടരാണ്. അതായത് മുഴുലോകത്തിലും അവർക്ക് ശ്രേഷ്ഠത നൽകി. വിശുദ്ധ ഖുർആൻ പറഞ്ഞ ആ ശ്രേഷ്ഠത ഇപ്പോഴും അവരിലുണ്ട്. അവർക്ക് നല്ല ബുദ്ധിശക്തി നൽകി, ഉന്നതരായ ശാസ്ത്രജ്ഞർ, ഉന്നതരായ ചിന്തകർ. മഹത്തായ ഭൗതീക ജ്ഞാനവും സമ്പത്തും കരസ്ഥമാക്കുന്നതിനായുള്ള ബുദ്ധി അവർക്കുണ്ട്. അമേരിക്ക എത്ര വലിയ രാഷ്ട്രമാണ്. അവിടെ ചെന്ന് അതിനെ കയ്യടക്കി. പറയുമ്പോൾ അമേരിക്കയാണ് ഭരണം നടത്തുന്നത് എന്ന് പറയുമെങ്കിലും യഥാർത്ഥത്തിൽ ഇസ്റായീലാണ് അമേരിക്കയിൽ ഭരണം നടത്തുന്നത്. അവിടെയുള്ള ശാസ്ത്രജ്ഞർക്ക് ഇസ്റായീൽ ഇഷ്ടപ്പെടാത്ത തീരുമാനം എടുക്കാനുള്ള ധൈര്യമില്ല. അപ്പോൾ നാം നിങ്ങൾക്ക് മുഴുലോകത്തും ശ്രേഷ്ഠത നൽകി എന്ന് വിശുദ്ധഖുർആൻ വിശേഷിപ്പിച്ചവരുടെ അവസ്ഥയാണിത്. ഭൗതീകമായ നിലയിൽ ആ ബഹുമതി ഇന്നുവരെ മുഴുലോകത്തിനു മേലും അവർക്കുണ്ട്. എന്നാൽ അതേ ബഹുമതിയാണ് പിന്നീട് **മഗ്ളൂബ്** ആകുന്നതിനുള്ള ഹേതുവായിത്തീരുന്നത്. എത്രത്തോളം അവർക്ക് പുരോഗതിയുണ്ടാകുന്നുവോ അത്രത്തോളം അവരുടെ അത്യാഗ്രഹവും വർദ്ധിക്കുന്നു. അത്രത്തോളം അധി കമായി ലോകരുടെ മേൽ അധികാരം ഉറപ്പിക്കുന്നു. എണ്ണത്തിൽ കുറവാണ്. ശക്തി എണ്ണത്തേ ക്കാൾ എത്രയോ അധികമാണ്. അമേരിക്കയുടെ ജനസംഖ്യയ്ക്ക് മുന്നിൽ അവർ അല്പം മാത്രമെ ഉള്ളു, നിസാരരാണ്. എന്നാൽ അവർ ശക്തമായി അധികാരം ഉറപ്പിക്കുമ്പോൾ പതുക്കെ പതുക്കെ ഹൃദയങ്ങളിൽ വെറുപ്പ് ഉടലെടുക്കാൻ തുടങ്ങുന്നു. ഒരു പ്രതിപ്രവർത്തനം ഉണ്ടാകാൻ തുടങ്ങുന്നു. (ഉർദു ക്ലാസ്സ് നം.312) **(സമ്പാ: അബൂ അബ്ദുൽ ബാരി)**

# "സമാധാനസമ്മേളനം"

## ഒഡിഷ, ഇൻഡ്യ

NEWS TIME

ഒഡിഷ അഹ്മദിയ്യാ മുസ്‌ലിം യുവജന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സമാധാന സമ്മേളനം സംഘടിപ്പിക്കപ്പെട്ടു.

ഭുവനേശ്യരിലെ സ്വസ്തി പ്രീമിയം ഹോട്ടലിൽ വെച്ചായിരുന്നു സമ്മേളനം. ബഹുമാനപ്പെട്ട ഒഡീഷ മുഖ്യമന്ത്രി ശ്രീ നവീൻ കുമാർ പട്നായിക്ക്, ബഹുമാന്യനായ ഗവർണ്ണർ എസ്.സി. ജാമിർ, പ്രസന്നകുമാർ പട്സാനി(എം.പി), ദേവിമിശ്ര (മിനിസ്റ്റർ, സംസ്ഥാന സർക്കാർ), എക്സ്.വൈസ് ചാൻസലർ ഉത്കൽ സർവ്വകലാശാല, സ്വാമി ചിതാനന്ദ സരസ്വതി (ചീഫ്, ഡിവൈൻ ലൈഫ് സൊസൈറ്റി ഇൻഡ്യ) തുടങ്ങിയവരും മറ്റു ബഹുമാന്യവ്യക്തിത്വങ്ങളും ചടങ്ങിൽ സംബന്ധിച്ചു. മുഖ്യമന്ത്രിയും ഗവർണറും ലോകസമാധാനത്തിനായുള്ള അഹ്മദി യുവാക്കളുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചു. ലോകപ്രതിസന്ധിയും സമാധാനത്തിലേക്കുള്ള വഴിയും (ലോകസമാധാനത്തിനായി പ്രയത്നിക്കാനുള്ള നിർദ്ദേശങ്ങളടങ്ങിയ ഹുസൂറിന്റെ ലോകനേതാക്കൾക്കുള്ള കത്തുകൾ) എന്ന പുസ്തകം ചടങ്ങിൽ മുഖ്യമന്ത്രി പ്രകാശനം ചെയ്തു. ജമാഅത്തിനെ പ്രതിനിധീകരിച്ചു കൊണ്ട് ജനാബ് ശിറാസ് അഹ്മദ് സാഹിബ്, അഡ്വക്കറ്റ് തൻവീർ അഹ്മദ് സാഹിബ്, ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ് എന്നിവർ പങ്കെടുത്തു.
















## വിശുദ്ധഖുർആൻ ഖത്തം പൂർത്തിയാക്കി

**കാക്കനാട്:** കാക്കനാട് നാസിറാത്തുൽ അഹ്മദിയ്യ അംഗമായ അമത്തുസ്സലാം വിശുദ്ധ ഖുർആൻ മുഴുവൻ ഓതിത്തീർത്തു. 7-ാം വയസ്സിലാണ് ഓതി ത്തീർത്തത്. അനുഗ്രഹീത വഖ്ഫെ നൗ പദ്ധതിയിൽ അംഗമാണ് അമത്തുസ്സലാം.



## അത്ഫാലുൽ അഹ്മദിയ്യ സൗത്ത് സോൺ തർബിയ്യത്ത് ക്യാമ്പ്

**കരുനാഗപ്പള്ളി:** മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യ സൗത്ത് സോണിന്റെ തർബിയ്യത്ത് ക്യാമ്പ് കരനാഗപ്പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. സോണിലുള്ള വിവിധ മജ്‌ലിസുകളിൽ നിന്ന് 63 കുട്ടികൾ ഇതിൽ പങ്കെടുത്തു. വ്യത്യസ്ഥ ആത്മീയ ഭൗതീക വിഷയങ്ങളെ അടിസ്ഥാനമാക്കി പ്രഗൽഭരുടെ ക്ലാസ്സുകളും ഉണ്ടായിരുന്നു. നിത്യവും രാവിലെ ഖുർആൻ പഠന ക്ലാസ്സും ഉണ്ടായിരുന്നു. മൗലവിമാരായ അമീറുദ്ദീൻ സാഹിബ്, ജംശാദ് അഹ്മദ് സാഹിബ്, മുഹ്‌യുദ്ദീൻ സാഹിബ്, സുൽതാൻ നസീർ സാഹിബ്, ഹാശിം സാഹി



ബ്, പി.നാസർ അഹ്മദ് സാഹിബ്, നജീബ് ഖാൻ സാഹിബ്, ഹംസ സാഹിബ്, ഹനീഫ് സാഹിബ്, മുനവ്വർ അഹ്മദ് സാഹിബ്, അബ്ദുൽ മുജീബ് സാഹിബ്, നൗശാദ് സാഹിബ് എന്നിവരെ കൂടാതെ ഡോക്ടർ ശരീഫ് സാഹിബ്, ഡോക്ടർ സലാഹുദ്ദീൻ സാഹിബ്, നൗശാദ് സാഹിബ് ആർട്ടിസ്റ്റ് പള്ളുരുത്തി, കലീം സാഹിബ് കരുനാഗപ്പള്ളി എന്നിവരും കുട്ടികൾ



ക്കായി ക്ലാസ്സ് എടുത്തു. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും കളിക്കുന്നതിനുള്ള സൗകര്യവും ഉണ്ടായിരുന്നു. ഈ ദിനങ്ങളിൽ വിവിധ വൈജ്ഞാനിക കായിക മൽസരങ്ങളും നടത്തി. ഒരു ദിവസം തിരുനന്തപുരത്തുള്ള നെയ്യാർ ഡാമിലേക്ക് വിനോദയാത്രയും സംഘടിപ്പിച്ചു. കൂടാതെ ലയൺ സഫാരി പാർക്ക്, ചീങ്കണ്ണി വളർത്തു കേന്ദ്രം, അക്വേറിയം, മാൻ പാർക്ക് എന്നിവ സന്ദർശിച്ചു. അവസാന ദിവസം കുട്ടികൾക്ക് നാഇബ് സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത് സി. ശമീം സാഹിബുമായി സംവദിക്കുന്നതിനുള്ള അവസരവും ലഭിച്ചു. ക്യാമ്പിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും പ്ലാറ്റിനം ജൂബിലിയുടെ സ്റ്റിക്കർ പതിച്ച് നോട്ട് ബുക്കും ക്ലോക്കും പാരിതോഷികമായി നൽകുകയുണ്ടായി.

## മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് സോൺ സ്പോർട്ട്സ് മീറ്റ്



**കരുനാഗപ്പള്ളി:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് സോണിന്റെ സ്പോർട്ട്സ് മീറ്റ് ഏപ്രിൽ 21 ന് നടത്തപ്പെട്ടു. രാവിലെ 7 മണിക്ക് ആരംഭിച്ച് മൽസരങ്ങൾ 1 മണിയോടു കൂടി അവസാനിച്ചു. ബാഡ്മിന്റൻ, പഞ്ചഗുസ്തി, വോളിബോൾ, ഫുട്ബോൾ, വടംവലി ഓട്ടം, ലോംഗ് ജംപ് തുടങ്ങിയ ഇനങ്ങളിലായിരുന്നു മൽസരം. തിരുവനന്തപുരം ജില്ലയ്ക്കാണ് ഓവറോൾ ചാമ്പ്യൻസ് ട്രോഫി ലഭിച്ചത്.

## തബ്‌ലീഗ്

**കോഴിക്കോട് :** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് മേഖലാ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി മാത്തോട്ടം മജ്‌ലിസിന്റെ മേഖലയിൽ തബ്‌ലീഗ് പരിപാടി നടത്തി. ലീഫ്‌ലെറ്റ്സ്, നോട്ടീസ്, പുസ്തകം, എന്നിവ വിതരണം ചെയ്യുകയും രണ്ടിടങ്ങളിൽ കിയോസ്ക് വെക്കുകയും ചെയ്തു. പരിപാടിയിൽ 25 ഓളം ഖാദിം സഹോദരങ്ങൾ പങ്കെടുത്തു.




തബ്‌ലീഗ് ബുക്ക്സ്റ്റാൾ, മഞ്ചേശ്വരം

## ശ്രമദാനവും സൃഷ്ടിസേവനവും

**കോഴിക്കോട്:** പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് മേഖലാ, വെള്ളിമാട് കുന്നിലെ വൃദ്ധസദനത്തിൽ വക്കാറെ അമലും, ഖിദ്മത്തെ ഖൽഖും നടത്തി. വൃദ്ധസദനത്തിലെ 70 ഓളം അന്തേവാസികൾക്ക് ഭക്ഷണം കൊടുക്കുകയും പരിസരം വൃത്തിയാക്കുകയും ചെയ്തു. പരിപാടിയിൽ പങ്കെടുത്ത എല്ലാ ഖാദിം, അത്ഫാൽ, അൻസാർ സഹോദരങ്ങൾക്കും ഭക്ഷണം നൽകി. ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് നാഇബ് സദർ സി. ശമീം സാഹിബ് പരിപാടി ഉദ്ഘാടനം ചെയ്തു. കോഴിക്കോട് മേഖലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബ് മുഖ്യാതിഥിയും ഇലാഖാ നാഇബ് ഖാഇദ് എം. സിറാജുദ്ദീൻ സാഹി ബ് അധ്യക്ഷനുമായിരുന്ന ഈ പരിപാടിയിൽ 70ഓളം ഖാദിം, അത്ഫാൽ, അൻസാർ സഹോദ രങ്ങൾ പങ്കെടുത്തു.





തബ്‌ലീഗ് ബുക്ക്സ്റ്റാൾ, എറണാകുളം

ആരോഗ്യം

Donate Blood
**SAVE a LIFE**



# BLOOD DONATION



## രക്തം ദാനം ചെയ്യുന്നതിന് മുമ്പ് ഒന്ന് ശ്രദ്ധിക്കുക

- സാധാരണ ആരോഗ്യമുള്ള 18 നും 60 നും ഇടയ്ക്ക് പ്രായമുള്ള ഒരു വ്യക്തിക്ക് രക്തദാനം ചെയ്യാവുന്നതാണ്. രക്തദാനം ശീലമാക്കിയ വ്യക്തിക്ക് 65 വയസ്സു വരെയും നൽകാവുന്നതാണ്.
- രക്തദാനം നടത്തുന്ന വ്യക്തിയുടെ തൂക്കം കുറഞ്ഞത് 50 കിലോയെങ്കിലും ഉണ്ടായിരിക്കണം. കൂടുതൽ എത്രയും ആകാം.
- ഒരിക്കൽ രക്തം ദാനം ചെയ്ത ശേഷം അടുത്ത രക്തദാനത്തിനിടയിൽ 16 ആഴ്ച സമയം ഉണ്ടായിരിക്കേണ്ടതാണ്.
- ചൊറി, ചിക്കൻ പോക്സ് തുടങ്ങിയ സാംക്രമിക രോഗങ്ങൾ പിടിപെട്ടവർ രോഗം പൂർണമായും ഭേദപ്പെട്ട ശേഷം ഒരു മാസം കഴിഞ്ഞേ രക്തം ദാനം ചെയ്യാവൂ. അതും ഡോക്ടറുടെ അഭിപ്രായം ചോദിച്ചതിനു ശേഷം.
- രക്തദാനം ചെയ്യുന്നതിനു മുമ്പ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഉണ്ടായിട്ടുള്ള വലിയ രോഗങ്ങൾ, ഓപ്പറേഷനുകൾ എന്നിവ സംബന്ധിച്ച് ഡോക്ടറോട് പറയേണ്ടതാണ്.
- പല്ലിന് ചികിൽസ ചെയ്യുന്നവരും മോണ ഓപ്പറേഷൻ ചെയ്തവരും വിവരം ഡോക്ടറെ ധരിപ്പിക്കാൻ മറക്കരുത്.
- പ്രതിരോധ കുത്തിവെപ്പുകൾ നടത്തിയിട്ടുണ്ടെങ്കിലും വിവരം ഡോക്ടറെ ധരിപ്പിക്കേണ്ടതാണ്.
- താഴെ പറയുന്നവ നടത്തിയിട്ടുണ്ടെങ്കിൽ ഒരു വർഷത്തിന് ശേഷമെ രക്തം ദാനം ചെയ്യാൻ പാടുള്ളൂ;
  1.Accupuncture 2. Electrolysis
  3. Body Piercing 4. Tattooing 5. Blood Transfusion
- മരുന്ന് കഴിക്കുന്നവരാണെങ്കിലും വിവരം ധരിപ്പിച്ച് അഭിപ്രായം അറിഞ്ഞ ശേഷമെ രക്തം ദാനം ചെയ്യാവൂ.



## രക്തം ദാനം ചെയ്യാൻ പാടില്ലാത്തവർ

- എയിഡ്സ് അല്ലെങ്കിൽ HIV രോഗികൾ.
- നിത്യരോഗി.
- ഗർഭിണി.



പൊതുവിജ്ഞാനം



# ഹദ്റത് ലൂത്ത് (അ) ന്റെ പട്ടണം

പൊതുവായ ധാരണ ഹദ്റത് ലൂത്ത് (അ) ന്റെ പട്ടണമായ സുദൂം ചാവു കടലിന്റെ ദക്ഷിണ പശ്ചിമ തീരത്താണെന്നാണ്. അവിടെ ഉപ്പിന്റെ വലിയ വലിയ സ്തംഭങ്ങൾ കാണപ്പെടുന്നു. അതിലൊരു സ്തംഭം ലൂത്ത് (അ) ന്റെ ഭാര്യയുടെ പേരിലാണ് അറിയപ്പെടുന്നത്. ഭർത്താവിനോടൊപ്പം പട്ടണം വിട്ട് പോകുന്ന സമയത്ത് തിരിഞ്ഞു നോക്കിയ ആ സ്ത്രീ ഉപ്പിന്റെ സ്തംഭമായി മാറി എന്നാണ് പറയപ്പെടുന്നത്. അതിനടുത്ത് കാണുന്ന പർവതം സുദൂം പർവതം എന്നാണ് അറിയപ്പെടുന്നത്.



Prophet lut wife statue



Dead Sea



Sadoom Mountain



Lisen Peninsula

ബ്രിട്ടനിലെ രണ്ട് ഭൂമിശാസ്ത്രജ്ഞരായ ഗ്രഹാം ഹാരിസും ആന്റണി ബേർഡോയും തൽസംബന്ധമായി അന്വേഷണം നടത്തുകയും ഒരു ലേഖനം പ്രസിദ്ധീകരിക്കുകയും ചെയ്തു. അവരുടെ അഭിപ്രായത്തിൽ പ്രസ്തുത സ്ഥലത്ത് ഉപ്പിന്റെ ആധിക്യത്താൽ മനുഷ്യ വാസം അസാധ്യമായിരുന്നു എന്നാണ്. കുടിവെള്ളം പോലും കിട്ടില്ല. അവരുടെ അന്വേഷണം തെളിയിക്കുന്നത്, സുദൂം പട്ടണം ചാവുകടലിന്റെ വടക്ക് ഭാഗത്തായിരുന്നു എന്നാണ്. അതായത് ചാവുകടലിന്റെ പൂർവ കരയിലുള്ള Lisen Peninsula എന്ന ദ്വീപിന്റെ വടക്ക് ഭാഗത്തായിരുന്നു സുദൂം പട്ടണം സ്ഥിതി ചെയ്തിരുന്നത്. അത് ധാരളമായി ടാർ ലഭിക്കുന്ന പ്രദേശവുമാണ്. ചാവു കടൽ സ്ഥിതിചെയ്യുന്ന ഭാഗത്ത് എപ്പോഴും ഭൂചലനം ഉണ്ടായിക്കൊണ്ടിരിക്കും. അത്തരത്തിലുള്ള ഒരു ഭൂചലനം സുദൂം പട്ടണത്തെ നശിപ്പിക്കാൻ മതിയായതാണ്. കൂടാതെ ടാർ പോട്ടിയൊലിച്ച് അഗ്നി ആളിക്കത്തുന്നതിന് കാരണമായിട്ടുണ്ടാകും.

**വിശുദ്ധ ഖുർആനിലെ സൂറ ഹിജ്റിലെ 72 മുതൽ 78 വരെയുള്ള വചനങ്ങൾ അവരുടെ ഈ നിഗമനം കൂടുതൽ യഥാർത്ഥമാണെന്നതിലേക്കാണ് വിരൽ ചൂണ്ടുന്നത്.**

Chairman Management & Editorial Board : C. Zameem

Printer & Publisher : T.K.Mushtaq Ahmad

Manager : B.M.Shoukath Ali

Layout : Quraish

Chief Editor : H.Shamsuddin

Editor : T.K.Mubashir Ahmad

Members : T.M.Abdul Mujeeb, K.Najmuddin

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut